# അനുവർത്തന ഓഡിറ്റ്

# അദ്ധ്യായം VI
# അനുവർത്തന ഓഡിറ്റ്

## *തെരഞ്ഞെടുത്ത വിഷയങ്ങളുടെ ഓഡിറ്റ്*

## തൊഴിലും നൈപുണ്യവും വകുപ്പ്

### 6.1 ഫാക്ടറി തൊഴിലാളികളുടെ സുരക്ഷയിൽ ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പിന്റെ പങ്ക്

#### 6.1.1 അവതാരിക

വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും സംസ്ഥാനത്തെ ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവയ്ക്ക് കൂടുതൽ ശ്രദ്ധ നൽകുന്നതിനുമായി തൊഴിൽ വകുപ്പിനെ രണ്ടായി വിഭജിച്ച് 1961-ൽ ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പ് രൂപീകരിച്ചു. വകുപ്പിന്റെ മേലുള്ള ഭരണപരമായ നിയന്ത്രണം തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയ്ക്കും വകുപ്പ് തലവൻ ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് ഡയറക്ടറുമാണ്. ഫാക്ടറി തൊഴിലാളികളുടെ സുരക്ഷയും, ആരോഗ്യവും, ക്ഷേമവും, സമീപവാസികളുടെ സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനായി 1948-ലെ ഫാക്ടറി നിയമം, 1923-ലെ ഇന്ത്യൻ ബോയ്‌ലർ നിയമം, മറ്റു നിയമനിർമ്മാണങ്ങൾ എന്നിവയിലെ വിവിധ വകുപ്പുകൾ നടപ്പാക്കുക എന്നതാണ് വകുപ്പിന്റെ പ്രധാന ചുമതല. വകുപ്പുതല പ്രവർത്തനങ്ങൾ നിയന്ത്രണ സ്വഭാവമുള്ളതും സേവനോന്മുഖവുമാണ്. ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് ജോയിന്റ് ഡയറക്ടർ (ഹെഡ്ക്വാർട്ടേഴ്സ്) ഉൾപ്പെടുന്ന ഒരു എൻഫോഴ്സ്മെന്റ് വിഭാഗവും, മൂന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർമാരും ഡയറക്ടറെ സഹായിക്കുന്നു. ഫാക്ടറികളുടെയും ബോയ്‌ലറുകളുടെയും ഇൻസ്പെക്ടർമാർ തലവനായി അപകടസാദ്ധ്യതയുള്ള ഫാക്ടറികൾക്കായുള്ള 22 ഫാക്ടറി ഡിവിഷനുകളും അപകടസാദ്ധ്യത ഇല്ലാത്ത ഫാക്ടറികളുടെ ചുമതലയുള്ള 25 അഡിഷണൽ ഇൻസ്പെക്ടർമാരുമുണ്ട്.

#### 6.1.2 ഓഡിറ്റിന്റെ ലക്ഷ്യം, വ്യാപ്തി, രീതി

ഫാക്ടറി തൊഴിലാളികളുടെ സുരക്ഷയെ സംബന്ധിച്ച്, 1948 ലെ ഫാക്ടറി നിയമത്തിലും ബന്ധപ്പെട്ട മറ്റു നിയമനിർമ്മാണങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾ വകുപ്പ് നടപ്പാക്കുന്നത് വിലയിരുത്തുന്നതിനായി 2012-13 മുതൽ 2016-17 വരെയുള്ള കാലയളവ് ഉൾപ്പെടുത്തി 2017 ഏപ്രിൽ മുതൽ 2017 ആഗസ്റ്റ് വരെ ഓഡിറ്റ് നടത്തുകയുണ്ടായി.

ഓഡിറ്റ് ആരംഭിക്കുന്നതിനു മുമ്പായി തൊഴിൽ നൈപുണ്യവകുപ്പ് ജോയിന്റ് സെക്രട്ടറി, അഡീഷണൽ ലേബർ കമ്മീഷണർ, ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് ഡയറക്ടർ എന്നിവരുമായി ഓഡിറ്റിന്റെ വ്യാപ്തിയും, രീതിയും ചർച്ചചെയ്യുന്നതിനായി 2017 ഏപ്രിൽ 20-ന് ഒരു പ്രാരംഭ കൂടിക്കാഴ്ച നടത്തി. വകുപ്പ്, ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് ഡയറക്ടർ/ജോയിന്റ് ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് ഇൻസ്പെക്ടർമാർ (ഫാക്ടറി ഡിവിഷനുകൾ)[130], എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസിന്റെ (ഇഎസ്ഐ) മേഖലാ ഓഫീസുകൾ, കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് എന്നീ

[130] തിരുവനന്തപുരം, കുണ്ടറ, കോഴിക്കോട് (നോർത്ത്) ഒറ്റപ്പാലം, കൊച്ചി, പാലക്കാട്.

ഓഫീസുകളിലെ രേഖകൾ ഓഡിറ്റ് പരിശോധിച്ചു. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ എല്ലാ മൂന്നു മേഖലാ ഓഫീസുകളും, ഓരോ മേഖലാ ഓഫീസുകളുടെയും കീഴിലുള്ള രണ്ടു ഡിവിഷനുകളും ഓഡിറ്റിന്റെ വ്യാപ്തിയിൽ ഉൾപ്പെട്ടിരുന്നു. മേഖലാ ഓഫീസുകളുടെ കീഴിലുള്ള ഡിവിഷനുകളെ തെരഞ്ഞെടുത്തത് ഐഡിയാ[131] സോഫ്റ്റ്‌വെയർ മുഖാന്തിരം സ്ട്രാറ്റിഫൈഡ് റാൻഡം സാംപ്ലിങ് രീതിയിലൂടെയായിരുന്നു. ഓരോ ഡിവിഷന്റെയും കീഴിലുള്ള പതിനഞ്ച് ഫാക്ടറികളെയും റാൻഡം സാംപ്ളിങ് രീതിയിലൂടെ ലാക്ഷണിക പരിശോധനയ്ക്ക് തെരഞ്ഞെടുത്തിരുന്നു. തൊഴിൽ നൈപുണ്യവകുപ്പ് ജോയിന്റ് സെക്രട്ടറി, ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പ് ഡയറക്ടർ എന്നിവരുമായി 2017 ഒക്ടോബർ 26-ന് ഒരു അന്തിമ കൂടിക്കാഴ്ച നടത്തുകയും ഓഡിറ്റിന്റെ മുഖ്യകണ്ടെത്തലുകൾ ചർച്ച ചെയ്യുകയും ഉണ്ടായി. റിപ്പോർട്ടിന് അന്തിമ രൂപം നൽകുന്നതിന് മുമ്പ് സർക്കാരിന്റെ മറുപടി പരിഗണിച്ചിരുന്നു.

## *ഓഡിറ്റ് കണ്ടെത്തലുകൾ*

### 6.1.3 രജിസ്ട്രേഷനും പുതുക്കലും

#### *6.1.3.1 നിയമപ്രകാരം രജിസ്ട്രേഷൻ ലഭിക്കാതെ പ്രവർത്തിക്കുന്ന ഫാക്ടറികൾ*

കഴിഞ്ഞ പന്ത്രണ്ട് മാസത്തിൽ ഏതെങ്കിലും ഒരു ദിവസമെങ്കിലും പത്തോ അതിൽ അധികമോ തൊഴിലാളികൾ പണിയെടുക്കുകയോ പണിയെടുത്തിരുന്നതോ ആയതും വൈദ്യുതിയുടെ സഹായത്തോടെ നിർമ്മാണ പ്രക്രിയ നടത്തിയിരുന്നതുമായ ഏതെങ്കിലും കെട്ടിടത്തെയും പരിസരത്തെയും അതിന്റെ പാർശ്വഭാഗങ്ങൾ ഉൾപ്പെടെ, ആണ് 1948-ലെ ഫാക്ടറി നിയമത്തിന്റെ 2 (എം) വകുപ്പ് അനുസരിച്ച് ഫാക്ടറിയായി നിർവചിച്ചിരിക്കുന്നത്. വൈദ്യുതിയുടെ സഹായത്തോടെ അല്ല നിർമ്മാണ പ്രവർത്തനം നടത്തുന്നതെങ്കിൽ ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികൾ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആ പരിസരത്തെയും ഫാക്ടറിയായി കണക്കാക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നു. മൂന്നോ അതിലധികമോ വ്യക്തികൾ[132] പണിയെടുക്കുന്ന അപകടകരമായ നിർമ്മാണ പ്രക്രിയയിൽ ഏർപ്പെട്ടിട്ടുള്ള ഫാക്ടറികളെയും, വൈദ്യുതി ഉപയോഗിച്ചാലും ഇല്ലെങ്കിലും ഉൾപ്പെടുത്തുന്നതിനായി ഫാക്ടറിയുടെ നിർവ്വചനം, നിയമത്തിലെ 85(1) വകുപ്പ് നൽകുന്ന അധികാരം ഉപയോഗിച്ച്, കേരളസർക്കാർ വിപുലീകരിച്ചു (ആഗസ്റ്റ് 2008). കൂടാതെ, അപകടകരമല്ലാത്ത നിർമ്മാണ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന മൂന്നോ അതിലധികമോ[133] പക്ഷെ പത്തിനു താഴെ ആളുകൾ പണിയെടുക്കുന്ന വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നവയും, ഇരുപതിനു താഴെ ആളുകൾ പണിയെടുക്കുന്ന വൈദ്യുതി ഉപയോഗിക്കാത്ത സ്ഥാപനങ്ങളെയും നിയമത്തിനു കീഴിൽ ഫാക്ടറിയായി കണക്കാക്കുന്നതാണ്. അപ്രകാരം നിയമം നടപ്പാക്കുന്നതിനായി അപകടകരവും അപകടകരമല്ലാത്തതുമായ 96 നിർമ്മാണ പ്രക്രിയകളെ ഫാക്ടറികളുടെ നിർവ്വചനത്തിനു കീഴിൽ കൊണ്ടുവന്നു.

---

131 ഇന്ററാക്റ്റീവ് ഡേറ്റ എക്സ്ട്രാക്ഷൻ ആന്റ് അനാലിസിസ്

132 ആസ്ബെസ്റ്റോസും അതിന്റെ അനുബന്ധ സാമഗ്രികളും നിർമ്മിക്കുന്ന, ഒൻപതിൽ കൂടാത്ത വ്യക്തികൾ പണിയെടുക്കുന്ന വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നവയും, പത്തൊമ്പതിൽ കൂടാത്ത വ്യക്തികൾ പണിയെടുക്കുന്ന വൈദ്യുതി ഉപയോഗിക്കാതെ പ്രവർത്തിക്കുന്നവയെയും ഫാക്ടറിയായി കണക്കാക്കും.

133 വാച്ചുകൾ, ആഭരണങ്ങൾ, കുടകൾ, പാക്ക് ചെയ്ത കുടിവെള്ളം മുതലായവയുടെ നിർമ്മാണം പോലുള്ള ചില അപകടകരമല്ലാത്ത നിർമ്മാണപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നവയെ സംബന്ധിച്ച് ഫാക്ടറിയായി കണക്കാക്കുന്നതിന് പണിയെടുക്കുന്നവരുടെ എണ്ണം മറ്റുള്ള യൂണിറ്റുകളെ അപേക്ഷിച്ച് മൂന്ന് എന്നുള്ളത് അഞ്ചോ അതിലധികോ എന്നായി വർദ്ധിപ്പിച്ചു.

കേരള ഫാക്ടറി ചട്ടങ്ങൾ 1957-ലെ ചട്ടം 5(3) നിഷ്കർഷിക്കുന്ന പ്രകാരം മേഖലാ ഓഫീസിലെ മുഖ്യഇൻസ്പെക്ടറോ ഉപമുഖ്യഇൻസ്പെക്ടറോ അനുവദിച്ചിട്ടുള്ള ലൈസൻസ് ഇല്ലാതെ ഏതെങ്കിലും ഫാക്ടറി ഒരു നിർമ്മാണപ്രക്രിയയും നടത്തുവാൻ പാടില്ല. കേരള ഫാക്ടറി ചട്ടം 1957 ലെ ചട്ടം 4 പ്രകാരം ഓരോ ഫാക്ടറി ഉടമയും രജിസ്ട്രേഷനും ലൈസൻസ് ലഭിക്കുന്നതിനുമായി മുഖ്യ ഇൻസ്പെക്ടർക്കോ ഉപമുഖ്യ ഇൻസ്പെക്ടർക്കോ അപേക്ഷ നൽകേണ്ടതാണ്.

ലാക്ഷണിക പരിശോധന നടത്തിയ ഡിവിഷനുകളിൽ, 185 ഫാക്ടറികൾ 2012-17 ൽ വകുപ്പ് കണ്ടെത്തിയിരുന്നെങ്കിലും ഇവ രജിസ്റ്റർ ചെയ്തിട്ടില്ലായിരുന്നു[134] (2017 മാർച്ച്) എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ലാക്ഷണിക പരിശോധന നടത്തിയ ആറു ഫാക്ടറി ഡിവിഷനുകളിലെയും ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ഇൻസ്പെക്ടർമാരോടൊപ്പം ഓഡിറ്റ് കൂട്ടായ പരിശോധന നടത്തുകയും നാലു ഡിവിഷനുകളിൽ രജിസ്ട്രേഷൻ ഇല്ലാത്ത വെറെ ആറു ഫാക്ടറികൾ കൂടി കണ്ടെത്തുകയും ചെയ്തു (കോഴിക്കോട് രണ്ട്, കുണ്ടറയിൽ രണ്ട്, ഒറ്റപ്പാലത്ത് ഒന്ന്, തിരുവനന്തപുരത്ത് ഒന്ന്) രജിസ്റ്റർ ചെയ്യാത്ത ഇത്തരം കൂടുതൽ ഫാക്ടറികൾ നിലവിലുണ്ടോ എന്നുള്ളത് തള്ളിക്കളയാനാവില്ല.

തൊഴിൽവകുപ്പിൽ ലഭ്യമായ രേഖകൾ വെളിവാക്കുന്നത് 22,545 ഫാക്ടറികൾ മാത്രമേ ഫാക്ടറിനിയമത്തിന്റെ വകുപ്പുകൾ പ്രകാരം തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളു (2017 ഫെബ്രുവരിയോടെ) എന്നാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 1,19,924 മൈക്രോ, ചെറുകിട, ഇടത്തരം സ്ഥാപനങ്ങളിൽ (എംഎസ്എംഇ) മൂന്നോ അതിലധികമോ ജീവനക്കാരുള്ള 79,010 നിർമ്മാണ സ്ഥാപനങ്ങൾ 2015 സെപ്റ്റംബർ 18-ഓടെ ഉണ്ടായിരുന്നു എന്ന് വ്യവസായവാണിജ്യ ഡയറക്ടറിൽ നിന്നും ഓഡിറ്റ് ശേഖരിച്ച വിവരങ്ങൾ സ്ഥിരീകരിക്കുന്നു (2017 ആഗസ്റ്റ്). ഫാക്ടറി നിയമത്തിന്റെ വകുപ്പ് 2(എം) പ്രകാരമോ കേരള സർക്കാർ ഉത്തരവായ ഫാക്ടറികളുടെ വിപുലീകരിച്ച നിർവചന പ്രകാരമോ ഈ എംഎസ്എംഇകൾ ഫാക്ടറികളായി പരിഗണിക്കാമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുള്ള തൊഴിലാളികളുടെ സുരക്ഷയെ സംബന്ധിച്ച വകുപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കാൻ രജിസ്റ്റർ ചെയ്ത ഫാക്ടറികൾ ബാദ്ധ്യസ്ഥരാണ്. രജിസ്ട്രേഷൻ നടത്താതിരിക്കുന്നത് ഉടമകൾ ഇവ പാലിക്കാതിരിക്കുന്നതിലേയ്ക്കും വകുപ്പ് മേൽനിരീക്ഷണം നടത്താതിരിക്കുന്നതി ലേയ്ക്കും നയിക്കും.

വ്യവസായ വാണിജ്യ ഡയറക്ടർ ഓഡിറ്റിന് നൽകിയ കണക്കുകൾ ശരിയല്ലെന്നും ഫാക്ടറി നിയമത്തിന്റെ 85-ാം വകുപ്പു പ്രകാരം 96 നിർമ്മാണ പ്രക്രിയകളെ മാത്രമെ നിയമത്തിന്റെ കീഴിൽ കൊണ്ടുവന്നിട്ടുള്ളൂ എന്നും സർക്കാർ മറുപടി പറഞ്ഞു (2017 ഒക്ടോബർ). മേൽപറഞ്ഞ 96 പ്രക്രിയകളുടെ കീഴിൽ ഈ 79,010 സ്ഥാപനങ്ങളും വരാത്തതുകാരണം, നിയമത്തിന്റെ പരിധിയ്ക്ക് പുറത്താണെന്ന് പറയപ്പെടുന്നു.

ഫാക്ടറി നിയമത്തിലെ 85-ാം വകുപ്പിനു കീഴിൽ പ്രതിപാദിച്ചിരിക്കുന്ന നിർമ്മാണ പ്രക്രിയകളുടെ അടിസ്ഥാനത്തിൽ ശേഖരിച്ച വിവരം ഓഡിറ്റ് സൂക്ഷ്മമായി വിശകലനം ചെയ്തതിൽ നിന്നും കണ്ടത് 70,153 ഫാക്ടറികൾ നിയമത്തിനുകീഴിൽ രജിസ്ട്രേഷനു വിധേയമാകണമെന്നായിരുന്നു. ആയതിനാൽ നിയമത്തിനു കീഴിൽ

---

[134] മുകളിൽ പറഞ്ഞ 185 രജിസ്റ്റർ ചെയ്യാത്ത ഫാക്ടറികളിൽ 38 ഫാക്ടറികൾക്കെതിരെ നിയമനടപടികൾ ഫയൽ ചെയ്തിരുന്നു. ആവശ്യമായ രേഖകളുടെ അഭാവത്തിൽ ബാക്കിയുള്ള 147 അപേക്ഷകൾ വകുപ്പിൽ തീർപ്പാക്കാതെയിരിക്കുകയാണ്.

കുറഞ്ഞത് 47,608 ഫാക്ടറികളുടെയെങ്കിലും[135] രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിൽ വകുപ്പിന് പരാജയം ഉണ്ടായി.

ഓഡിറ്റിന്റെ നിരീക്ഷണം 2017 ഒക്ടോബർ 26-ന് നടത്തിയ അന്തിമ കൂടിക്കാഴ്ചയിൽ വിശദമായി ചർച്ചചെയ്യുകയും ഫീൽഡ് തലത്തിൽ പരിശോധിക്കുന്നതിനായി 70,153 ഫാക്ടറികളുടെയും വിവരങ്ങൾ അടങ്ങിയ ഡേറ്റാബേസ് ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പു പരിശോധിക്കാമെന്നും സമ്മതിച്ചു. പരിശോധിച്ച് ഫലം അറിയിക്കണമെന്ന അഭ്യർത്ഥനയോടെ എംഎസ്എംഇ യൂണിറ്റുകളുടെ വിവരങ്ങൾ അടങ്ങിയ സോഫ്റ്റ് കോപ്പി ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ഡയറക്ടർക്ക് ഓഡിറ്റ് സമർപ്പിച്ചെങ്കിലും (2017 ഒക്ടോബർ) അത് ഇതുവരെ അറിയിച്ചിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

നിയമത്തിനു കീഴിൽ ഫാക്ടറികളെ കണ്ടെത്തുകയും അവയുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തുകയും ചെയ്യുന്നതിൽ വകുപ്പിനുണ്ടായ പരാജയം നിയമത്തിലെ സുരക്ഷാവകുപ്പുകൾ നടപ്പാക്കുന്നതിന് കുറഞ്ഞത് 47,608 ഫാക്ടറികളുടെയെങ്കിലും കാര്യത്തിൽ വകുപ്പിന് സാദ്ധ്യമല്ലാതെ വരുകയും തദ്വാരാ ഈ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെയും സമീപവാസികളുടെയും ജീവന് അപകടസാദ്ധ്യത ഉണ്ടാക്കുകയും ചെയ്തു. കൂടാതെ, ഈ ഫാക്ടറികൾ രജിസ്റ്റർ ചെയ്യുന്നതിലുണ്ടായ പരാജയം, സംസ്ഥാനത്തിന് രജിസ്ട്രേഷൻ ചാർജ്ജിനത്തിൽ കുറഞ്ഞത് ₹1.43 കോടി[136] ലഭിക്കാതിരുന്നതിനും ഇടയാക്കി.

### *6.1.3.2 ഫാക്ടറി ലൈസൻസുകൾ പുതുക്കാത്തത്*

1957-ലെ കേരള ഫാക്ടറി ചട്ടങ്ങളിലെ, ചട്ടം 7 പ്രകാരം ലൈസൻസിന്റെ കാലാവധി തീരുന്ന തീയതിയ്ക്ക് രണ്ടു മാസം മുമ്പായി ഓരോ ഫാക്ടറി ഉടമയും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ആവശ്യമായ രേഖകളും നിശ്ചിത ഫീസും ഒടുക്കി ചീഫ് ഇൻസ്പെക്ടർ/ഡെപ്യൂട്ടി ചീഫ് ഇൻസ്പെക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഡിമാന്റ്, കളക്ഷൻ, ബാലൻസ് (ഡിസിബി) രജിസ്റ്റർ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടത് രജിസ്റ്റർ ചെയ്ത 22,545 ഫാക്ടറികളിൽ 878 എണ്ണം ഇനിയും ലൈസൻസുകൾ പുതുക്കേണ്ടതായിട്ടുണ്ട് (2017 മാർച്ച്) എന്നാണ്. തന്മൂലം ₹98.41 ലക്ഷത്തിന്റെ വരുമാനം[137] ശേഖരിക്കാതിരിക്കുന്നതിന് ഇടവന്നു. കുടിശ്ശികയുടെ വിവരങ്ങൾ വിശകലനം ചെയ്തപ്പോൾ വളരെ മുമ്പ്, അതായത് 2001 മുതൽ പുതുക്കാത്തവയുണ്ടെന്ന് വെളിപ്പെട്ടു.

എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഗതാഗതസൗകര്യങ്ങളുടെയും ജീവനക്കാരുടെയും കുറവ്, കുടിശ്ശിക വരുത്തിയ ഫാക്ടറികളിൽ ഭൂരിപക്ഷവും പ്രവർത്തിക്കാത്തത്, ഉടമസ്ഥാവകാശം ഭാഗം വയ്ക്കൽ, ലീസ്, നിയമപരമായ അവകാശം മുതലായവയെ സംബന്ധിച്ച തർക്കം വിവിധ കോടതികളിൽ നിലനിൽക്കുന്നത് എന്നിവയാണ് ലൈസൻസ് പുതുക്കാതിരിക്കുന്നതിന് കാരണമായി സർക്കാർ പറഞ്ഞത് (2017 ഒക്ടോബർ). ഈ ഫാക്ടറികളിൽ 369 എണ്ണം പ്രവർത്തിക്കുന്നില്ല എന്നും, കോടതികളിൽ നിലനിൽക്കുന്ന കേസുകൾ കാരണം 67 ഫാക്ടറികൾ ലൈസൻസ് പുതുക്കിയില്ല എന്നും ആണ് വകുപ്പ് അതിന്റെ മറുപടിയിൽ പറഞ്ഞത് (2017 ഡിസംബർ). 1957 ലെ കേരള ഫാക്ടറി ചട്ടങ്ങളിലെ, ചട്ടം 12 ഡി പ്രകാരം ഒരു ഫാക്ടറി ഒരു കലണ്ടർ വർഷത്തിൽ കൂടുതൽ പ്രവർത്തനരഹിതമായി കിടക്കുകയാണെങ്കിൽ വസ്തുതകളുടെ നിജസ്ഥിതി ബോദ്ധ്യമാക്കിയതിനുശേഷം ചീഫ് ഇൻസ്പെക്ടർ ലൈസൻസ് ഒന്നോ അതിൽ കൂടുതലോ ലൈസൻസ്

---

[135] 70,153 – 22,545 = 47,608

[136] ₹300 (രജിസ്ട്രേഷനുള്ള കുറഞ്ഞ ഫീസ്) x 47,608 = ₹1.43 കോടി

[137] ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസ്, 25 ശതമാനം അധികഫീസ്, 50 ശതമാനം അധിക ഫീസും മുമ്പുള്ള കുടിശ്ശിക ഫീസും മുമ്പുള്ള കുടിശ്ശികയുടെ 50 ശതമാനം അധിക ഫീസ്.

കാലാവധിക്ക് ലൈസൻസ് റദ്ദ് ചെയ്യേണ്ടതാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ലൈസൻസ് ഇല്ലാത്ത ബാക്കിയുള്ള 442 ഫാക്ടറികൾ, അവർ ലൈസൻസ് പുതുക്കാത്തതിന് ഫാക്ടറി നിയമത്തിലെ 92-ാം വകുപ്പ് പ്രകാരം രണ്ടു വർഷം വരെ നീളാവുന്ന കാലാവധിയുള്ള തടവോ ₹ ഒരു ലക്ഷം വരെ പിഴയോ അതോ രണ്ടും കൂടിയോ ഉള്ള ശിക്ഷാനടപടി സ്വീകരിക്കുന്നതിൽ ഡയറക്ടർക്ക് അലംഭാവം ഉണ്ടായതായും ഓഡിറ്റ് നിരീക്ഷിച്ചു.

ഫാക്ടറി തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഫാക്ടറികളുടെ രജിസ്ട്രേഷൻ നടത്തുക എന്ന നിയമപരമായ ചുമതല നിറവേറ്റുന്നതിനായി ഫാക്ടറി ആന്റ് ബോയ്‌ലേഴ്സ് വകുപ്പിനു ഗതാഗത സൗകര്യവും ആവശ്യമായ ജീവനക്കാരെയും സർക്കാർ നൽകണമെന്നാണ് ഓഡിറ്റിന്റെ പക്ഷം. ഫാക്ടറികളുടെ രജിസ്ട്രേഷൻ ഇല്ലാത്ത എല്ലാ കേസുകളും സർക്കാർ അവലോകനം ചെയ്യേണ്ടതും നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം അനുയോജ്യമായ നടപടികൾ എടുക്കുകയും വേണ്ടതാണ്.

### *6.1.3.3 രജിസ്ട്രേഷൻ/ലൈസൻസ് ഇല്ലാതെ അധിക നിർമ്മാണ പ്രക്രിയകൾ നടത്തുന്ന ഫാക്ടറികൾ*

വൈദ്യുതി ഉപയോഗം സംബന്ധിച്ചോ, തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം സംബന്ധിച്ചോ എന്തെങ്കിലും മാറ്റം വരികയോ, ഫാക്ടറിയുടെ പേര് മാറുകയോ ചെയ്താൽ ചട്ടം 5 പ്രകാരം അനുവദിച്ച ലൈസൻസിൽ ഭേദഗതി വരുത്തണമെന്ന് 1957-ലെ കേരളാ ഫാക്ടറി ചട്ടങ്ങളിലെ, ചട്ടം 6(2) നിഷ്കർഷിക്കുന്നു. വകുപ്പിലെ ഉദ്യോഗസ്ഥരോടൊപ്പം ഓഡിറ്റ് നടത്തിയ സംയുക്ത പരിശോധനയിൽ 14 ഫാക്ടറികൾ അവർക്ക് നൽകിയിരുന്ന ലൈസൻസിനുപരിയായി മറ്റ് അധിക നിർമ്മാണ പ്രക്രിയകൾ നടത്തിയിരുന്നതായി കണ്ടു. ഇത്തരം പ്രവർത്തനങ്ങൾ തിരിച്ചറിയുകയോ അധികനിർമ്മാണ പ്രവർത്തനങ്ങൾക്ക് എടുക്കേണ്ട സുരക്ഷാനടപടികൾ ഉറപ്പാക്കുകയോ വകുപ്പ് ചെയ്തിരുന്നില്ല. ലാക്ഷണിക പരിശോധന നടത്തിയ ഡിവിഷനുകളിൽ 90 ഫാക്ടറികളിൽ 14 എണ്ണം അവർക്ക് നൽകിയിരുന്ന ലൈസൻസിൽ അനുവദിച്ചിട്ടുള്ളതിനേക്കാൾ 10 തൊഴിലാളികളെ വരെ അധികമായി നിയോഗിച്ചിരുന്നതായി കാണപ്പെട്ടു. ചട്ടം 6(2) ലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അത്തരം ഫാക്ടറികളുടെ ലൈസൻസിൽ ഭേദഗതി വരുത്തിയിരുന്നില്ല. അങ്ങനെ ഈ ഫാക്ടറികളിലെ തൊഴിലാളികളുടെ സുരക്ഷ വിട്ടുവീഴ്ച ചെയ്യപ്പെട്ടു.

ഫാക്ടറി മാനേജ്മെന്റ് വൈദ്യുതി ഭേദഗതിയ്ക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ഒരു ഫാക്ടറിയിലെ അധിക നിർമ്മാണ പ്രക്രിയ ഉൾപ്പെടുത്താമെന്ന് കേരള സർക്കാർ പറഞ്ഞു (2017 ഒക്ടോബർ). അധിക നിർമ്മാണ പ്രക്രിയ നടത്തുന്ന പക്ഷം ലൈസൻസ് ഭേദഗതി ചെയ്യാനുള്ള ഉത്തരവാദിത്തം ഫാക്ടറി മാനേജ്മെന്റിന്റെ മേൽ വയ്ക്കുന്ന രീതിയിലുള്ള കേരളസർക്കാരിന്റെ മറുപടി ശരിയല്ല. എന്നാൽ, ലൈസൻസിൽ അനുവദിച്ചിട്ടുള്ളതിനേക്കാളും കൂടുതൽ തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ടെന്ന് പരിശോധനയിൽ കണ്ടാൽ അനുയോജ്യമായ നടപടി എടുക്കേണ്ടത് ഇൻസ്പെക്ടർമാരുടെ ചുമതലയാണെന്ന് സർക്കാർ സ്ഥിരീകരിച്ചു.

ഇപ്രകാരമുള്ള നിയമലംഘനങ്ങൾക്ക് രണ്ടു വർഷം വരെ നീളാവുന്ന കാലാവധിയുള്ള തടവോ, ഒരു ലക്ഷം രൂപവരെ പിഴയോ അതോ രണ്ടും കൂടിയോ ശിക്ഷ നൽകണമെന്ന ഫാക്ടറീസ് നിയമത്തിലെ 92-ാം വകുപ്പിലെ വ്യവസ്ഥകൾ പാലിക്കാൻ സർക്കാർ ബാദ്ധ്യസ്ഥരാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 6.1.3.4 പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാതെ പ്രവർത്തിക്കുന്ന ഫാക്ടറികൾ

1957 ലെ കേരള ഫാക്ടറി ചട്ടങ്ങളിലെ, ചട്ടം 5(1) പ്രകാരം ഒരു ഫാക്ടറിയ്ക്ക് ലൈസൻസ് അനുവദിക്കേണ്ടത് നിശ്ചിത ഫോം നമ്പർ 2-ൽ അപേക്ഷ ലഭിച്ചശേഷം സ്ഥലത്തിന്റെയും കെട്ടിടങ്ങളുടെയും പ്ലാൻ, വിസർജ്ജിക്കുന്ന മാലിന്യങ്ങളുടെ നിർമ്മാർജനം എന്നിവയ്ക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (കെഎസ്പിസിബി) ഉൾപ്പെടെയുള്ള ബന്ധപ്പെട്ട അധികാരികളുടെ അനുമതി അപേക്ഷകൻ നേടിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയശേഷവുമാണ്. ചുമതലപ്പെട്ട അധികാരികൾ ലൈസൻസുകൾ പുതുക്കി നൽകണമെന്ന് ചട്ടം 7(1) വ്യവസ്ഥ ചെയ്യുമ്പോൾ ലൈസൻസ് പുതുക്കുന്നതിനുള്ള ഓരോ അപേക്ഷയും നിശ്ചിത ഫോം നമ്പർ 2-ൽ ആയിരിക്കണമെന്ന് ചട്ടം 7(2) വ്യക്തമായി പറയുന്നു. ആയതിനാൽ ലൈസൻസ് പുതുക്കുന്നതിനുമുമ്പ് കെഎസ്പിസിബിയുടെ സമ്മതം രജിസ്ട്രേഷനും ലൈസൻസും പുതുക്കുന്നതിനുള്ള അപേക്ഷകൻ വാങ്ങിയിട്ടുണ്ടെന്നുള്ള ഉറപ്പ് വാങ്ങാൻ ഫാക്ടറീസ് നിയമത്തിനു കീഴിലെ ലൈസൻസിംഗ് അധികാരി ബാദ്ധ്യസ്ഥനാണ്.

ഓരോ ഫാക്ടറിയിലും മാലിന്യങ്ങളുടെയും വിസർജ്ജ്യവസ്തുക്കളുടെയും സംസ്കരണത്തിനും, ഫലപ്രദമായ നിർമ്മാർജ്ജനത്തിനും സംവിധാനങ്ങൾ ഉണ്ടായിരിക്കണമെന്ന് 1948 ലെ ഫാക്ടറീസ് നിയമത്തിലെ 12-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. 1974 ലെ ജല (മലിനീകരണം തടയലും നിയന്ത്രണവും) നിയമത്തിലെ 25ഉം 26ഉം വകുപ്പുകളും അതിനു കീഴിൽ നിർമ്മിച്ച ചട്ടങ്ങളും പ്രകാരം ഓരോ ഫാക്ടറിയും പ്രവർത്തനം തുടങ്ങുന്നതിനു മുമ്പ് കെഎസ്പിസിബിയിൽ നിന്നും പ്രവർത്തനത്തിനുള്ള സമ്മതം (സിറ്റിഓ) വാങ്ങേണ്ടതും സിറ്റിഓയുടെ കാലാവധി തീരുമ്പോൾ അത് പുതുക്കേണ്ടതുമാണ്.

നിയമം അനുശാസിക്കുന്ന തരത്തിൽ സിറ്റിഓ ഇല്ലാതെ 449 ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു എന്ന് തിരുവനന്തപുരം, കൊല്ലം, എറണാകുളം എന്നിവിടങ്ങളിലെ കെഎസ്പിസിബിയുടെ ജില്ലാ ഓഫീസുകളിൽ നിന്ന് ഓഡിറ്റ് ശേഖരിച്ച (2017 ജൂലൈ) വിവരങ്ങൾ വെളിപ്പെടുത്തുന്നു. 90 ഫാക്ടറികളിൽ അഞ്ചെണ്ണം[138] കെഎസ്പിസിബിയിൽ നിന്നും സിറ്റിഓ വാങ്ങാതെയാണ് പ്രവർത്തിച്ചിരുന്നതെന്ന് വകുപ്പ് അധികാരികളുമൊത്ത് ഓഡിറ്റ് നടത്തിയ സംയുക്ത പരിശോധനയിൽ വെളിപ്പെട്ടു. പുതുക്കുന്നതിനുള്ള അപേക്ഷയുടെ അഭാവത്തിലോ, നേരത്തെ നൽകിയ സമ്മതത്തിലെ വ്യവസ്ഥകൾ പാലിക്കാത്തതിനോ കൊല്ലം ജില്ലയിലെ 168 ഫാക്ടറികൾക്കും, തിരുവനന്തപുരം ജില്ലയിലെ മൂന്നു ഫാക്ടറികൾക്കും കെഎസ്പിസിബി സമ്മതം തടഞ്ഞുവച്ചിരുന്നു (2017 ജൂലൈ).

കെഎസ്പിസിബി, അഗ്നിസുരക്ഷാ വകുപ്പ് എന്നിവയിൽ നിന്ന് ആവശ്യമുള്ള ക്ലിയറൻസ് ഫാക്ടറികൾ ലഭ്യമാക്കുന്നതിന് വിധേയമായിട്ടാണ് ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പ് ലൈസൻസുകൾ അനുവദിക്കുന്നത്. അപകടകരമായ നിർമ്മാണപ്രക്രിയകൾ എന്ന് തരം തിരിക്കപ്പെട്ട 28 ഫാക്ടറികളിൽ ലാക്ഷണിക പരിശോധന നടത്തിയതിൽ 20 എണ്ണത്തിൽ വകുപ്പ് ലൈസൻസ് പുതുക്കി നൽകിയത് കെഎസ്പിസിബിയിൽ നിന്ന് ഫാക്ടറികൾക്ക് അംഗീകൃത സിറ്റിഓ ഉണ്ടോ എന്ന് ഉറപ്പാക്കാതെയായിരുന്നു എന്ന പശ്ചാതലത്തിൽ വീക്ഷിക്കുമ്പോൾ ഫാക്ടറീസ് നിയമത്തിലെ സുരക്ഷാ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന്

[138] തിരുവനന്തപുരം ഡിവിഷനിൽ മെസ്സേഴ്സ് വിജയമോഹിനിമിൽസ്, തിരുമല, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്സ് ലിമിറ്റഡ്, കൊച്ചുവേളി, ഒറ്റപ്പാലം ഡിവിഷനിൽ, മെസ്സേഴ്സ് വെറൈറ്റി ഫാർമസ്യൂട്ടിക്കൽസ്, കുളപ്പുള്ളി മെസ്സേഴ്സ് വിജയ ലോക്സ്, കുളപ്പുള്ളി, മെസ്സേഴ്സ് ലക്ഷ്മി പിവിസി പ്രോഡക്സ്, കുളപ്പുള്ളി).

ഉറപ്പുവരുത്താതെ ലൈസൻസുകൾ പുതുക്കി നൽകുന്ന വകുപ്പിന്റെ അലംഭാവമാണ് വ്യക്തമാകുന്നത്.

ലൈസൻസ് പുതുക്കുന്നതിന് കെഎസ്പിസിബിയിൽ നിന്നും എതിർപ്പില്ലാ സാക്ഷ്യപത്രം (എൻഓസി)/ സമ്മതം വേണമെന്ന് ചട്ടം 7(1) ൽ പറയാത്തതുകാരണം പുതുക്കൽ അധികാരിക്ക് ലൈസൻസ് പുതുക്കുന്നതിന് കെഎസ്പിസിബിയിൽ നിന്നുള്ള എൻഓസി/സമ്മതം ചോദിക്കുവാനോ ഉറപ്പാക്കുവാനോ ഉള്ള അധികാരം ഇല്ലെന്ന് സർക്കാർ പറഞ്ഞു (2017 ഒക്ടോബർ). ലളിതമായി ബിസിനസ്സ് നടത്തുക എന്നതിന്റെ ഭാഗമായി കെഎസ്പിസിബിയിൽ നിന്നുള്ള എൻഓസി/സമ്മതം വേണ്ടെന്നുവയ്ക്കാൻ സർക്കാർ തീരുമാനിച്ചെന്നും, തങ്ങളുടെ നിയമങ്ങൾ മാനേജ്മെന്റുകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടത് ഈ വകുപ്പുകളുടെ ചുമതലയാണെന്നും സർക്കാർ കൂട്ടിച്ചേർത്തു.

ബിസിനസ്സ് നടത്തിപ്പ് ലളിതമാക്കുന്നതിന്റെ ഭാഗമായി കെഎസ്പിസിബിയിൽ നിന്നുള്ള എൻഓസി/സമ്മതം ഒഴിവാക്കാൻ തീരുമാനിച്ച കേരള സർക്കാരിന്റെ തീരുമാനം സ്വീകാര്യമല്ല എന്തെന്നാൽ നിലവിലുള്ള ചട്ടങ്ങളുടെ വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതാണ്. ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ ഫോം നമ്പർ 2-ൽ സമർപ്പിക്കണമെന്ന് ചട്ടം 7(2) നിഷ്കർഷിക്കുകയും, അപേക്ഷിക്കുന്ന ഫാക്ടറികൾ കെഎസ്പിസിബി/പരിസ്ഥിതി ക്ലിയറൻസിന്റെ വിവരങ്ങൾ നൽകണമെന്ന് ഫോം നമ്പർ 2 വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നതിനാൽ ലൈസൻസ് പുതുക്കുന്നതിനു മുമ്പ് ഇത് ഉറപ്പാക്കാൻ വകുപ്പിന് ബാദ്ധ്യതയുണ്ട്.

### *6.1.3.5 സമ്മതം ഇല്ലാതെ ഫാക്ടറികളിൽ അധിക ഉപകരണങ്ങൾ സ്ഥാപിച്ചത്*

അധിക മെഷീനുകളോ സ്ഥിരമായി സ്ഥാപിക്കേണ്ട ഉപകരണങ്ങളോ സ്ഥാപിക്കുന്നതിന് മുൻകൂർ അനുമതി വാങ്ങണമെന്ന് 1957 ലെ ഫാക്ടറി ചട്ടങ്ങളിലെ ചട്ടം 3(1)-ഉം 3(8)(ബി)-യും പറയുന്നു. ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് ഇൻസ്പെക്ടറുമായി ഓഡിറ്റ് നടത്തിയ സംയുക്ത പരിശോധനയിൽ ലാക്ഷണിക പരിശോധന നടത്തിയ 90 ഫാക്ടറികളിൽ മൂന്നെണ്ണം[139] വകുപ്പിന്റെ അനുമതി ഇല്ലാതെ പുതിയ മെഷീനുകൾ സ്ഥാപിച്ചു എന്ന് കണ്ടു. ഈ മൂന്നു കേസുകളിൽ രണ്ടെണ്ണത്തിൽ സ്ഥാപിച്ച പുതിയ മെഷീനുകൾക്ക് വൈദ്യുതി ഉപഭോഗത്തിന്റെ വർദ്ധന ആവശ്യമുണ്ടായിരുന്നതും, ഇത് ലൈസൻസിൽ ഭേദഗതി ആവശ്യമുള്ളതും, അധിക ഫീസ് ഒടുക്കേണ്ടതുമായിരുന്നു. മെസേഴ്സ് വെറൈറ്റി ഫാർമസ്യൂട്ടിക്കൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ കാര്യത്തിൽ പുതിയ മൂന്നു മെഷീനുകൾ സ്ഥാപിച്ചെന്ന് ഓഡിറ്റ് കണ്ടെത്തി. പുതുതായി സ്ഥാപിച്ച മെഷീനുകളിൽ ഒരെണ്ണം നിലവിലുള്ള മെഷീനെ മാറ്റി വേറെ സ്ഥാപിച്ചതാണെന്ന് പിന്നീട് വകുപ്പ് വ്യക്തമാക്കി (2017 ഡിസംബർ). എന്നാൽ വകുപ്പിന്റെ അനുമതി ഇല്ലാതെ രണ്ട് അധിക മെഷിനുകൾ മെസേഴ്സ് വെറൈറ്റി ഫാർമസ്യൂട്ടിക്കൽസ് പ്രൈവറ്റ് ലിമിറ്റഡിൽ സ്ഥാപിച്ചു എന്ന വസ്തുത നിലനിൽക്കുന്നു.

മിക്ക ഇൻസ്പെക്ടർമാരും പതിവ് പരിശോധനയിൽ അംഗീകൃത പ്ലാൻ പരിശോധിക്കുകയും, ഇത്തരം സ്ഥാപിക്കലുകൾ കണ്ടെത്തുകയും, നിയമനടപടികൾ ഫയൽ ചെയ്യുകയും ചെയ്യാമെന്ന് സർക്കാർ പറഞ്ഞു (2017 ഒക്ടോബർ). ഓഡിറ്റ് നടത്തിയ സംയുക്ത പരിശോധനയിൽ ഇത്തരം പുതിയ

[139] 1) മെസ്സേഴ്സ് സതേൺ ഗ്യാസ് ലിമിറ്റഡ് കിൻഫ്ര പാർക്ക്, തുമ്പ, 2) മെസ്സേഴ്സ് ഹൈക്കൗണ്ട് പ്ലാസ്റ്റിക്സ് ആന്റ് കെമിക്കൽസ്, കിളിക്കൊല്ലൂർ, 3) മെസ്സേഴ്സ് വെറൈറ്റി ഫാർമസ്യൂട്ടിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ്, കുളപ്പുള്ളി.

മെഷീനുകൾ സ്ഥാപിച്ചത് കണ്ടെത്തിയതിനാലും, ഇവ കണ്ടുപിടിക്കാൻ വകുപ്പിന് സാധിക്കാത്തതിനാലും മറുപടി സ്വീകാര്യമല്ല.

### 6.1.4 സുരക്ഷാമാനദണ്ഡങ്ങളുടെ ഫലപ്രദമല്ലാത്ത നടപ്പാക്കൽ

തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ മുതലായവയ്ക്കായി വിവിധതരം ഉപകരണങ്ങൾ/സാമഗ്രികൾ സ്ഥാപിക്കണം/ലഭ്യമാക്കണമെന്ന് 1948-ലെ ഫാക്ടറീസ് നിയമത്തിലെ വകുപ്പുകൾ വ്യവസ്ഥ ചെയ്യുന്നു. നിർദ്ദിഷ്ട സുരക്ഷാ ഉപകരണങ്ങൾ/സാമഗ്രികളുടെ ലഭ്യതയും പ്രവർത്തനവും ഉറപ്പാക്കുന്നതിനായി ഫാക്ടറി ഇൻസ്പെക്ടർമാർ അവരുടെ അധികാരപരിധിയിൽ വരുന്ന എല്ലാ ഫാക്ടറികളും വർഷത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും പരിശോധിക്കണമെന്ന് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (2015 ജൂൺ). 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ 1,445 അപകടങ്ങൾ ഉണ്ടാകുകയും അതിൽ 114 തൊഴിലാളികൾക്ക് ജീവൻ നഷ്ടപ്പെടുകയും ചെയ്തുവെന്ന് ഓഡിറ്റിൽ കണ്ടു. ലാക്ഷണിക പരിശോധന നടത്തിയ ആറ് ഫാക്ടറി ഡിവിഷനുകളുടെ അധികാര പരിധിയിൽ വരുന്ന ഫാക്ടറികളിലെ രേഖകളിൽ നിന്നും, ഓഡിറ്റിന്റെ സാന്നിദ്ധ്യത്തിൽ ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് ഇൻസ്പെക്ടർമാർ 90 ഫാക്ടറികളിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിലും നിയമത്തിൽ അനുശാസിച്ചിട്ടുള്ള സുരക്ഷാ നിലവാരം 90-ൽ 81 ഫാക്ടറികളിലും വ്യതിചലിക്കപ്പെട്ടിരുന്നു എന്ന് വെളിവാക്കപ്പെട്ടു, വിശദവിവരങ്ങൾ **പട്ടിക 6.1**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 6.1: ലാക്ഷണിക പരിശോധന നടത്തിയ ഫാക്ടറികളിലെ സുരക്ഷാ നിലവാരത്തിന്റെ വ്യതിചലനം**

| ഡിവിഷൻ | പിപിഇ ഉപയോഗിക്കാത്തത് | സുരക്ഷാ പരിശീലനം നടത്താത്തത് | സുരക്ഷാ നയം പ്രദർശിപ്പിക്കാത്തത് | പ്രാഥമിക ശുശ്രൂഷ ബോക്സ് ഇല്ലാത്തത് | അഗ്നിശമന ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും ഇല്ലാത്തത് | റബർ മാറ്റ് ഇല്ലാത്തത് | മസ്റ്റർ റോൾ സൂക്ഷിക്കാത്തത് |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 9 | 1 | 4 | 4 | 9 | 1 | 1 |
| കുണ്ടറ | 7 | – | 2 | 3 | 12 | 1 | 3 |
| കോഴിക്കോട് (എൻ) | 8 | 4 | 1 | 3 | 10 | 4 | 5 |
| ഒറ്റപ്പാലം | 6 | 2 | – | 1 | 5 | 3 | – |
| കൊച്ചി | 10 | 6 | – | 4 | 7 | 8 | 2 |
| പാലക്കാട് | 6 | – | – | – | 9 | 4 | – |
| ആകെ | 46 | 13 | 7 | 15 | 52 | 21 | 11 |

*(ഉറവിടം: സംയുക്ത ഭൗതികപരിശോധനാ റിപ്പോർട്ട്)*



*ചിത്രം 6.1 കോഴിക്കോട് വെസ്റ്റ് ഹില്ലിലെ ബ്രില്ല്യന്റ് ഐസ് പ്ലാന്റിലെ മോശമായി സൂക്ഷിച്ചിരുന്ന ഫയർ എക്സ്റ്റിംഗൂഷർ (2017 മെയ് 18)*



*ചിത്രം 6.2 റബ്ബർ മോൾഡിംഗ് മെഷീനിൽ പണിയെടുക്കുമ്പോൾ പിപിഇ ഉപയോഗിക്കാത്തത്-ലിഡോ റബ്ബർ പ്രോഡക്റ്റ്സ് വെസ്റ്റ് ഹിൽ കോഴിക്കോട് (2017 മെയ് 30)*

ലാക്ഷണിക പരിശോധന നടത്തിയ 90 ഫാക്ടറികളിൽ 24 എണ്ണത്തിൽ അഗ്നിശമന ഉപകരണങ്ങളായ ഫയർ ബക്കറ്റോ, ഫയർ എക്സ്റ്റിംഗൂഷറോ ലഭ്യമാക്കിയിരുന്നില്ല എന്ന് സംയുക്ത പരിശോധനയിൽ ഓഡിറ്റ് കണ്ടു. 18 ഫാക്ടറികളിൽ ഫയർ എക്സ്റ്റിംഗൂഷർ കാലാവധി കഴിഞ്ഞതിനുശേഷം റീഫിൽ ചെയ്യാതിരുന്നപ്പോൾ, 10 ഫാക്ടറികളിൽ ഫയർ

ബക്കറ്റുകൾ മോശമായിട്ട് സൂക്ഷിച്ചിരുന്നു, അതായത് ബക്കറ്റുകൾ വെള്ളമോ മണലോ കൊണ്ട് നിറക്കാതിരിക്കുകയോ ഇടയ്ക്കിടെ മാറ്റാത്തതുകാരണം മണൽ കട്ടിയായി ഉറഞ്ഞിരിക്കുകയോ ആയിരുന്നു. ലാക്ഷണിക പരിശോധന നടത്തിയ 90 ഫാക്ടറികളിൽ മെറ്റൽ ക്രഷർ യൂണിറ്റുകൾ, തടിമില്ലുകൾ, ഐസ് പ്ലാന്റുകൾ, സോപ്പുനിർമ്മാണയൂണിറ്റുകൾ, നെയ്ത്തുമില്ലുകൾ മുതലായവയായി പ്രവർത്തിച്ചിരുന്ന 26 എണ്ണത്തിൽ, വ്യക്തിഗത സംരക്ഷണ ഉപകരണങ്ങളായ മുഖം മറയ്ക്കുന്ന മാസ്ക്, കൈഉറകൾ, സുരക്ഷാ ഷൂസുകൾ, ഗോഗിൾസ് എന്നിവ തൊഴിലാളികൾക്ക് നൽകിയിരുന്നില്ല എന്ന് സംയുക്ത പരിശോധനയിൽ കണ്ടു. ഇതിനു പുറമെ, 20 ഫാക്ടറികളിൽ വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ നൽകിയിരുന്നിട്ടും തൊഴിലാളികൾ ഇവ ഉപയോഗിച്ചിരുന്നില്ല.

ലാക്ഷണിക പരിശോധന നടത്തിയ ഫാക്ടറികളിലെ സംയുക്തപരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട മറ്റു പ്രധാന ക്രമക്കേടുകൾ താഴെ കൊടുത്തിരിക്കുന്നു.

### *6.1.4.1 ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് ഇൻസ്പെക്ടർമാരുടെ വികലമായ നിരീക്ഷണങ്ങൾ*

ലാക്ഷണിക പരിശോധന നടത്തിയ ആറ് ഐസ് നിർമ്മാണ പ്ലാന്റുകളിൽ രണ്ടെണ്ണത്തിൽ[140] കംപ്രസ്ഡ് അമോണിയാ ടാങ്കിന്റെ സുരക്ഷാ വാൽവിന്റെ ഔട്ട് ലെറ്റ് ജലമുള്ള ഒരു ഡ്രമ്മുമായി ബന്ധിപ്പിച്ചിരുന്നില്ല എന്നത് ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് ഇൻസ്പെക്ടർ നിർദ്ദിഷ്ട സുരക്ഷാ മാനദണ്ഡങ്ങളുടെ ലംഘനമായി കണക്കാക്കിയിരുന്നതായി സംയുക്ത പരിശോധനയിൽ ഓഡിറ്റ് കണ്ടു. എന്നാൽ, സുരക്ഷാ വാൽവ് ജലമുള്ള ടാങ്കിൽ മുങ്ങിയിരിക്കണം എന്ന ഇൻസ്പെക്ടർമാരുടെ ഫാക്ടറി ഉടമസ്ഥരോടുള്ള നിർദ്ദേശം തെറ്റാണെന്നും എന്തെന്നാൽ ഇത് വെള്ളം തിരിഞ്ഞ് ഒഴുകുന്നതിന് ഇടവരുത്തുമെന്നും സ്ഫോടനത്തിന് കാരണമാകാമെന്നും അന്തിമ കൂടിക്കാഴ്ചയിൽ (2017 ഒക്ടോബർ) ഡയറക്ടർ വ്യക്തമാക്കി.

ഇത്തരം തെറ്റായ ഉത്തരവുകൾ പാലിക്കണമെന്ന ഇൻസ്പെക്ടർമാരുടെ ആവശ്യം ഫാക്ടറികളിൽ സ്ഫോടനങ്ങൾക്ക് ഇടയാക്കുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അത് ഇൻസ്പെക്ടർമാരുടെ ഭാഗത്തുള്ള ഒരു തെറ്റാണെന്നും ശരിയായ ഉത്തരവുകൾ ഉടനെ പുറപ്പെടുവിക്കുമെന്നും അന്തിമകൂടിക്കാഴ്ചയിൽ (2017 ഒക്ടോബർ) ഡയറക്ടർ സമ്മതിച്ചു.

### *6.1.4.2 ഡൈനാമിക് ഭാഗങ്ങളുള്ള മെഷീനുകൾ വേലികൊണ്ട് മറയ്ക്കാത്തത്*

മെഷീനുകളുടെ ചലിക്കുന്നതും കയ്യെത്താ ദൂരത്തിലുമുള്ള ഭാഗങ്ങൾ ഭദ്രമായി വേലികൊണ്ട് മറയ്ക്കുകയോ സംരക്ഷിക്കുകയോ ചെയ്യണമെന്ന് 1957 ലെ കേരള ഫാക്ടറി ചട്ടങ്ങളിലെ ചട്ടം 54 നിർദ്ദേശിക്കുന്നു. ലാക്ഷണിക പരിശോധന നടത്തിയ 90 ഫാക്ടറികളിൽ 36 എണ്ണത്തിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി മെഷിനുകളും കൺവേയർ ബെൽറ്റുകളും വേലികൊണ്ട് മറച്ചിരുന്നില്ലെന്ന് കാണപ്പെട്ടു. സുരക്ഷാ നിയന്ത്രണങ്ങൾ പാലിക്കുന്നതിലുണ്ടായ പരാജയം ചില സന്ദർഭങ്ങളിൽ മാരകമായ അപകടങ്ങളിലേയ്ക്ക് നയിച്ചു എന്ന് താഴെ പറയുന്ന കാര്യങ്ങളിൽ നിന്ന് കാണാം.

[140] മെസ്സേഴ്സ് മേരി ഐസ് പ്ലാന്റ്, ചിറയിൻകീഴ്, മെസ്സേഴ്സ് യുണൈറ്റഡ് ഐസ് പ്ലാന്റ്, കോഴിക്കോട്.



ചിത്രം 6.3 നെയിൽ കട്ടിംഗ്മെഷീന്റെ ചലിക്കുന്ന ഭാഗങ്ങളിൽ വേലി ഇല്ലാത്തത്/സംരക്ഷിക്കാത്തത് - കേരള വയേഴ്സ് ആന്റ് നെയിൽസ്, പയ്യോളി, കോഴിക്കോട് (2017 മെയ് 21)

- കോഴിക്കോട് മുക്കത്ത് മെസേഴ്സ് പറത്തോട് ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡിൽ 2012 ഡിസംബർ 24ന് നടന്ന ഒരപകടത്തിൽ കൺവേയർ ബെൽറ്റിൽ കുരുങ്ങി ഒരു തൊഴിലാളി മരണപ്പെട്ടിരുന്നു.

- പാലക്കാട്ടെ ഒഴലാപതിയിലെ മെസേഴ്സ് ശ്രീഹരി ബ്ലൂ മെറ്റലിൽ 2017 ജൂൺ 24ന് റിപ്പോർട്ട് ചെയ്ത ഒരു അപകടത്തിൽ, മറയ്ക്കാതിരുന്ന സ്ക്രൂ ക്ലാസിഫയറിന്റെ ഡ്രൈവിൽ വീണ് ഒരു തൊഴിലാളി മരിച്ചിരുന്നു.

### 6.1.4.3 ടാങ്കുകൾക്ക് വേലിയോ മറവോ ഇല്ലാത്തത്

എല്ലാ ഫാക്ടറികളിലെയും സ്ഥാപിത സംഭരണികൾ, സമ്പ്, ടാങ്ക്, നിലത്തോ തറയിലോ ഉള്ള കുഴികൾ എന്നിവ അപകടത്തിന് കാരണമാകാൻ സാദ്ധ്യത ഉണ്ടെങ്കിൽ അവ ഭദ്രമായി മൂടുകയോ വേലി കൊണ്ട് മറയ്ക്കുകയോ വേണം എന്ന് 1948-ലെ ഫാക്ടറി നിയമത്തിലെ 33-ാം വകുപ്പ് വ്യക്തമായി പറയുന്നു. ലാക്ഷണിക പരിശോധന നടത്തിയ 90 ഫാക്ടറികളിൽ ഏഴെണ്ണത്തിൽ മാലിന്യ ടാങ്കുകളും ചാലുകളും വേലികൊണ്ടു മറയ്ക്കുകയോ, മൂടുകയോ ചെയ്തിരുന്നില്ല എന്ന് സംയുക്ത പരിശോധനയിൽ കണ്ടു. ഇത് വീഴാനും പരിക്കേൽക്കാനുമുള്ള സാദ്ധ്യത ഉയർത്തിയിരുന്നു. കുണ്ടറയിലെ വയ്യാനത്തെ മെസ്സേഴ്സ് കാർത്തിക ഗ്രാനൈറ്റ്സിൽ സുരക്ഷാമാനദണ്ഡങ്ങളുടെ ലംഘനത്തിന്റെ ഉദാഹരണവും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇവിടെ തുറസ്സായി ഇട്ടിരുന്ന മണൽ കഴുകുന്ന കോൺക്രീറ്റ് ടാങ്കിൽ വീണ് ഒരു തൊഴിലാളിയുടെ മരണം സംഭവിച്ചിരുന്നു (2016 മെയ്).

### 6.1.4.4 ഇൻസ്പെക്ടർമാർക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകാത്തത്

ഒരു ഫാക്ടറി തൊഴിലാളിക്ക് അഭിമുഖീകരിക്കുവാൻ സാദ്ധ്യമായ പ്രകാശ തീവ്രതയുടെ കുറഞ്ഞ അളവ്, ശബ്ദസമ്മർദത്തിന്റെ നിലവാരം, വായുവിലെ തീപിടിക്കാൻ സാദ്ധ്യതയുള്ള വാതകങ്ങളുടെ അളവ് എന്നിവ ഫാക്ടറിനിയമത്തിലും ചട്ടങ്ങളിലും വ്യക്തമായി പറയുന്നു. ഉയർന്ന ശബ്ദം പുറപ്പെടുവിക്കുന്നതോ, തീപിടിക്കുമ്പോൾ സ്ഫോടനമുണ്ടാകാൻ സാദ്ധ്യതയുള്ള അളവിലും സ്വഭാവത്തിലുമുള്ള പൊടി, വാതകം, പുക അല്ലെങ്കിൽ നീരാവി പുറപ്പെടുവിക്കുന്നതോ ആയ നിർമ്മാണ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഫാക്ടറികൾക്ക് ഇവ ബാധകമാണ്. കുറഞ്ഞത് 22 എണ്ണം വീതം ലക്സ്മീറ്റർ, ഡെസിബൽ മീറ്റർ, എക്സ്പ്ലോസീവ് മീറ്റർ എന്നിവ വേണ്ടിയിരുന്നിടത്ത് 15 ലക്സ് മീറ്ററുകളും, 15 ഡെസിബൽ മീറ്ററുകളും, അഞ്ച് എക്സ്പ്ലോസീവ് മീറ്ററുകളും മാത്രമേ മേഖലാ ഓഫീസുകളിൽ ലഭ്യമായിരുന്നുള്ളൂ എന്ന് കാണപ്പെട്ടു. ഇവയിൽ അഞ്ച് ലക്സ് മീറ്ററുകളും, അഞ്ച് ഡെസിബൽ മീറ്ററുകളും, മൂന്ന് എക്സ്പ്ലോസീവ് മീറ്ററുകളും പ്രവർത്തിക്കുന്നവയായിരുന്നില്ല. ലാക്ഷണിക പരിശോധന നടത്തിയ ആറു ഫാക്ടറി ഡിവിഷനുകളിൽ മൂന്നു ഡിവിഷനുകളിൽ[141] പ്രകാശത്തിന്റെ തീവ്രത, ശബ്ദസമ്മർദ്ദം, പെട്ടെന്ന് തീപിടിക്കാൻ സാദ്ധ്യതയുള്ള വാതകങ്ങളുടെ

[141] തിരുവനന്തപുരം, കുണ്ടറ, കൊച്ചി.

സാന്നിദ്ധ്യം, എന്നിവ അളക്കുവാനുള്ള ഉപകരണങ്ങൾ ഇല്ലായിരുന്നു. അതിനാൽ പ്രകാശതീവ്രത, ശബ്ദസമ്മർദ്ദം, മുതലായവയുടെ അപകടകരമായ നിലവാരം കണ്ടെത്താൻ ഇൻസ്പെക്ടർമാർക്ക് കഴിയുമായിരുന്നില്ല.

മേഖലാ സുരക്ഷാ സെല്ലുകൾ, കൊല്ലത്തെ ഇൻഡസ്ട്രിയൽ ഹൈജിൻ ലാബ് (ഐഎച്ച്എൽ) എന്നിവിടങ്ങളിലെ ഇൻസ്പെക്ടർമാർക്ക് ഈ ഉപകരണങ്ങൾ നൽകിയിരുന്നുവെന്ന് സർക്കാർ മറുപടി പറഞ്ഞു (2017 ഒക്ടോബർ). അനുവദനീയമായ അളവിൽ കൂടുതൽ അപകടനില ഉണ്ടെന്ന് സംശയം ഉള്ള സന്ദർഭങ്ങളിൽ പ്രാദേശിക ഇൻസ്പെക്ടർമാർക്ക് മേഖലാ സുരക്ഷാ സെല്ലിലെയും, ഐഎച്ച്എല്ലിലെയും ഇൻസ്പെക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്താമെന്നും സർക്കാർ കൂട്ടിച്ചേർത്തു. കൈയിൽ കൊണ്ടു പോകാവുന്ന ഈ ഉപകരണങ്ങൾ പ്രാദേശിക ഇൻസ്പെക്ടർമാർക്ക് തന്നെ അവരുടെ പരിശോധനകൾക്ക് കൂടെ കൊണ്ടുപോകാമെന്നുള്ളതിനാൽ നിയമലംഘനങ്ങൾ കണ്ടുപിടിക്കാൻ അവർ മേഖലാസുരക്ഷാ സെല്ലിലെയോ ഐഎച്ച്എല്ലിലെയോ ഇൻസ്പെക്ടർമാരെ ആശ്രയിക്കേണ്ട ആവശ്യം ഇല്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല. ആവശ്യമായ എണ്ണം ലക്സ്മീറ്ററുകളും, ഡെസിബൽ മീറ്ററുകളും, എക്സ്പ്ലോസീവ് മീറ്ററുകളും വകുപ്പ് ലഭ്യമാക്കണമെന്നും ഇവ പരിശോധനാ സമയത്ത് ഉപയോഗപ്പെടുത്തണമെന്ന് പ്രാദേശിക ഇൻസ്പെക്ടർമാർക്ക് കർശന നിർദ്ദേശം നൽകണമെന്നും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

### 6.1.5 പരിശോധനയും മേൽനിരീക്ഷണവും

#### *6.1.5.1 തൊഴിലാളികൾക്ക് സുരക്ഷയെ കുറിച്ചുള്ള പരിശീലനത്തിന്റെ അപര്യാപ്തത*

1948 ലെ ഫാക്ടറി നിയമത്തിലെ 111എ വകുപ്പു പ്രകാരം ഓരോ തൊഴിലാളിക്കും കഴിയുമെങ്കിൽ ഫാക്ടറിയിൽ തന്നെ പരിശീലനം ലഭിക്കുന്നതിന്, അല്ലെങ്കിൽ, ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് അംഗീകരിച്ച തൊഴിലാളികളുടെ ആരോഗ്യവും തൊഴിലിലെ സുരക്ഷയെയും സംബന്ധിച്ച പരിശീലനം നൽകുന്ന പരിശീലന കേന്ദ്രങ്ങളിലോ സ്ഥാപനങ്ങളിലോ ഫാക്ടറി ഉടമസ്ഥൻ മുഖാന്തിരം സ്പോൺസർ ചെയ്ത് പരിശീലനം ലഭിക്കുന്നതിനുള്ള അവകാശം ഉണ്ട്. ഈ ആവശ്യത്തിന് വേണ്ടി തിരുവനന്തപുരത്ത് ഒരു പരിശീലന കേന്ദ്രം മാത്രമെ വകുപ്പ് അംഗീകരിച്ചിട്ടുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2012-13 മുതൽ 2016-17 വരെ 6,98,263 തൊഴിലാളികളിൽ, 256 ഫാക്ടറികളിലെ 2,713 പേർക്ക് മാത്രമെ (0.40 ശതമാനം) സുരക്ഷയെ സംബന്ധിച്ച പരിശീലനം വകുപ്പ് നൽകിയിരുന്നുള്ളൂ എന്ന് ഓഡിറ്റ് കണ്ടെത്തി.

സുരക്ഷാമാനദണ്ഡങ്ങൾ ഫാക്ടറി തൊഴിലാളികൾ പാലിക്കുന്നു എന്ന് ഉറപ്പാക്കാൻ അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതാണ്. ധാരാളം സന്ദർഭങ്ങളിൽ തൊഴിലാളികൾ തന്നെ സുരക്ഷാമാനദണ്ഡങ്ങൾ ലംഘിക്കുന്നു എന്നും പരിശീലനത്തിലൂടെ ഈ സമീപനത്തിൽ മാറ്റം വരുത്തേണ്ട ആവശ്യം ഉണ്ടെന്നും ഡയറക്ടർ അന്തിമ കൂടിക്കാഴ്ചയിൽ പറഞ്ഞു (2017 ഒക്ടോബർ). തൊഴിലാളികൾക്കുള്ള പരിശീലനത്തിന്റെ അപര്യാപ്തത ജോലി സമയത്ത് അവർ സ്വീകരിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ചുള്ള അവബോധം ഇല്ലാതാക്കുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 6.1.5.2 മെഡിക്കൽ സർവ്വേകൾ നടത്തുന്നതിലെയും തൊഴിൽ സംബന്ധമായ രോഗങ്ങൾ കണ്ടെത്തുന്നതിലെയും കുറവ്

തൊഴിൽ സംബന്ധമായ രോഗങ്ങൾ തടയുന്നതിനും, തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും, തൊഴിൽ സംബന്ധമായ രോഗങ്ങളുടെ സ്ഥിതിവിവരകണക്കുകൾ തയ്യാറാക്കുന്നതിനും ഉള്ള നടപടികൾ ആരംഭിക്കുന്നതിനായി 2015-16-ഉം 2016-17-ഉം വർഷങ്ങളിൽ 'വ്യവസായ ശുചിത്വവും ആരോഗ്യ സർവ്വേയും' നടത്താൻ വകുപ്പിന് ഭരണാനുമതി നൽകി. അതിൻപ്രകാരം തൊഴിൽ സംബന്ധമായ രോഗങ്ങൾ കണ്ടെത്തുന്നതിനായി കശുവണ്ടി, മെറ്റൽ ക്രഷർ വ്യവസായങ്ങളിലെ തൊഴിലാളികൾക്കായി ഈ രണ്ടു വർഷങ്ങളിലും ഏഴ് വീതം മെഡിക്കൽ ക്യാമ്പുകൾ നടത്തി.

2015-16-ലെ സർവ്വേയിൽ സംസ്ഥാനത്ത് മെറ്റൽ ക്രഷർ വ്യവസായത്തിലെ[142] തൊഴിലാളികൾക്കിടയിൽ നാല് സിലിക്കോസിസ്[143] കേസുകൾ കണ്ടുപിടിക്കുകയും ഇത്തരം കൂടുതൽ കേസുകൾക്കുള്ള സാദ്ധ്യത തിരിച്ചറിയുകയും ചെയ്തിരുന്നു. അത്തരം വ്യക്തികൾ തൊഴിലെടുക്കുന്ന ഫാക്ടറികളിൽ തൊഴിൽ പരിസര മേൽനിരീക്ഷണം നടത്തണമെന്നും സർവ്വേ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു.

ഇഎസ്ഐ കോർപ്പറേഷന്റെ കോഴിക്കോട് ഉപമേഖലാ ഓഫീസും മൂന്നു ബൈസിനോസിസ്[144], ഒരു സെൻസറി ന്യൂറൽ കേൾവിനഷ്ടപ്പെടൽ കേസ് ഉൾപ്പെടെ തൊഴിൽ സംബന്ധമായ രോഗങ്ങളുള്ള ഏഴ് കേസുകൾ കണ്ടെത്തിയിരുന്നു (2017 ഏപ്രിൽ) എന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. കൊല്ലത്തെ ഉപമേഖലാ ഓഫീസും ബൈസിനോസിസ് ഉള്ള ഒരു കേസ് കണ്ടെത്തിയിരുന്നു.

നിയമത്തിലെ ഷെഡ്യൂൾ III ൽ കണ്ടെത്തപ്പെട്ട രോഗങ്ങളുടെ പട്ടികയിൽ 29 അപകടസാദ്ധ്യതയുള്ള രോഗങ്ങൾ ഉള്ളതിനാലും, ഫാക്ടറി തൊഴിലാളികൾക്കിടയിൽ അത്തരം രോഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയതിനാലും വകുപ്പ് കൂടുതൽ ഇത്തരം സർവ്വേകൾ നടത്തി തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് പര്യാപ്തമായ വൈദ്യചികിത്സ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണെന്ന് ഓഡിറ്റിന് തോന്നുന്നു.

### 6.1.5.3 ഓക്കുപേഷണൽ ഹെൽത്ത് ആന്റ് റിസർച്ച് സെന്ററിലെ ₹4.15 കോടിയുടെ ഫലപ്രദമല്ലാത്ത ചെലവ്

ഫാക്ടറീസ് നിയമത്തിലെ 41 ബി വകുപ്പ് നിഷ്കർഷിക്കുന്ന പ്രകാരം അപകടസാദ്ധ്യതയുള്ള നിർമ്മാണ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ഫാക്ടറിയുടെയും ഉടമസ്ഥൻ ആരോഗ്യത്തിന് അപകടകരമായ കാര്യങ്ങൾ കണ്ടെത്തുകയും അത്തരം അപകടങ്ങൾ മറികടക്കാനുള്ള നടപടികൾ എടുക്കേണ്ടതുമാണ്. തൊഴിലാളികളുടെ ആരോഗ്യ നിലവാരം മേൽ നിരീക്ഷിക്കാൻ ഉടമകൾ പ്രാധാന്യം നൽകാത്തതിനാലും, തൊഴിൽ സംബന്ധമായി അനുയോജ്യമായ ആരോഗ്യപരിരക്ഷ നൽകുന്നതിന് ഓരോ പ്രത്യേക യൂണിറ്റുകൾ ഏർപ്പെടുത്തുന്നതിന്റെ ആവശ്യകത അംഗീകരിക്കാത്തതിനാലും ഓക്കുപേഷണൽ ഹെൽത്ത് ആന്റ് റിസർച്ച് സെന്ററുകൾ (ഓഎച്ച്ആർസി) കൊല്ലത്തും, എറണാകുളത്തും, കോഴിക്കോട്ടും സ്ഥാപിക്കുന്നതിനുള്ള ഒരു നിർദ്ദേശം ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ഡയറക്ടർ കേരള സർക്കാരിന് സമർപ്പിച്ചു (2012 ജൂലൈ). അപകടകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ

[142] മെസ്സേഴ്സ് മെറ്റാ റോക്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെറിയകൊണ്ണി, തിരുവനന്തപുരം.

[143] സിലിക്കയുടെ പൊടി ശ്വസിക്കുന്നതുമൂലം ഉണ്ടാകുന്ന തൊഴിൽ സംബന്ധമായ ഒരു ശ്വാസകോശ രോഗം.

[144] നൂലും തുണിയും നിർമ്മിക്കുന്ന വ്യവസായങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കിടയിൽ പരുത്തിയുടെ പൊടികാരണം സാധാരണ ഉണ്ടാകുന്ന തൊഴിൽ സംബന്ധമായ ശ്വാസകോശരോഗം.

തൊഴിലാളികൾക്കും ജോലിക്ക് മുമ്പും പിന്നെ സമയാസമയങ്ങളിലും വൈദ്യപരിശോധന നടത്തുക, തൊഴിൽസംബന്ധമായ രോഗങ്ങൾ ഉണ്ടെന്നു സംശയിക്കുന്ന കേസുകളിൽ വിശദമായ പരിശോധന നടത്തുക, മാനേജ്മെന്റിനും തൊഴിലാളികൾക്കും ആരോഗ്യവിദ്യാഭ്യാസം നൽകുക, തൊഴിലാളികൾക്കും മറ്റു ജീവനക്കാർക്കും ആരോഗ്യപരിശീലനം നൽകുക, തൊഴിൽ സംബന്ധമായ ആരോഗ്യ സർവ്വേകൾ നടത്തുക മുതലായവയ്ക്കാണ് ഓഎച്ച്ആർസി സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നത്.

കൊല്ലത്ത് ഓഎച്ച്ആർസി സ്ഥാപിക്കുന്നതിന് ₹2.69 കോടി ചെലവിൽ ഒരു കെട്ടിടം നിർമ്മിക്കാനായി കേരള സർക്കാർ ഭരണാനുമതി നൽകിയതായി (2014 മാർച്ച്) ഓഡിറ്റിൽ കണ്ടു. ഓഎച്ച്ആർസിയുടെ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല കെസ്നിക്കിന്[145] ഏൽപ്പിക്കുകയും ₹2.45 കോടിയ്ക്ക് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു (2014 ജൂലൈ). ഓഎച്ച്ആർസിയ്ക്ക് വേണ്ടി ഉപകരണങ്ങൾ വാങ്ങാനും കേരളസർക്കാർ ഭരണാനുമതി നൽകുകയും (2014 ആഗസ്റ്റ്) ഇതിൽ ₹1.70 കോടിയുടെ ഓഫീസ്/മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. ഡയറക്ടർ നിർദ്ദേശിച്ചതുപോലെ (2012 ജൂലൈ) മെഡിക്കൽ ഓഫീസർ, പുരുഷ നഴ്സ്, ഓക്കുപേഷണൽ ഹെൽത്ത് ടെക്നീഷ്യൻ, ഫീൽഡ് അസിസ്റ്റന്റ്, ലാബ് ടെക്നീഷ്യൻ, ഡ്രൈവർ മുതലായവർ ഉൾപ്പെടെ 12 സ്റ്റാഫ് അംഗങ്ങളെ അനുവദിക്കുന്നതിൽ കേരളസർക്കാരിനുണ്ടായ പരാജയം ഓഎച്ച്ആർസി പ്രവർത്തനസജ്ജമാകാതിരിക്കുന്നതിന് ഇടവരുത്തുകയും, ₹4.15 കോടി തടയപ്പെട്ടുകിടക്കുന്നതിനും, വിഭാവനം ചെയ്ത സേവനങ്ങൾ നൽകാൻ കഴിയാതിരിക്കുന്നതിലേയ്ക്ക് നയിക്കുകയും ചെയ്തു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഓഡിറ്റ് നിരീക്ഷണങ്ങൾ സർക്കാർ സമ്മതിക്കുകയും (2017 ഒക്ടോബർ) കൊല്ലത്ത് ഓഎച്ച്ആർസിയിൽ പോസ്റ്റുകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ഡയറക്ടറിൽ നിന്ന് പിന്നീട് ലഭിക്കുകയുണ്ടായി എന്നും അത് പരിഗണനയിലാണെന്നും അറിയിച്ചു (2018 മാർച്ച്).

### *6.1.5.4 പരിശോധനകൾ നടത്തുന്നതിലെ കുറവ്*

ഇൻസ്പെക്ടർമാർക്ക് നിയമത്തിൻകീഴിൽ നൽകിയിട്ടുള്ള അധികാരങ്ങളിൽ ഒരു ഫാക്ടറി ആയി ഉപയോഗിക്കുന്നതോ, ഉപയോഗിക്കുന്നതായി തങ്ങൾക്ക് തോന്നാൻ കാരണമുള്ളതായ ഏത് സ്ഥലത്തും പ്രവേശിക്കാനുള്ള അധികാരം ഉൾപ്പെടുന്നു. അതിനാൽ ഫാക്ടറികളെ കണ്ടെത്തുന്നതിനും, നിയമത്തിന്റെ വ്യവസ്ഥകളുടെ ലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനും ഇൻസ്പെക്ടർമാർക്ക് വളരെ പ്രധാനമായ പങ്കാണുള്ളത്. ഓരോ ഇൻസ്പെക്ടറും ഒരു വർഷം 150 ഫാക്ടറികൾ പരിശോധിക്കണമെന്ന ഒരു മാനദണ്ഡം പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് വകുപ്പിന്റെ (പി ആന്റ് എആർഡി) വർക്ക് സ്റ്റഡി റിപ്പോർട്ടിൽ നിശ്ചയിച്ചിരുന്നത് (1993 ഫെബ്രുവരി) കേരളസർക്കാർ 1993 ഫെബ്രുവരിയിൽ സ്വീകരിച്ചു. ഓൺലൈൻ ലൈസൻസിംഗ് സംവിധാനം വകുപ്പിൽ വിജയകരമായി നടപ്പാക്കിയതുമൂലം ജോലിയുടെ സ്വഭാവം അന്നുമുതൽ മാറിയെന്നും അതിനാൽ പിആന്റ്എആർഡിയുടെ റിപ്പോർട്ടിന് പ്രസക്തി നഷ്ടപ്പെട്ടെന്നും 2017 ജനുവരിയിൽ കേരളസർക്കാർ പറഞ്ഞു. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ, വകുപ്പിന്റെ പ്രവർത്തനരീതി, ജോലിയുടെ സ്വഭാവം ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പോസ്റ്റുകളുടെ എണ്ണം മുതലായ വിവരങ്ങൾ ഉൾപ്പെടുത്തി പുതിയ നിർദ്ദേശം സമർപ്പിക്കാൻ കേരളസർക്കാർ വകുപ്പിനോടു നിർദ്ദേശിച്ചു. പുതിയ നിർദ്ദേശം സമർപ്പിക്കേണ്ടതായിരിക്കുന്നു.

[145] കേരളസംസ്ഥാന നിർമ്മിതികേന്ദ്രം

ഒരു ഇൻസ്പെക്ടർ ഒരു വർഷം 150 ഫാക്ടറികളെങ്കിലും പരിശോധിക്കണമെന്ന മാനദണ്ഡവുമായി നോക്കിയാൽ, ഇതിനകം രജിസ്റ്റർ ചെയ്തിട്ടുള്ള 22,545 ഫാക്ടറികൾ പരിശോധിക്കാൻ വകുപ്പിന് കുറഞ്ഞത് 150 ഇൻസ്പെക്ടർമാരെങ്കിലും വേണ്ടിവരുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ വ്യവസായ വാണിജ്യവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 47,608 ഫാക്ടറികൾ കൂടി കണക്കാക്കിയാൽ ആവശ്യമുള്ള ഇൻസ്പെക്ടർമാരുടെ എണ്ണം 468 ആകും. അപ്രകാരം 468 ഇൻസ്പെക്ടർമാർ ആവശ്യമുള്ളിടത്ത് വകുപ്പ് പ്രവർത്തിക്കുന്നത് ആകെ 47 ഇൻസ്പെക്ടർമാരെ കൊണ്ടാണ്.

ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പ് പുറപ്പെടുവിച്ച (2015 ജൂൺ) സർക്കുലർ പ്രകാരം എല്ലാ ഫാക്ടറികളും വർഷത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും പരിശോധിച്ചിരിക്കണം. സംസ്ഥാനത്ത് 2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ ഉണ്ടായിരുന്ന 22,218[146] ഫാക്ടറികളിൽ, വകുപ്പ് പരിശോധന നടത്തിയ ഫാക്ടറികളുടെ എണ്ണം 59-ഉം 65-ഉം ശതമാനത്തിന് ഇടയിൽ ആയിരുന്നവെന്നാണ് വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങൾ വെളിപ്പെടുത്തിയത്. ലാക്ഷണിക പരിശോധന നടത്തിയ ഫാക്ടറി ഡിവിഷനുകളിൽ ഫാക്ടറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 5884[147] ഫാക്ടറികളിൽ 2013-14 മുതൽ 2015-16 വരെ വർഷങ്ങളിൽ പരിശോധന നടത്തിയ ഫാക്ടറികളുടെ ശതമാനം 61 ആയിരുന്നു. കൂടുതൽ ഇൻസ്പെക്ടർമാരെ നിയമിക്കണമെന്ന നിർദ്ദേശം സാമ്പത്തിക ഞെരുക്കം കാരണം സ്വീകരിച്ചില്ലെന്ന് സർക്കാർ മറുപടി നൽകി (2017 ഒക്ടോബർ).

കൂടുതൽ സഞ്ചരിക്കാനും കാര്യക്ഷമമായ പരിശോധന നടത്താനും ആവശ്യമുള്ള വാഹനങ്ങൾ നൽകി ലഭ്യമായ ഇൻസ്പെക്ടർമാരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന താത്പര്യത്തോടെ ആവശ്യമുള്ള കുറഞ്ഞ മാനവശേഷി കണക്കാക്കി പുതിയ നിർദ്ദേശങ്ങൾ വകുപ്പ് സർക്കാരിലേയ്ക്ക് അയക്കേണ്ടതാണ്.

### *6.1.5.5 വാർഷിക അർദ്ധവാർഷിക റിട്ടേണുകൾ സമർപ്പിക്കാത്തത്*

ഫാക്ടറീസ് നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഫോം നമ്പർ 22-ൽ അർദ്ധവാർഷിക റിട്ടേണുകൾ അതാത് വർഷം ജൂലൈ 31-നു മുമ്പായും ഫോം നമ്പർ 21-ൽ വാർഷിക റിട്ടേൺ അടുത്തവർഷം ജനുവരി 31-നു മുമ്പും ബന്ധപ്പെട്ട ഡിവിഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ്/ അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സിന് ഉടമകൾ സമർപ്പിക്കേണ്ടതാണ്. മറ്റു വിവരങ്ങൾക്ക് പുറമെ ഈ ഫോമുകളിൽ ദിവസേന ജോലിക്കെടുത്തിട്ടുള്ള തൊഴിലാളികളുടെ ശരാശരി എണ്ണം, തൊഴിലാളികളുടെ വൈദ്യപരിശോധന നടത്തിയ മെഡിക്കൽ വിവരങ്ങൾ, അപകടകരമായ സാഹചര്യങ്ങളിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം മുതലായവയും സൂചിപ്പിക്കുന്നു.

താഴെ **പട്ടിക 6.2**-ൽ കാണിച്ചിരിക്കുന്നതുപോലെ ശരാശരി 66.98 ശതമാനവും 62.30 ശതമാനവും ഫാക്ടറികൾ യഥാക്രമം അർദ്ധവാർഷിക റിട്ടേണുകളും വാർഷിക റിട്ടേണുകളും സമർപ്പിച്ചിരുന്നില്ല എന്ന് ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി.

---

[146] വകുപ്പിന്റെ ഡേറ്റാ ബേസ് പ്രകാരം 2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ ഉണ്ടായിരുന്ന ഫാക്ടറികളുടെ ശരാശരി എണ്ണം.

[147] വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാക്ടറികളുടെ ശരാശരി എണ്ണം.

**പട്ടിക 6.2: ഫാക്ടറി ഉടമകൾ/ഉപയോഗിക്കുന്നയാൾ/മാനേജർമാർ സമർപ്പിച്ച അർദ്ധവാർഷിക/വാർഷിക റിട്ടേണുകളുടെ വിവരം**

| വർഷം | ഫാക്ടറികളുടെ എണ്ണം | ലഭിച്ച വാർഷിക റിട്ടേണുകൾ | കുറവിന്റെ ശതമാനം | ലഭിച്ച അർദ്ധവാർഷിക റിട്ടേണുകൾ | കുറവിന്റെ ശതമാനം |
|---|---|---|---|---|---|
| 2012 | 19511 | 7546 | 61.3 | 7830 | 59.9 |
| 2013 | 20578 | 7788 | 62.2 | 7908 | 61.6 |
| 2014 | 21580 | 7714 | 64.3 | 8132 | 62.3 |
| 2015 | 22104 | 6213 | 71.9 | 5656 | 74.4 |
| 2016 | 22230 | 5204 | 76.6 | 5246 | 76.4 |

*(ഉറവിടം: ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പിൽ നിന്നും ലഭിച്ച കണക്കുകൾ)*

2014 ലെ തൊഴിൽ നിയമങ്ങൾ (ചില സ്ഥാപനങ്ങളെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ നിന്നും റിട്ടേണുകൾ സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കൽ) ഭേദഗതി നിയമപ്രകാരം ഫാക്ടറീസ് നിയമത്തിന്റെ സെക്ഷൻ 85 കാറ്റഗറിയ്ക്ക് കീഴിൽ വരുന്ന മിക്ക ഫാക്ടറികളെയും റിട്ടേൺ സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്ന് സർക്കാർ മറുപടി പറഞ്ഞു (2017 ഒക്ടോബർ).

മേൽപ്പറഞ്ഞ നിയമത്തിലെ സെക്ഷൻ 4(1) പ്രകാരം ചെറുതും വളരെ ചെറുതുമായ സ്ഥാപനങ്ങളെ റിട്ടേണുകൾ സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും, അത്തരം റിട്ടേണുകൾക്കുപകരം വാർഷിക റിട്ടേൺ ഫോം നമ്പർ I ൽ അവർ ഫയൽ ചെയ്യേണ്ടതാണ് എന്നു ഓഡിറ്റിൽ കണ്ടതിനാൽ സർക്കാരിന്റെ മറുപടി ശരിയല്ല. ഈ റിട്ടേണുകൾ മേൽനിരീക്ഷിക്കാനും മുടക്കംവരുത്തുന്നവരുടെ കേസുകളിൽ തുടർനടപടിയെടുക്കുവാനും വകുപ്പ് പരാജയപ്പെട്ടു. നിയമത്തിലെ വകുപ്പുകളുടെ അത്തരം ലംഘനങ്ങൾ ഫാക്ടറീസ് നിയമത്തിലെ 92-ാം വകുപ്പുപ്രകാരം രണ്ടു വർഷം വരെ ദീർഘിപ്പിക്കാവുന്ന ഒരു കാലാവധിക്ക് തടവോ, ഒരു ലക്ഷം വരെ പിഴയോ രണ്ടും കൂടിയോ വരെയുള്ള ശിക്ഷ നൽകാവുന്ന കുറ്റകൃത്യമാണ്. ഈ സാഹചര്യത്തിൽ വകുപ്പ് ഫാക്ടറി തൊഴിലാളികളുടെ സുരക്ഷയോ ക്ഷേമമോ ഉറപ്പാക്കാൻ പറ്റിയ നിലയിലല്ല.

### 6.1.6 ഉപസംഗ്രഹം

ഫാക്ടറീസ് നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കാൻ ചുമതലപ്പെട്ട ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പിന് നിയമത്തിൻ കീഴിൽ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ ഫാക്ടറികൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാനുള്ള ഫലപ്രദമായ സംവിധാനം ഇല്ലായിരുന്നു. നിയമത്തിൻകീഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാക്ടറികളുടെ എണ്ണം വളരെ കുറവായിരുന്നു. വകുപ്പിന്റെ ഡേറ്റ പ്രകാരം ഫാക്ടറികളുടെ എണ്ണം വളരെയധികം കുറച്ചാണ് കാണിച്ചിരുന്നത്. ഫാക്ടറികളുടെ പരിശോധന വളരെ അപര്യാപ്തമായിരുന്നു. ഇൻസ്പെക്ടർമാരുടെ പോസ്റ്റുകളുടെ എണ്ണത്തിൽ കുറവുള്ളതായി ഓഡിറ്റിൽ കണ്ടു. ഇത് നിയമത്തിൻകീഴിലെ വിവിധ വ്യവസ്ഥകളുടെ നടപ്പാക്കലിനെ പ്രതികൂലമായി ബാധിച്ചു. തൊഴിലിലെ സുരക്ഷയെക്കുറിച്ചുള്ള പരിശീലനം ആകെ തൊഴിലാളികളുടെ 0.40 ശതമാനം പേർക്കെ നൽകിയിരുന്നുള്ളൂ. തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെടുത്തി ഫാക്ടറീസ് നിയമത്തിലെ വ്യവസ്ഥകളുടെ നടപ്പാക്കൽ അതിനാൽ തന്നെ തൃപ്തികരമായിരുന്നില്ല.

## 6.2 അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിലും സേവനവ്യവസ്ഥകളും) നിയമം 1979-ന്റെ നടപ്പാക്കൽ

### 6.2.1 അവതാരിക

ഭാരതസർക്കാർ 1979 ജൂണിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ (ഐഎസ്എംഡബ്ല്യൂ) തൊഴിൽ ക്രമീകരിക്കുന്നതിനും, അവരുടെ സേവനവ്യവസ്ഥകളും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും നിയന്ത്രിക്കുന്നതിനും വേണ്ടി അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിലും സേവന വ്യവസ്ഥകളും) നിയമം 1979 (ഐഎസ്എംഡബ്ല്യൂ നിയമം) നിർമ്മിച്ചു. ഈ നിയമം, ഒരു ഇതരസംസ്ഥാന തൊഴിലാളിയെ, ഒരു സംസ്ഥാനത്ത്, ഒരു കരാറുകാരൻ നേരിട്ടോ അദ്ദേഹത്തിലൂടെയോ, ഒരു കരാറിന്റെ അടിസ്ഥാനത്തിലോ മറ്റേതെങ്കിലും സംവിധാനത്തിലൂടെയോ മറ്റൊരു സംസ്ഥാനത്തെ ഒരു സ്ഥാപനത്തിൽ തൊഴിലിനുവേണ്ടി അത്തരം സ്ഥാപനവുമായി ബന്ധപ്പെട്ട മുഖ്യ തൊഴിലുടമയുടെ അറിവോടു കൂടിയോ അല്ലാതെയോ, നിയമിക്കപ്പെടുന്ന ആൾ എന്നാണ് നിർവ്വചിച്ചത്. പിന്നിട്ട 12 മാസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ, മറ്റു തൊഴിലാളികൾക്കു പുറമെയോ അല്ലാതെയോ അഞ്ചോ അതിലധികമോ ഇതരസംസ്ഥാന തൊഴിലാളികളെ നിയമിച്ചിരിക്കുന്നതോ നിയമിച്ചിരുന്നതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും ഈ നിയമത്തിന്റെ വ്യവസ്ഥകൾ ബാധകമായിരുന്നു. കഴിഞ്ഞ 12 മാസങ്ങളിൽ, ഏതെങ്കിലും ദിവസത്തിൽ മറ്റു തൊഴിലാളികൾക്കു പുറമെയോ അല്ലാതെയോ അഞ്ചോ അതിലധികോ ഇതരസംസ്ഥാന തൊഴിലാളികളെ നിയമിച്ചിരിക്കുന്ന/നിയമിച്ചിരുന്ന കരാറുകാരെയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിരുന്നു.

കേരളസർക്കാർ (ജിഒകെ) രൂപീകരിച്ച കേരള ഇതരസംസ്ഥാന തൊഴിലാളി (തൊഴിൽ നിയന്ത്രണങ്ങളും സേവനവ്യവസ്ഥകളും) ചട്ടങ്ങൾ, 1983 (ഐഎസ്എംഡബ്ല്യൂ ചട്ടങ്ങൾ) 1984 മെയ് 2-ന് പ്രാബല്യത്തിൽ വന്നു. നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്തം ലേബർ കമ്മീഷണർക്കായിരുന്നു.

കേരളസർക്കാർ 14 ജില്ലാ ലേബർ ഓഫീസർമാരെയും (എൻഫോഴ്സ്മെന്റ്), ഒരു ജില്ലാ ലേബർ ഓഫീസറെയും (ആസ്ഥാനം) രജിസ്റ്ററിങ്ങ് ആന്റ് ലൈസൻസിങ്ങ് ഓഫീസർമാരാക്കിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. നിയമത്തിന്റെ കീഴിൽ, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരെ (ആർജെഎൽസി) അപ്പലേറ്റ് ഓഫീസർമാരെയും, ലേബർ കമ്മീഷണർ, അഡീഷണൽ ലേബർ കമ്മീഷണർമാർ, ജില്ലാ ലേബർ ഓഫീസർമാർ (ഡിഎൽഒ), അസിസ്റ്റന്റ് ലേബർ ഓഫീസർമാർ (എഎൽഒ) എന്നിവരുൾപ്പെട്ട 122 ഓഫീസർമാരെ ഇൻസ്പെക്ടർമാരായും നിയമിച്ചു.

### 6.2.2 ഓഡിറ്റിന്റെ ലക്ഷ്യങ്ങളും പരിധിയും രീതിയും

നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കപ്പെട്ടതുപോലെ ഇതരസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ, 2012-13 മുതൽ 2016-17 വരെയുള്ള കാലഘട്ടത്തിൽ ലേബർ വകുപ്പ് പാലിച്ചത് നിർണ്ണയിക്കുവാനായി ഏപ്രിൽ 2017 മുതൽ ജൂലൈ 2017 വരെയാണ് ഓഡിറ്റ് നടന്നത്. ഐഡിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള സ്ട്രാറ്റിഫൈഡ് സിംപിൾ റാൻഡം സാംപ്ലിങ്ങിലൂടെയാണ് ജില്ലാ ലേബർ ഓഫീസുകളെ തെരഞ്ഞെടുത്തത്. തെരഞ്ഞെടുത്ത ഓരോ ഡിഎൽഒയുടെയും കീഴിലുള്ള രണ്ടു അസിസ്റ്റന്റ് ലേബർ ഓഫീസുകളെ ആ പ്രദേശങ്ങളിലെ ഉയർന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ ഏകീകരണത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തു. തെരഞ്ഞെടുത്ത ജില്ലകളായ

തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നിയമം ബാധകമായ എല്ലാ സ്ഥാപനങ്ങളും കോൺട്രാക്ടർമാരും രജിസ്റ്റർ ചെയ്യപ്പെടുകയും ലൈസൻസ് എടുക്കുകയും ചെയ്തിരുന്നോ എന്നും നിയമം ഐഎസ്എംഡബ്ല്യുവിനുവേണ്ടി വ്യവസ്ഥ ചെയ്തിരുന്ന സൗകര്യങ്ങൾ തൊഴിലാളികൾക്കു ലഭിച്ചിരുന്നോ എന്നും ഓഡിറ്റ് പരിശോധിച്ചു. തെരഞ്ഞെടുത്ത കേസുകളിൽ മുഖ്യ തൊഴിലുടമ/കോൺട്രാക്ടർ സൂക്ഷിച്ചിരുന്ന രേഖകൾ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരുന്നോ എന്നും വ്യവസ്ഥകളുടെ ലംഘനത്തിന് ശിക്ഷാനടപടികൾ സ്വീകരിച്ചോ എന്നും ഓഡിറ്റ് പരിശോധിച്ചു. സർക്കാർ സെക്രട്ടേറിയേറ്റ്, ലേബർ കമ്മീഷണറുടെ ഓഫീസ്, മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകൾ, തെരഞ്ഞെടുത്ത ഡിഎൽഒമാരുടെയും എഎൽഒമാരുടെയും ഓഫീസുകൾ എന്നിവിടങ്ങളിലെ രേഖകളുടെ പരിശോധനയും ഓഡിറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ജോയിന്റ് സെക്രട്ടറി, തൊഴിൽ നൈപുണ്യവകുപ്പ്, അഡീഷണൽ ലേബർ കമ്മീഷണർ, വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുമായി 2017 ഏപ്രിൽ 20-ന് നടന്ന പ്രാരംഭ കൂടിക്കാഴ്ചയിൽ ഓഡിറ്റിന്റെ ലക്ഷ്യങ്ങളും രീതിയും ചർച്ച ചെയ്തു. ജോയിന്റ് സെക്രട്ടറി, തൊഴിൽ നൈപുണ്യവകുപ്പ്, ലേബർ കമ്മീഷണർ-ഇൻ-ചാർജ്ജ് എന്നിവരുമായി 2017 ഒക്ടോബർ 26-നു നടന്ന സമാപന കൂടിക്കാഴ്ചയിൽ ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്തു.

*ഓഡിറ്റ് കണ്ടെത്തലുകൾ*

### 6.2.3 സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും കരാറുകാരുടെ ലൈസൻസിങ്ങും

#### *6.2.3.1 നിയമത്തിനനുസൃതമായി ഇതര സംസ്ഥാന തൊഴിലാളികളെ കണ്ടെത്തുന്നതിലും രജിസ്ട്രേഷനിലും വകുപ്പിനുണ്ടായ അലംഭാവം*

നിയമത്തിനു കീഴിൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുള്ള വ്യവസ്ഥകളാണ് സെക്ഷൻ 4-ൽ വിഭാവനം ചെയ്യുന്നത്. ഈ നിയമപ്രകാരം, നിയമം ബാധകമായിരിക്കുന്ന ഒരു സ്ഥാപനത്തിന്റെ തൊഴിലുടമ[148] രജിസ്ട്രേഷനുവേണ്ടി നിശ്ചിതതുക അടച്ചുകൊണ്ട് രജിസ്ട്രറിങ്ങ് ഓഫീസർക്ക് അപേക്ഷ നൽകേണ്ടതുണ്ട്. നിയമത്തിന്റെ സെക്ഷൻ 1 (4) (എ) പ്രകാരം കഴിഞ്ഞ പന്ത്രണ്ട് മാസങ്ങളിൽ ഏതെങ്കിലും ദിവസം അഞ്ചോ അതിലധികമോ ഐഎസ്എംഡബ്ല്യൂ ജോലി ചെയ്യുന്ന/ചെയ്തിരുന്ന എല്ലാ സ്ഥാപനങ്ങൾക്കും[149] നിയമം ബാധകമാണ്. സെക്ഷൻ 1(4)(ബി) പ്രകാരം നിയമത്തിന്റെ വ്യവസ്ഥകൾ കഴിഞ്ഞ പന്ത്രണ്ട് മാസങ്ങളിൽ ഏതെങ്കിലും ദിവസം അഞ്ചോ അതിലധികമോ ഇതരസംസ്ഥാന തൊഴിലാളികളെ നിയമിച്ചിരിക്കുന്നതോ നിയമിച്ചിരുന്നതോ ആയ എല്ലാ കരാറുകാർക്കും[150] ബാധകമാണ്. സെക്ഷൻ 6 അനുസരിച്ച് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ സാക്ഷ്യപത്രം കൈവശമില്ലാത്ത ഒരു സ്ഥാപനവും ഇതരസംസ്ഥാന തൊഴിലാളികളെ നിയമിക്കാൻ പാടുള്ളതല്ല.

---

148 മുഖ്യതൊഴിലുടമ എന്നാൽ, ഏതെങ്കിലും ഓഫീസുമായോ സർക്കാർ വകുപ്പുമായോ തദ്ദേശ അധികാരസ്ഥാപനവുമായി ബന്ധപ്പെട്ടാണെങ്കിൽ, നിർദ്ദിഷ്ട ഓഫീസിന്റെയോ വകുപ്പിന്റെയോ തദ്ദേശസ്ഥാപനത്തിന്റെയോ മേധാവിയും ഒരു ഖനിയുമായി ബന്ധപ്പെട്ടാണെങ്കിൽ ഖനിയുടെ ഉടമയോ, ഏജന്റോ, മാനേജരോ മറ്റേതെങ്കിലും സ്ഥാപനവുമായി ബന്ധപ്പെട്ടാണെങ്കിൽ സ്ഥാപനത്തിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും ചുമതലപ്പെട്ട ഏതെങ്കിലും വ്യക്തിയും ആണ്.

149 ഏതെങ്കിലും ഓഫീസോ സർക്കാരിന്റെ വകുപ്പോ തദ്ദേശസ്ഥാപനമോ അല്ലെങ്കിൽ ഏതെങ്കിലും വ്യവസായമോ, വ്യാപാരമോ, ബിസിനസ്സോ, ഉത്പാദനമോ, തൊഴിലോ നടത്തിവരുന്ന ഒരു സ്ഥലം.

150 ഒരു സ്ഥാപനവുമായി ബന്ധപ്പെട്ട് കരാറുകാരൻ എന്നതു കൊണ്ടുദ്ദേശിക്കുന്നത്-തൊഴിലാളികളെ നിയമിച്ചുകൊണ്ടും സ്ഥാപനത്തിനാവശ്യമായ തൊഴിലാളികളെ നൽകിക്കൊണ്ടും സാധനങ്ങളുടെയും ഉത്പന്നങ്ങളുടെയും വിതരണം മാത്രമല്ലാതെ, സ്ഥാപനത്തിന് ഒരു നിശ്ചിതഫലം ഉണ്ടാക്കുന്നതിന് ചുമതലപ്പെട്ട ആൾ. ഒരു ഉപകരാറുകാരൻ ഖത്തേദാർ, സർദാർ ഏജന്റ്, അല്ലെങ്കിൽ തൊഴിലാളികളെ നിയമിക്കുകയും തൊഴിലെടുപ്പിക്കുകയും ചെയ്യുന്ന ഏതൊരാളും ഇതിലുൾപ്പെടും.

തൊഴിൽ നൈപുണ്യവകുപ്പ് നൽകിയ വിവരപ്രകാരം 2018 ഫെബ്രുവരിയിൽ സംസ്ഥാനത്തെ 14 ജില്ലകളിലായി രജിസ്റ്റർ ചെയ്ത 783 തൊഴിലുടമകളുടെ കീഴിൽ 45,378 ഇതരസംസ്ഥാന തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. എന്നാൽ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഐഎസ്എംഡബ്ല്യുകളുടെ ആകെ എണ്ണം, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്) നിർണ്ണയിച്ച (ഫെബ്രുവരി 2013) സംസ്ഥാനത്ത് ആകെയുള്ള 25 ലക്ഷം കുടിയേറ്റ തൊഴിലാളികളുടെ, 1.82 ശതമാനം മാത്രമായിരുന്നു.

ആക്ട് അനുസരിച്ച് (ഐഎസ്എംഡബ്ല്യു) ഇതരസംസ്ഥാനതൊഴിലാളികളെ കണ്ടെത്തിയും മുഖ്യ തൊഴിലുടമകളെയും കോൺട്രാക്ടർമാരെയും രജിസ്റ്റർ ചെയ്തും നിയമാനുസൃതമായ ആനുകൂല്യങ്ങൾ ഈ തൊഴിലാളികൾക്ക് ലഭിച്ചിരുന്നു എന്നുറപ്പുവരുത്തുന്നതിൽ വകുപ്പ് വേണ്ടത്ര സന്നദ്ധമായിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചത് താഴെപ്പറയുന്ന ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു. തെരഞ്ഞെടുത്ത ആറ് ജില്ലകളിൽ ഇതരസംസ്ഥാന തൊഴിലാളികളെ നിയമിച്ചിരുന്ന 97,695 സ്ഥാപനങ്ങളെങ്കിലും[151] (2017 സെപ്തംബർ) ഉണ്ടായിരുന്നതായി വകുപ്പ് പ്രസ്താവിച്ചു. ഇവയെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാമായിരുന്നു. ആക്ട് അനുസരിച്ച് നിയുക്ത ഇൻസ്പെക്ടർ ആയിരുന്ന പെരുമ്പാവൂർ ഏഎൽഒയ്ക്കൊപ്പം ഓഡിറ്റ് നടത്തിയ സംയുക്ത പരിശോധനയിൽ എറണാകുളം ജില്ലയിൽ പെരുമ്പാവൂരിലെ കുന്നത്തുനാട് താലൂക്കിൽ, ഇതര സംസ്ഥാന തൊഴിലാളികൾ പണിയെടുത്തിരുന്ന എട്ടു പ്ലൈവുഡ് ഫാക്ടറികൾ നിയമത്തിനുകീഴിൽ രജിസ്റ്റർ ചെയ്തിരുന്നില്ലെന്നു കണ്ടെത്തി. സംയുക്ത പരിശോധന നടന്ന ദിവസം (2017 ജൂൺ 13), പ്രസ്തുത ഫാക്ടറികൾ 21 മുതൽ 75 വരെ ഇതരസംസ്ഥാന തൊഴിലാളികളെ (16 സ്ത്രീകൾ ഉൾപ്പെടെ) ജോലി ചെയ്യിച്ചിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു (**അനുബന്ധം 6.1**). ഈ എട്ടു ഫാക്ടറികളിൽ മൂന്നെണ്ണത്തിലായി, പരിശോധനയുടെ സമയത്ത് ഭൗതികമായി 100 തൊഴിലാളികൾ സന്നിഹിതരായിരുന്നുവെങ്കിലും, 46 തൊഴിലാളികളെ മാത്രമാണ് മസ്റ്റർറോളിൽ ഉൾപ്പെടുത്തിയിരുന്നത്. കണ്ണൂരിലെ ധർമ്മശാല ആഡിറ്റോറിയം ആന്റ് കൺവെൻഷൻ സെന്ററിന്റെ നിർമ്മാണസ്ഥലത്ത് നടത്തിയ സംയുക്തപരിശോധനയിൽ, (2017 ജൂലൈ 19) മൂന്ന് സംയുക്ത തൊഴിലുടമകളും, ഒരു കരാറുകാരനും 18 ഇതരസംസ്ഥാന തൊഴിലാളികളും തൊഴിൽസ്ഥലത്ത് ഉണ്ടായിരുന്നെങ്കിലും, തൊഴിലുടമകൾ രജിസ്ട്രേഷനുവേണ്ടിയോ തൊഴിലാളികളെ ഏർപ്പെടുത്തുവാൻ വേണ്ടി കരാറുകാരൻ ലൈസൻസിനോ അപേക്ഷിച്ചിരുന്നില്ലെന്ന് വെളിവായി. രേഖകൾ സൂക്ഷിക്കാതെ, നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ സ്ഥാപനം ലംഘിച്ചിരുന്നെങ്കിലും രജിസ്റ്ററിങ്ങ് അധികാരിയായ കണ്ണൂർ ഡിഎൽഒ സ്ഥാപനത്തിനെതിരെ നടപടിയൊന്നും കൈക്കൊണ്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ലേബർ വകുപ്പിന്റെ കൈവശമുള്ള സംസ്ഥാനത്തെ ഇതരസംസ്ഥാന തൊഴിലാളികളുടെ ആകെ എണ്ണം ആനുമാനികമായിരുന്നുവെന്നും, ഗിഫ്റ്റ് പുറത്തുവിട്ട കണക്കുകൾ സമകാലികമായിരുന്നില്ലെന്നും ലേബർ കമ്മീഷണർ സമാപനകൂടിക്കാഴ്ചയിൽ (2017 ഒക്ടോബർ) വ്യക്തമാക്കി. വകുപ്പ് ഇതരസംസ്ഥാന തൊഴിലാളികളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണെന്നും, സംസ്ഥാനത്തൊട്ടാകെയുള്ള അവരുടെ എണ്ണത്തെക്കുറിച്ചുള്ള ആധികാരിക വിവരങ്ങൾ 2017 ഡിസംബറോടുകൂടിത്തന്നെ ലഭ്യമാകുമെന്നും അദ്ദേഹം അറിയിച്ചു. സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ, ഫാക്ടറികൾ, കടകൾ, വാണിജ്യസ്ഥാപനങ്ങൾ, നിർമ്മാണസ്ഥലങ്ങൾ എന്നിവിടങ്ങളിലെ തൊഴിലുടമകളുടെയും ഇതരസംസ്ഥാനതൊഴിലാളികളുടെയും

[151] ഫാക്ടറികൾ, ചെരുപ്പ് നിർമ്മാണ യൂണിറ്റുകൾ, കടകളും സ്ഥാപനങ്ങളും, സ്റ്റീൽ വ്യവസായങ്ങൾ എന്നിവ.

എണ്ണത്തെക്കുറിച്ചുള്ള ആധികാരികമായ, ഇനം തിരിച്ചുള്ള കണക്കുകൾ വകുപ്പിന്റെ കൈവശമുണ്ടായിരുന്നില്ലെന്നും പ്രസ്താവിക്കപ്പെട്ടു.

ഇതരസംസ്ഥാന തൊഴിലാളികളെ കരാറുകാരനിൽ കൂടിയല്ലാതെ തൊഴിലുടമ നേരിട്ടു നിയമിക്കുന്നതിനാൽ, നിയമാനുസൃതമായ രജിസ്ട്രേഷനും ലൈസൻസും അവർക്ക് ബാധകമാകുന്നില്ലെന്ന് അഡീഷണൽ ലേബർ കമ്മീഷണറും തെരഞ്ഞെടുത്ത ആറ് ജില്ലകളിലെ ഡിഎൽഒമാരും അഭിപ്രായപ്പെട്ടു (2017 ജൂൺ). മറ്റു സംസ്ഥാനങ്ങളിൽ നിന്നു നിയമിക്കപ്പെട്ട ഇത്തരം തൊഴിലാളികൾക്ക് നിയമത്തിന്റെ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഫലപ്രദമാക്കുന്നതിനായി, നിയമിക്കപ്പെട്ട ഇതരസംസ്ഥാന തൊഴിലാളികൾ യഥാർത്ഥത്തിൽ ഇതരസംസ്ഥാന തൊഴിലാളികൾ തന്നെയോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട് എന്ന് ബന്ധുവ മുക്തിമോർച്ച വേഴ്സസ് ദി യൂണിയൻ ഓഫ് ഇന്ത്യ ആന്റ് അദേഴ്സ്[152] 1983 എന്ന കേസിൽ സുപ്രീംകോടതി നിരീക്ഷിച്ചിട്ടുള്ളതിനാൽ മേല്പറഞ്ഞ മറുപടി സ്വീകാര്യമല്ല. സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് സുപ്രീംകോടതി വിധിയുടെ പ്രായോഗികത പരിശോധിക്കുമെന്ന് സമാപനകൂടിക്കാഴ്ചയിൽ (2017 ഒക്ടോബർ) ലേബർ കമ്മീഷണർ ഉറപ്പുനൽകി. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി ആരംഭിക്കാൻ സർക്കാർ ബാദ്ധ്യസ്ഥമായിരുന്നതിനാൽ ലേബർ കമ്മീഷണറുടെ മറുപടി സ്വീകാര്യമല്ല.

കൂടാതെ, സെക്ഷനുകൾ 20(2)(എ)യും 20(2)(ബി)യും നിയമത്തിന്റെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്നുറപ്പു വരുത്തുന്നതിനു വേണ്ടി, വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഇതരസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നതായി സംശയിക്കപ്പെടുന്ന ഏതു പരിസരത്തിലേക്കും പ്രവേശിക്കുന്നതിനും, അവിടെ കാണപ്പെടുന്ന ഏതൊരാളെയും അയാൾ ഇതരസംസ്ഥാന തൊഴിലാളിയാണോ എന്നു പരിശോധിച്ചു നിർണ്ണയിക്കുന്നതിനും അധികാരം നൽകിയിരിക്കുന്നു. 2012-17 കാലഘട്ടത്തിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ 28 മറ്റു തൊഴിൽ നിയമങ്ങളുടെ കീഴിൽ 5,95,177 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയപ്പോൾ, ഇതരസംസ്ഥാനകുടിയേറ്റ തൊഴിലാളി നിയമത്തിന്റെ അനുവർത്തിത്വം വെറും 5,561 സ്ഥാപനങ്ങളിൽ മാത്രമാണ് പരിശോധിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നിയമത്തിന്റെ അനുഛേദം 3 പ്രകാരം നിയമിക്കപ്പെട്ട രജിസ്റ്ററിങ്ങ് ഓഫീസറായ ഡിഎൽഒ (എൻഫോഴ്സ്മെന്റ്) ആകട്ടെ, ഇതരസംസ്ഥാന തൊഴിലാളികളെ നിയമിക്കുന്ന എല്ലാ സ്ഥാപനങ്ങളും നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്തിരുന്നു എന്നുറപ്പുവരുത്തുവാൻ ഒരു സംവിധാനം രൂപീകരിച്ചില്ല. ഇൻസ്പെക്ടർമാരുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് വകുപ്പിന്റെ പരിശോധനാ വിഭാഗം ശക്തിപ്പെടുത്തേണ്ടതാണ്.

#### *6.2.3.2 നിയമാനുസൃതമായ ലൈസൻസ് ഇല്ലാതെ കരാറുകാരൻ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിച്ചത്*

നിയമത്തിന്റെ സെക്ഷൻ 8(1) അനുശാസിച്ചത്, നിയമം ബാധകമായ ഒരു കോൺട്രാക്ടറും നിയമാനുസൃതമായ ലൈസൻസില്ലാതെ ഒരു സംസ്ഥാനത്തിൽ നിന്നും ഒരാളെ മറ്റൊരു സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഒരു സ്ഥാപനത്തിൽ തൊഴിലെടുക്കുന്നതിനായി, നിയമിക്കാൻ പാടുള്ളതല്ല. കേരളത്തിൽ നിയമത്തിന്റെ ഈ വ്യവസ്ഥയുടെ പാലനത്തിന്റെ മേൽനോട്ടത്തിനായി ചുമതലപ്പെട്ട അധികാരി ഡിഎൽഒ (എൻഫോഴ്സ്മെന്റ്) ആണ്. നിയമത്തിന്റെ സെക്ഷൻ 20 പ്രകാരം നിയമിക്കപ്പെട്ട ഇൻസ്പെക്ടർമാർക്ക് നിയമവ്യവസ്ഥകളുടെ ലംഘനത്തിനെതിരെ സെക്ഷനുകൾ 25-ഉം 26-ഉം പ്രകാരം ശിക്ഷാനടപടികൾ

[152] ഹരിയാനയിലെ കരിങ്കൽ ക്വാറികളിലും ക്രഷർ യൂണിറ്റുകളിലും പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ നിയമനത്തെ സംബന്ധിച്ച്.

കൈക്കൊള്ളാവുന്നതാണ്. സെക്ഷൻ 25 ഇതരസംസ്ഥാന തൊഴിലാളികളുടെ നിയമനസംബന്ധമായ വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷാനടപടികൾ നിർദ്ദേശിക്കുന്നു. സെക്ഷൻ 26 ആകട്ടെ പിഴയെക്കുറിച്ച് മറ്റെവിടെയും പരാമർശമില്ലാത്ത മറ്റു നിയമലംഘനങ്ങളെയും ഉൾപ്പെടുത്തിയിരുന്നു.

തെരഞ്ഞെടുത്ത രണ്ട് ജില്ലകളിൽ നിരീക്ഷിച്ച പ്രസ്തുത വ്യവസ്ഥകളുടെ ലംഘനം താഴെ വിവരിച്ചിരിക്കുന്നു.

കണ്ണൂർ ഡിഎൽഒയുടെ ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ രജിസ്റ്റർ ചെയ്ത എട്ട് സ്ഥാപനങ്ങളിൽ നാലിലും 2016-17-ൽ കരാറുകാർ ലൈസൻസിന് അപേക്ഷിക്കുകയോ/ലഭിക്കുകയോ ചെയ്തിട്ടില്ലെന്ന് വെളിപ്പെട്ടു. ഡിഎൽഒ കൊല്ലത്തിന്റെ പരിധിയിലാകട്ടെ അസറ്റ് ഗ്രാൻഡിയോസ്, കൊല്ലം എന്ന രജിസ്റ്റർ ചെയ്ത തൊഴിലുടമയുടെ കീഴിലുള്ള കരാറുകാരൻ 20 ഇതരസംസ്ഥാന തൊഴിലാളികളെ അധികമായി തൊഴിലിലേർപ്പെടുത്താൻ ലൈസൻസ് എടുത്തിരുന്നില്ല. തൊഴിലുടമ ആദ്യം നിയമിച്ച അഞ്ച് തൊഴിലാളികളുടെ സ്ഥാനത്ത് 25 ഇതരസംസ്ഥാന തൊഴിലാളികളെ ഏർപ്പെടുത്തുന്നതിനുള്ള പുതുക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈപ്പറ്റിയെങ്കിലും തൊഴിലാളികളെ ഏർപ്പാടാക്കിയ കരാറുകാരൻ തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കാണിച്ചുകൊണ്ട് ലൈസൻസ് പുതുക്കുകയോ ഒരു തൊഴിലാളിക്ക് ₹2,000 എന്ന നിരക്കിൽ ₹40,000 അധിക സെക്യൂരിറ്റി തുകയായി അടയ്ക്കുകയോ ചെയ്തില്ല. നിയമത്തിനു കീഴിൽ ലൈസൻസ് ലഭിക്കുന്നതിന് കരാറുകാർ ഒരു തൊഴിലാളിക്ക് ₹2,000 കരുതൽ നിക്ഷേപ തുകയായി അടയ്ക്കേണ്ടതുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കേരളസർക്കാർ സ്പോൺസർ ചെയ്ത ഗിഫ്റ്റിന്റെ പഠനം 2012-13-ൽ 25 ലക്ഷം ഇതരസംസ്ഥാന തൊഴിലാളികളെ കണ്ടെത്തിയിരുന്നതിനാൽ കരുതൽ നിക്ഷേപ തുക ഇനത്തിൽ സംസ്ഥാനം ₹320.92 കോടി[153]യെങ്കിലും നഷ്ടപ്പെടുത്തിയതായി ഓഡിറ്റ് വിലയിരുത്തി.

നിയമത്തിന്റെ സെക്ഷൻ 7 പ്രകാരം ലൈസൻസിങ്ങ് അധികാരിയായ ഡിഎൽഒ (എൻഫോഴ്സ്മെന്റ്) നിയമലംഘകർക്കെതിരെ സെക്ഷൻ 25 പ്രകാരം നടപടിക്രമങ്ങൾ ആരംഭിക്കുന്നതിൽ പരാജയപ്പെട്ടു.

കണ്ണൂരിലെയും കൊല്ലത്തെയും ഡിഎൽഒമാർ ഉൾപ്പെടെയുള്ള ലൈസൻസിങ്ങ്/ രജിസ്ട്രറിങ്ങ് അധികാരികൾക്ക് ആവശ്യമായ രജിസ്ട്രേഷൻ/ലൈസൻസ് ആനുകാലികമാക്കുന്നതും/പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനും വ്യവസ്ഥകളുടെ ലംഘനത്തിനെതിരെ നിയമനടപടികൾ ആരംഭിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അഡീഷണൽ ലേബർ കമ്മീഷണർ പ്രസ്താവിച്ചു (2017 ഒക്ടോബർ).

### 6.2.3.3 ആവശ്യമായ ലൈസൻസുകൾ ഇല്ലാത്ത കോൺട്രാക്ടർമാർ

നിയമത്തിന്റെ സെക്ഷനുകൾ 8 എ (ii)-ഉം 8 ബി (ii)-ഉം അനുസരിച്ച് ഒരു സംസ്ഥാനത്തുനിന്നും ഇതരസംസ്ഥാന തൊഴിലാളികളെ മറ്റൊരു സംസ്ഥാനത്ത് ജോലിചെയ്യുവാനായി നിയമിക്കുന്ന കോൺട്രാക്ടർമാരും ഏതെങ്കിലുമൊരു സംസ്ഥാനത്ത് ജോലി ചെയ്യുവാനായി മറ്റൊരു സംസ്ഥാനത്തു നിന്ന് ആളുകളെ നിയമിക്കുന്ന കോൺട്രാക്ടർമാരും കുടിയേറ്റ തൊഴിലാളിയുടെ സ്വന്തം സംസ്ഥാനത്തിലെയും ജോലി ലഭിക്കുന്ന സംസ്ഥാനത്തിലെയും ബന്ധപ്പെട്ട അധികാരികളിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസുകൾ നേടിയിരിക്കണം.

[153] ഗിഫ്റ്റ് റിപ്പോർട്ട് അനുസരിച്ച് 25 ലക്ഷം കുടിയേറ്റക്കാരിൽ 66 ശതമാനം (16.5 ലക്ഷം) കരാറുകാരിലൂടെ നിയമിക്കപ്പെടുന്നു. (16.5 ലക്ഷം - 45,378) x ₹2,000 = ₹320.92 കോടി

ഓഡിറ്റ് പരിശോധന നടത്തിയ ആറ് ജില്ലകളിൽ 2012-13 മുതൽ 2016-17 വരെയുള്ള കാലഘട്ടത്തിൽ **പട്ടിക 6.3**-ൽ കാണിച്ചിരിക്കുന്നതുപോലെ 35,250 ഇതരസംസ്ഥാന തൊഴിലാളികളെ നിയമിച്ച നിയമാനുസൃതമായ ലൈസൻസുകൾ കൈവശമുള്ള 736 കരാറുകാരുണ്ടായിരുന്നു.

**പട്ടിക 6.3: കരാറുകാരിലൂടെ നിയമിക്കപ്പെട്ട ഇതരസംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ**

| ജില്ലയുടെ പേര് | കരാറുകാരുടെ ആകെ എണ്ണം | കരാറുകാരിലൂടെ നിയമിക്കപ്പെട്ട ഇതരസംസ്ഥാന തൊഴിലാളികളുടെ ആകെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 215 | 12090 |
| കൊല്ലം | 40 | 813 |
| കോഴിക്കോട് | 97 | 2821 |
| കോട്ടയം | 93 | 1754 |
| എറണാകുളം | 268 | 16920 |
| കണ്ണൂർ | 23 | 852 |
| ആകെ | 736 | 35250 |

*(ഉറവിടം: ലേബർ കമ്മീഷണറുടെ ഓഫീസ്)*

ചട്ടം 21(1) പ്രകാരം ഓരോ കരാറുകാരനും കുടിയേറ്റ തൊഴിലാളികളുടെ നിയമനത്തെയും ജോലി നൽകലിനെയും കുറിച്ചുള്ള വിവരങ്ങൾ ഫോറം X-ൽ നിർദ്ദിഷ്ട അധികാരികൾക്ക് നൽകേണ്ടതാണ്. കൂടാതെ ചട്ടം 24 പ്രകാരം ഓരോ കരാറുകാരനും പണി നിറുത്തലാക്കിയ കുടിയേറ്റ തൊഴിലാളികളുടെ വിശദാംശങ്ങൾ, വ്യക്തിഗതമായോ രജിസ്റ്റേർഡ് പോസ്റ്റ് വഴിയോ നിർദ്ദിഷ്ട അധികാരികൾക്ക് ഫോറം XI-ൽ എത്തിക്കേണ്ടതാണ്. ഈ വിവരങ്ങൾ തൊഴിലാളി ജോലിയിൽ തുടരാതായി 15 ദിവസങ്ങൾക്കകം അധികാരികൾക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്.

കേരളത്തിൽ ജോലി നൽകുന്നതിനായി തൊഴിലാളിയെ ഇതരസംസ്ഥാനത്തു നിന്നും നിയമിക്കുന്നതിന് കരാറുകാരൻ ആ സംസ്ഥാനത്തെ ബന്ധപ്പെട്ട അധികാരിയിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് എടുത്തിരുന്നോ എന്നുറപ്പുവരുത്താതെയാണ് വകുപ്പ് കരാറുകാർക്ക് ലൈസൻസ് നൽകിയിരുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ആറു തെരഞ്ഞെടുത്ത ജില്ലകളിൽ ഒന്നിലും ഫോറങ്ങൾ X-ലും XI-ലും വിശദാംശങ്ങൾ സമർപ്പിച്ചിരുന്നോ എന്ന് ഉറപ്പുവരുത്തിയിരുന്നില്ല.

നിയമനം നടന്ന സംസ്ഥാനത്തിൽ നിന്നും ലഭിച്ച ലൈസൻസുകൾ കരാറുകാരുടെ കൈവശമുണ്ടായിരുന്നോ എന്നു പരിശോധിച്ചിരുന്നില്ല എന്ന് എല്ലാ തെരഞ്ഞെടുത്ത ജില്ലകളിലെ ഡി.എൽ.ഒമാരും വ്യക്തമാക്കി. സംസ്ഥാനത്ത് പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾ അവരുടെ സ്വന്തം സംസ്ഥാനത്തു നിന്നു കരാറുകാരിലൂടെ നിയമിക്കപ്പെട്ടവരല്ലെന്നും നേരിട്ട് സംസ്ഥാനത്തേക്കു വന്നുചേർന്നവരാണെന്നും ഈ കാരണത്താൽ നിയമത്തിൽ അനുശാസിക്കുന്നപോലെ അവർക്കു ജോലി നൽകുന്ന കരാറുകാർ, നിയമിക്കപ്പെട്ട സംസ്ഥാനത്തെ ലൈസൻസ് ഉറപ്പുവരുത്തേണ്ടതില്ലെന്നും കൊല്ലം, എറണാകുളം എന്നിവിടങ്ങളിലെ ഡി.എൽ.ഒമാർ പ്രസ്താവിച്ചു.

സെക്ഷൻ 20(2)(ബി) പ്രകാരം തൊഴിലിടങ്ങളിൽ പണിയെടുക്കുന്ന ആളുകൾ ഇതരസംസ്ഥാന തൊഴിലാളികളാണോ അല്ലയോ എന്ന് ഇൻസ്പെക്ടർമാർ നിർണ്ണയിക്കേണ്ടിയിരുന്നു. ഇത് ഉറപ്പുവരുത്താത്തതിനാൽ മറുപടി സ്വീകാര്യമല്ല. ഇതരസംസ്ഥാന തൊഴിലാളി നിയമം/ചട്ടങ്ങളിലെ വ്യവസ്ഥകളുടെ നടപ്പാക്കലിന് വേണ്ട ശ്രദ്ധ നൽകിയിരുന്നില്ല എന്ന് ഇത് സൂചിപ്പിക്കുന്നു.

സമാപനകൂടിക്കാഴ്ചയിൽ (2017 ഒക്ടോബർ) ലേബർ കമ്മീഷണർ, സ്വന്തം സംസ്ഥാനത്തിൽ നിന്നും ലൈസൻസുകൾ നൽകിയിരുന്നില്ല എന്ന് സ്ഥിരീകരിച്ചു.

നിയമത്തിലെ വ്യവസ്ഥകളെ മറികടന്ന്, സ്വന്തം നാട്ടിലെ ലൈസൻസ് കൈവശമുണ്ടോ എന്നുറപ്പു വരുത്താതെ ലൈസൻസുകൾ നൽകിയത് ശരിയായില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്വന്തം സംസ്ഥാനത്തുനിന്നും ഇത്തരം ലൈസൻസുകൾ ലഭിച്ചിരുന്നോ എന്നു പരിശോധിക്കുന്നതിൽ ഡിഎൽഒ (എൻഫോഴ്സ്മെന്റ്) മാർക്കുണ്ടായ പരാജയം മൂലം ഇതരസംസ്ഥാന തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളായ സ്ഥലംമാറ്റത്തിനും പുറത്തേക്കുള്ള യാത്രയ്ക്കുമുള്ള ബത്ത, നിയമനം നടന്ന തീയതി മുതൽക്കുള്ള വേതനം[154], എന്നിവ ഉറപ്പുവരുത്തുവാൻ വകുപ്പിന് കഴിയാതെപോയി.

### *6.2.3.4 കരാറുകാർ ലൈസൻസ് പുതുക്കാൻ താമസിച്ചത്*

കേരള ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിലും തൊഴിൽ വ്യവസ്ഥകളും) ചട്ടങ്ങളിലെ (ചട്ടങ്ങൾ) ചട്ടം 14(1), ഓരോ കരാറുകാരനും ലൈസൻസ് പുതുക്കുന്നതിന് ലൈസൻസിങ് ഓഫീസറോട് അപേക്ഷിക്കണമെന്നും പുതുക്കിയ ഓരോ ലൈസൻസും പുതുക്കിയ തീയതി മുതൽ 12 മാസത്തേക്കു കൂടി പ്രാബല്യത്തിലുണ്ടാകുമെന്നും അനുശാസിക്കുന്നു. ലൈസൻസിന്റെ കാലാവധി തീരുന്ന തീയതിക്ക് 30 ദിവസങ്ങൾക്ക് മുൻപായെങ്കിലും അപേക്ഷ സമർപ്പിക്കണമെന്നും ചട്ടം 14(2) വ്യക്തമാക്കുന്നു. നിയമത്തിനു കീഴിൽ ലൈസൻസിങ് അധികാരി ഡിഎൽഒ (എൻഫോഴ്സ്മെന്റ്) ആണ്.

ചട്ടങ്ങളിലെ ചട്ടം 14(3)-ലെ ഉപാധിയനുസരിച്ച് ലൈസൻസ് പുതുക്കുന്നതിൽ താമസം വരുത്തുന്ന കേസുകളിൽ സാധാരണരീതിയിൽ അടയ്ക്കേണ്ട തുകയുടെ 25 ശതമാനം കൂടുതൽ ഫീസ് ഈടാക്കിയാണ് ലൈസൻസ് നൽകിവരുന്നത്. എന്നാൽ, നിയമാനുസൃതമായ ലൈസൻസുകൾ കൈവശമുള്ള ഓരോ പ്രവർത്തനനിരതനായ കരാറുകാരനും കാലാവധി തീരുന്നതനുസരിച്ച് ലൈസൻസുകൾ പുതുക്കുന്നു എന്നുറപ്പ് വരുത്തുവാനുള്ള ഒരു സംവിധാനം നിലവിലില്ലായിരുന്നു.

കോഴിക്കോട് ജില്ലയിൽ ലൈസൻസ് പുതുക്കുന്നതിലുള്ള കാലതാമസം ഒന്നു മുതൽ രണ്ടുവരെ മാസങ്ങളായിരുന്നപ്പോൾ, കണ്ണൂർ ജില്ലയിൽ ഒന്നു മുതൽ ഏഴ് വരെ മാസങ്ങളായിരുന്നു. എറണാകുളം, കൊല്ലം, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിലെ ഡിഎൽഒമാരുടെ കൈവശം പുതുക്കലിനുണ്ടായ കാലതാമസത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ലായിരുന്നു. ലൈസൻസ് പുതുക്കുന്നതിനായി ഒരു നിശ്ചിത തീയതി ഇല്ലാത്തതിനാൽ വ്യക്തിഗത കേസുകളിൽ പുതുക്കൽ തീയതി ലഭിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും അതിനായി സോഫ്റ്റ്‌വെയർ നവീകരിക്കേണ്ടതുണ്ടെന്നും എറണാകുളം ഡിഎൽഒ പ്രസ്താവിച്ചു (2017 സെപ്തംബർ). നിശ്ചിത തീയതിക്കുള്ളിൽ കരാറുകാർക്ക് നോട്ടീസുകൾ നൽകുന്നുണ്ടെന്ന് ഡിഎൽഒ കൊല്ലം പ്രസ്താവിച്ചപ്പോൾ (2017 സെപ്തംബർ), രജിസ്റ്ററുകളിലോ ലേബർ കമ്മീഷണർ ഓട്ടോമേഷൻ സിസ്റ്റത്തിലോ (എൽസിഎഎസ്) ലൈസൻസ് പുതുക്കുന്ന തീയതികളെ സംബന്ധിച്ച് വിവരങ്ങളൊന്നും വകുപ്പിനു ലഭ്യമല്ലെന്ന് തിരുവനന്തപുരം, കോട്ടയം ഡിഎൽഒമാർ അഭിപ്രായപ്പെട്ടു (2017 സെപ്തംബർ). ലൈസൻസ് സമയബന്ധിതമായി പുതുക്കുന്നത് ഉറപ്പുവരുത്തുവാനുള്ള ഒരു മേൽനോട്ടസംവിധാനം ഇല്ലായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. മാസ/ചതുർമാസ റിട്ടേണുകളോ റിപ്പോർട്ടുകളോ നിർദ്ദേശിച്ചിരുന്നില്ല.

ലൈസൻസുകൾ പുതുക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ ബന്ധപ്പെട്ട ഡിഎൽഒ മാരിൽ നിന്ന്

[154] നിയമത്തിന്റെ 14-ഉം 15-ഉം സെക്ഷനുകൾ.

ആരായുമെന്ന് സമാപനകൂടിക്കാഴ്ചയിൽ ലേബർ കമ്മീഷണർ പ്രസ്താവിച്ചു (2017 ഒക്ടോബർ).

### 6.2.4 ക്ഷേമവ്യവസ്ഥകളുടെയും പ്രവർത്തനങ്ങളുടെയും നടപ്പാക്കൽ

നിയമത്തിന്റെ 13 മുതൽ 18 വരെയുള്ള സെക്ഷനുകൾ ഇതരസംസ്ഥാന തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനത്തെയും മറ്റു ക്ഷേമപ്രവർത്തനങ്ങളെയും സംബന്ധിച്ച കരാറുകാരുടെ ഉത്തരവാദിത്തങ്ങൾ നിഷ്കർഷിക്കുന്നു.

ഓഡിറ്റ് പരിശോധന നടത്തിയ ആറ് ജില്ലകളിലായി 35,250 ഇതരസംസ്ഥാന തൊഴിലാളികളെ നിയമിക്കുന്ന റജിസ്റ്റർ ചെയ്ത 420 തൊഴിലുടമകളും ലൈസൻസ് കൈവശമുള്ള 736 കരാറുകാരും ഉണ്ടായിരുന്നു. ഓഡിറ്റിനിടെ ശ്രദ്ധയിൽപ്പെട്ട ചില വ്യവസ്ഥാലംഘനങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

#### *6.2.4.1 ഡിസ്പ്ലേസ്മെന്റ് ബത്ത നൽകാതിരുന്നത്*

നിയമത്തിന്റെ സെക്ഷൻ 14(1)-ഉം ചട്ടങ്ങളിലെ ചട്ടം 50-ഉം പ്രകാരം ഒരു ഇതരസംസ്ഥാനതൊഴിലാളിക്ക് അയാളെ ജോലിയിൽ നിയമിക്കുന്ന സമയത്ത്, മാസവേതനത്തിന്റെ 50 ശതമാനമോ ₹75, ഏതാണോ കൂടുതൽ, അതിനു തുല്യമായ ഡിസ്പ്ലേസ്മെന്റ് ബത്ത കരാറുകാരൻ നൽകണം. ഓരോ കരാറുകാരനും നൽകേണ്ട ഡിസ്പ്ലേസ്മെന്റ് ബത്തയുടെയും പുറത്തേക്കുള്ള യാത്രാബത്തയുടെയും രേഖ ഫോറം XV ൽ സൂക്ഷിക്കേണ്ടതാണ്.

പരിശോധന നടന്ന ആറ് ജില്ലകളിലും സെക്ഷൻ 14(1) പ്രകാരം കരാറുകാരനോ കരാറുകാരൻ വീഴ്ച വരുത്തുന്നപക്ഷം സെക്ഷൻ 18 പ്രകാരം ബാദ്ധ്യസ്ഥനായ തൊഴിലുടമയോ വേതനങ്ങൾ നൽകിയിട്ടില്ലെന്ന് ഡിഎൽഒ (എൻഫോഴ്സ്മെന്റ്)മാർ വ്യക്തമാക്കി. കരാറുകാർ നിയമാനുസൃതമായ ഫോറം XV സൂക്ഷിച്ചിരുന്നില്ലെന്നും സംയുക്ത പരിശോധനയിൽ വെളിപ്പെട്ടു (**അനുബന്ധം 6.2**).

മേല്പറഞ്ഞ വസ്തുതകളെക്കുറിച്ച് ആവശ്യമായ വിവരങ്ങളൊന്നും സംയുക്തപരിശോധന നടത്തപ്പെട്ട രേഖകളിൽ ഇല്ലായിരുന്നു. അങ്ങനെ നിയമത്തിൽ അനുശാസിക്കുന്ന ചുമതല വകുപ്പ് നിറവേറ്റിയില്ല എന്ന് വ്യക്തമായി.

#### *6.2.4.2 യാത്രാബത്ത നൽകാതിരുന്നത്*

സെക്ഷൻ 15 പ്രകാരം ഒരു ഇതരസംസ്ഥാന തൊഴിലാളിക്ക് സ്വന്തം സംസ്ഥാനത്തെ താമസസ്ഥലത്തുനിന്നും മറ്റൊരു സംസ്ഥാനത്തെ തൊഴിലിടത്തേക്കും തിരിച്ചുമുള്ള യാത്രക്കൂലിയിൽ കുറയാത്ത തുക കരാറുകാരൻ യാത്രാബത്തയായി നൽകേണ്ടതുണ്ട്. കൂടാതെ, ഈ തൊഴിലാളിക്ക് യാത്ര ചെയ്ത ദിവസങ്ങളെ ഡ്യൂട്ടി ആയി കണക്കാക്കി അർഹതപ്പെട്ട വേതനവും നൽകേണ്ടതാണ്. ചട്ടം 50 പ്രകാരം ഓരോ കരാറുകാരനും തിരിച്ചുള്ള യാത്രയുടെ ബത്ത രേഖപ്പെടുത്താൻ ഫോറം XVI-ൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

തെരഞ്ഞെടുത്ത ആറ് ജില്ലകളിൽ 2012-17 കാലഘട്ടത്തിൽ 736 കരാറുകാർ നിയമാനുസൃതമായ ലൈസൻസ് കൈവശം വയ്ക്കുകയും 35,250 ഇതരസംസ്ഥാനതൊഴിലാളികളെ തൊഴിലെടുപ്പിക്കുകയും ചെയ്തു. തെരഞ്ഞെടുത്ത ആറ് ജില്ലകളിലൊന്നും തന്നെ തൊഴിലാളികൾക്ക് യാത്രാബത്ത നൽകിയില്ല എന്ന് ഓഡിറ്റ് കണ്ടെത്തി. ജില്ലകളിലൊന്നും കരാറുകാർ ഫോറം XVI സൂക്ഷിച്ചിരുന്നില്ല. നിയമത്തിന്റെ സെക്ഷനുകൾ 15-ന്റെയും 18(1)-ന്റെയും ലംഘനത്തിന് സെക്ഷനുകൾ 25-ഉം 26-ഉം പ്രകാരമുള്ള പിഴയൊന്നും ഈടാക്കിയില്ല.

തൊഴിലാളികൾ സ്വന്തം സംസ്ഥാനത്തിൽ വച്ച് നിയമിക്കപ്പെട്ടാൽ മാത്രമേ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം ബാധകമാവൂ എന്ന് ഖണ്ഡികകൾ 6.2.4.1-നും 6.2.4.2-നും നൽകിയ മറുപടിയിൽ സർക്കാർ വ്യക്തമാക്കി (2017 ഒക്ടോബർ). ഇതരസംസ്ഥാന തൊഴിലാളികളിൽ ഭൂരിഭാഗവും ലക്ഷ്യസ്ഥാനത്തെത്തിയതിനുശേഷം ജോലിയിൽ നിയമിക്കപ്പെടുന്നതിനാൽ നിയമത്തിന്റെ വ്യവസ്ഥകൾ ബാധകമാക്കാൻ സാധിക്കാതെ പോകുന്നു. ഇൻസ്പെക്ടർമാർ തൊഴിലിടങ്ങൾ സന്ദർശിച്ച് ഇത്തരം സ്ഥലങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾ ഇതരസംസ്ഥാന തൊഴിലാളികളാണോ അല്ലയോ എന്നു നിർണ്ണയിക്കുക വഴി സെക്ഷൻ 20(2)(ബി)യുടെ വ്യവസ്ഥകൾ പാലിക്കപ്പെട്ടു എന്നുറപ്പു വരുത്തുന്നതിൽ ലേബർ വകുപ്പ് പരാജയപ്പെട്ടതിനാൽ ഈ മറുപടി സ്വീകാര്യമല്ല.

ഇതരസംസ്ഥാന തൊഴിലാളിയുടെ സ്വന്തം സംസ്ഥാനത്തിൽ നിന്നും ജോലിയിൽ നിയമിക്കപ്പെട്ട സംസ്ഥാനത്തിൽ നിന്നും ലൈസൻസുകൾ ഉറപ്പാക്കാത്തതിനാൽ, തൊഴിലാളികൾക്ക് ഡിസ്പ്ലേസ്മെന്റ് ബത്തയും യാത്രാബത്തയും നൽകുവാൻ വകുപ്പിന് സാധിച്ചില്ല എന്ന് ലേബർ കമ്മീഷണർ സമാപന കൂടിക്കാഴ്ചയിൽ (2017 ഒക്ടോബർ) പ്രസ്താവിച്ചു. ഡിസ്പ്ലേസ്മെന്റ് ബത്തയും യാത്രാബത്തയും ഉറപ്പാക്കാൻ കഴിയാത്തതിനെ അംഗീകരിച്ചത്, ഇതരസംസ്ഥാന തൊഴിലാളികളെ ശരിയായ വിധത്തിൽ കണ്ടെത്തി, അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തേണ്ട കടമ നിർവ്വഹിക്കുന്നതിൽ വകുപ്പിനുണ്ടായ പരാജയത്തിനെ ന്യായീകരിക്കാൻ പര്യാപ്തമല്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

നിയമത്തിന്റെ സെക്ഷനുകൾ 14(1)-ഉം 18(1)-ഉം ലംഘിച്ചതിന് സെക്ഷൻ 25-നു കീഴിൽ വകുപ്പ് പിഴയൊന്നും ചുമത്തിയില്ല.

കരാറുകാർ ഡിസ്പ്ലേസ്മെന്റ്/യാത്രാ ബത്തകളെക്കുറിച്ചുള്ള ആവശ്യമായ വിവരങ്ങൾ നിർദ്ദിഷ്ടഫോമുകളിൽ സൂക്ഷിച്ചിരുന്നു എന്നു വകുപ്പ് ഉറപ്പുവരുത്തുക വഴി ഇതരസംസ്ഥാന തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാനും മേൽനോട്ടം നിർവ്വഹിക്കുവാനും കഴിയും.

### *6.2.4.3 മെഡിക്കൽ സൗകര്യങ്ങൾ ഉറപ്പാക്കാത്തത്*

ഇതരസംസ്ഥാന തൊഴിലാളികളുടെ ബാഹ്യ ചികിത്സക്കുവേണ്ട മെഡിക്കൽ സൗകര്യങ്ങൾ സൗജന്യമായും പിഴവുകൂടാതെയും പ്രദാനം ചെയ്യണമെന്ന് നിയമത്തിന്റെ സെക്ഷൻ 16(ഇ)യും ചട്ടങ്ങളിൽ ചട്ടം 36(1)ഉം അനുശാസിക്കുന്നു. ചട്ടം 36(2) പ്രകാരം കരാറുകാരൻ ഇൻ-പേഷ്യന്റ് ചികിത്സയ്ക്കാവശ്യമായ മെഡിക്കൽ സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

ചട്ടം 36(3) അനുസരിച്ച് ഓരോ കരാറുകാരനും 150 വരെ ഇതരസംസ്ഥാനത്തൊഴിലാളികൾക്ക് ഒരു പ്രാഥമികശുശ്രൂഷ ബോക്സ് എന്ന കണക്കിൽ പ്രവൃത്തിസമയത്ത് ഉടനീളം പെട്ടെന്നു ലഭ്യമാകത്തക്ക വിധത്തിൽ സൂക്ഷിക്കേണ്ടതാണ്. ഉപവിഭാഗം (4) അനുസരിച്ച് പ്രാഥമികശുശ്രൂഷ ബോക്സിനു പുറത്ത് വെള്ള പശ്ചാത്തലത്തിൽ ചുവന്ന ക്രോസ് വ്യക്തമായി പതിക്കുകയും ചട്ടങ്ങളിൽ നിഷ്കർഷിച്ച ഉപകരണങ്ങൾ[155] ഉണ്ടായിരിക്കുകയും വേണം.

തിരുവനന്തപുരത്തെ ലൂലു ഇന്റർനാഷണൽ മാൾ പദ്ധതിയുടെ സൈറ്റിൽ നടന്ന സംയുക്തപരിശോധനയിൽ പ്രാഥമികശുശ്രൂഷാ കിറ്റ് ചിഹ്നം പതിക്കാത്ത ഒരു

---

[155] അണുവിമുക്തമാക്കപ്പെട്ട പഞ്ഞി, ഡ്രസ്സിംഗുകൾ, പൊട്ടാസ്യം പെർമാംഗനേറ്റ് ക്രിസ്റ്റലുകൾ, ഒട്ടിക്കാനുള്ള പ്ലാസ്റ്റർ, കത്രികകൾ, പൊള്ളലിനുള്ള ലേപനങ്ങൾ, പാമ്പ് കടിക്കുള്ള ചികിത്സക്കുള്ള ഉപകരണം, ആസ്പിരിൻ, ആന്റിസെപ്റ്റിക് സൊല്യൂഷനുള്ള കുപ്പി.

പെട്ടിയിൽ വെറും നിലത്ത് കിടക്കുന്നതായി കണ്ടു. കണ്ണൂരിൽ ധർമ്മശാല ആഡിറ്റോറിയം ആന്റ് കൺവെൻഷൻ സെന്ററിൽ മേൽക്കൂരയിലെ ടൈലുകളുടെ ഇടയിലായി മൂന്ന് ഡ്രസ്സിംഗുകൾ വച്ചിരിക്കുന്നത് കണ്ടു. ചട്ടങ്ങളിൽ നിഷ്കർഷിച്ചതുപോലെ ഉപകരണങ്ങളോ/മരുന്നുകളോ ലഭ്യമല്ലായിരുന്നു.

സംസ്ഥാനത്തെ ഇതരസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ വ്യാപകമായ അസുഖങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഓഡിറ്റ് ശേഖരിക്കുകയുണ്ടായി. കേരളത്തിലെ 14 ജില്ലകളിലെ ഇതരസംസ്ഥാന തൊഴിലാളികളുടെയിടയിൽ 2012-17 കാലഘട്ടത്തിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, മലേറിയയുടെ 2,336 കേസുകളും, മന്തുരോഗത്തിന്റെ 931 കേസുകളും, പനിയുടെ 5,202 കേസുകളും കടുത്ത അതിസാരത്തിന്റെ 1,562 കേസുകളും രേഖപ്പെടുത്തി. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ (കെഎസ്എസിഎസ്) നാഷണൽ എയ്ഡ്സ് കൺട്രോൾ പ്രോഗ്രാമിനു കീഴിലുള്ള മൈഗ്രന്റ് ടാർഗറ്റഡ് ഇന്റർവെൻഷൻ പ്രോജക്ട്സിന്റെ രേഖകൾ പ്രകാരം കുടിയേറ്റ തൊഴിലാളികളുടെ ഇടയിൽ 2012-17 കാലഘട്ടത്തിൽ 151 എച്ച്ഐവി പോസിറ്റീവ് കേസുകളും 6,352 ലൈംഗികസംക്രമണ രോഗങ്ങളുടെ കേസുകളും ഉണ്ടായിരുന്നു.

തെരഞ്ഞെടുത്ത ആറ് ജില്ലകളിലെ ഇൻസ്പെക്ഷൻ ഫയലുകളുടെ പരിശോധനയിലും ഓഡിറ്റ് ചോദ്യാവലികളുടെ മറുപടികളിലും നിന്ന് കുടിയേറ്റ തൊഴിലാളികൾക്ക് നിയമത്തിനു കീഴിൽ നൽകിയ ആരോഗ്യരക്ഷാ സൗകര്യങ്ങളെക്കുറിച്ച് യാതൊരു രേഖകളും സ്ഥാപനങ്ങൾ സൂക്ഷിച്ചിരുന്നില്ല എന്നു വ്യക്തമാക്കി. തൊഴിലുടമകൾ നൽകിയ ആരോഗ്യരക്ഷാ സൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരികയാണെന്നും, തൊഴിലാളികളിൽ നിന്ന് ഇതുമായി ബന്ധപ്പെട്ട പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നും സർക്കാർ മറുപടി നൽകി (2017 ഒക്ടോബർ). എന്നാൽ പരിശോധനയ്ക്കായി സർക്കാർ രേഖകളൊന്നും ഓഡിറ്റിനു നൽകാത്തതിനാൽ മറുപടി സ്വീകാര്യമല്ല. ഇത്തരം രേഖകളുടെ അഭാവത്തിൽ ബാഹ്യചികിത്സ സൗജന്യമായി നൽകിയോ എന്നും ഇൻപേഷ്യന്റ് തൊഴിലാളികൾക്ക് മെഡിക്കൽ സൗകര്യങ്ങൾ നൽകിയോ എന്നും വിലയിരുത്താൻ ഓഡിറ്റിന് സാധിച്ചില്ല.

### 6.2.4.4 കാന്റീൻ സൗകര്യങ്ങൾ നൽകാതിരുന്നത്

ജോലി ആറുമാസത്തിലധികം നീണ്ടുനിൽക്കുകയും നൂറിൽ കൂടുതൽ ഇതരസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുകയും ചെയ്യുന്നിടത്ത് ഓരോ സ്ഥാപനത്തിനും കരാറുകാരൻ കാന്റീൻ സൗകര്യം ഏർപ്പെടുത്തണം എന്ന് ചട്ടം 40(1) അനുശാസിക്കുന്നു. ചട്ടങ്ങളിൽ പറഞ്ഞതുപോലെ കരാറുകാരൻ കാന്റീൻ സൗകര്യം ഒരുക്കിയില്ലെങ്കിൽ തൊഴിലുടമ, കരാറുകാർക്ക് അനുവദിച്ചിരിക്കുന്ന സമയം അവസാനിക്കുന്നതിന് 60 ദിവസത്തിനകം കാന്റീൻ സൗകര്യം അനുവദിച്ചുനൽകണം എന്ന് ചട്ടം 40(2) അനുശാസിക്കുന്നു.

കോഴിക്കോട് ജില്ലയിൽ ഫെറോക്കിൽ നടന്ന സംയുക്തപരിശോധനയിൽ 105-240 ഇതരസംസ്ഥാന തൊഴിലാളികൾ പണിയെടുത്തിരുന്ന മൂന്നു ചെരുപ്പ് നിർമ്മാണയൂണിറ്റുകളിൽ കാന്റീൻ സൗകര്യം ഏർപ്പെടുത്തിയിരുന്നില്ല എന്ന് ഓഡിറ്റ് വീക്ഷിച്ചു. തിരുവനന്തപുരം ജില്ലയിൽ 12 നിർമ്മാണസ്ഥലങ്ങളിൽ 100 മുതൽ 500 വരെ ഇതരസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന മൂന്ന് സ്ഥലങ്ങളിൽ ഓഡിറ്റ് പരിശോധന നടത്തിയപ്പോൾ വൃത്തിയുള്ള ചുറ്റുപാടിൽ ആഹാരം നൽകിയിരുന്നത് ഒരു സ്ഥലത്ത് മാത്രമാണെന്ന് കണ്ടു. എറണാകുളം ജില്ലയിൽ 100 മുതൽ 2,500 വരെ ഇതരസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തിരുന്ന 44 സ്ഥാപനങ്ങളിൽ ചിലയിടങ്ങളിൽ മാത്രമാണ് കാന്റീൻ സൗകര്യം ഏർപ്പെടുത്തിയിരുന്നത്. ഇവയുടെ കൃത്യമായ എണ്ണം ലഭ്യമായിരുന്നില്ല.

ചട്ടം 40(1)ലും (2)ലും അടങ്ങിയിരിക്കുന്ന വ്യവസ്ഥകളുടെ ലംഘനത്തിന് തൊഴിലുടമകൾക്കും കരാറുകാർക്കുമെതിരെ നിയമത്തിന്റെ സെക്ഷൻ 20 പ്രകാരം ഇൻസ്പെക്ടിംഗ് ഓഫീസർമാരായ ഡിഎൽഒ/എഎൽഒമാർ നടപടിയൊന്നും സ്വീകരിച്ചില്ല.

### 6.2.4.5 ഇതരസംസ്ഥാന തൊഴിലാളികൾക്ക് പാസ്ബുക്കുകൾ നൽകുന്നത് - വ്യവസ്ഥകൾ പാലിക്കാതിരുന്നത്

സെക്ഷൻ 12(1)(ബി) അനുസരിച്ച് എല്ലാ കരാറുകാരും ഇതരസംസ്ഥാന തൊഴിലാളിക്ക് തൊഴിലാളിയുടെ പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക് നൽകേണ്ടതുണ്ട്. ഈ പാസ്ബുക്കിൽ നിയമം നിഷ്കർഷിക്കുന്ന ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും ഹിന്ദിയിലും ഇംഗ്ലീഷിലും, തൊഴിലാളിയുടെ ഭാഷ ഹിന്ദിയോ ഇംഗ്ലീഷോ അല്ലാത്ത പക്ഷം ആ ഭാഷയിലും ഉൾപ്പെടുത്തിയിരിക്കണമെന്നും നിയമം അനുശാസിക്കുന്നു. സെക്ഷൻ 12(2) പ്രകാരം കരാറുകാരൻ പാസ്ബുക്ക് സമകാലികമായി പുതുക്കുകയും ഇതരസംസ്ഥാന തൊഴിലാളിയുടെ പക്കൽ സൂക്ഷിക്കാൻ നൽകേണ്ടതുമാണ്.

ഓഡിറ്റ് തൊഴിൽവകുപ്പിലെ ഉദ്യോഗസ്ഥരോടൊപ്പം ചേർന്ന് നടത്തിയ സംയുക്തപരിശോധനയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ സ്ഥാപനങ്ങളിൽ നിയമത്തിൽ അനുശാസിക്കപ്പെട്ടതുപോലെ പാസ്ബുക്കുകൾ നൽകുന്നില്ല എന്ന് വെളിപ്പെട്ടു. തെരഞ്ഞെടുത്ത ആറ് ജില്ലകളിൽ തൊഴിലുടമകളുടെ കീഴിൽ ജോലിയിലേർപ്പെട്ടിരുന്ന 35,250 ഇതരസംസ്ഥാന തൊഴിലാളികളിൽ ആർക്കും പാസ്ബുക്കുകൾ വിതരണം ചെയ്തില്ല എന്ന് ഡിഎൽഒമാർ തങ്ങളുടെ മറുപടികളിൽ സ്ഥിരീകരിച്ചു. ഇത് നിയമവ്യവസ്ഥകൾ പാലിക്കുന്നതിൽ സർക്കാരും/വകുപ്പും പരാജയപ്പെട്ടു എന്നത് സൂചിപ്പിക്കുന്നു. പാസ്ബുക്കുകൾ സൂക്ഷിക്കാത്തതിനാൽ ഇതരസംസ്ഥാന തൊഴിലാളികൾക്കു നൽകിയ ആനുകൂല്യങ്ങളെക്കുറിച്ച് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചില്ല.

ഇതരസംസ്ഥാന തൊഴിലാളികൾക്ക് ലഭിക്കാൻ അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും രേഖപ്പെടുത്തിയ പാസ്ബുക്കുകൾ കരാറുകാരൻ പുതുക്കി സൂക്ഷിക്കുന്നുണ്ടെന്ന് വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

### 6.2.5 നടത്തിയ പരിശോധനകളുടെ ഗുണനിലവാരം

നിയമത്തിന്റെ സെക്ഷൻ 21 അനുസരിച്ച് ഇതരസംസ്ഥാന തൊഴിലാളികൾക്ക് വർക്ക്മെൻസ് കോംപൻസേഷൻ ആക്ട്, 1923, പേയ്മെന്റ് ഓഫ് വേജസ് ആക്ട് 1936, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് ആക്ട്, 1948 എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻസ് ആക്ട്, 1952, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ട് മറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, 1961 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

ഇതരസംസ്ഥാന തൊഴിലാളി നിയമം അനുശാസിക്കുന്നതു പോലെ മേൽവിവരിച്ച എല്ലാ നിയമങ്ങളുടെയും ആനുകൂല്യങ്ങൾ പണിയിലേർപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ലഭിച്ചിരുന്നോ എന്ന് ഇൻസ്പെക്ടർമാർ പരിശോധിച്ചില്ല എന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കൊല്ലത്തും കോട്ടയത്തും ഇൻസ്പെക്ടർമാർ ഒരു നിയമത്തിന്റെയും കീഴിൽ വ്യവസ്ഥ ചെയ്യപ്പെട്ട ആനുകൂല്യങ്ങൾ പരിശോധിക്കാൻ തയ്യാറാകാതിരുന്നപ്പോൾ, കോഴിക്കോട് ഇൻസ്പെക്ടർമാർ പേയ്മെന്റ് ഓഫ് വേജസ് ആക്ടിന്റെ കീഴിൽ മാത്രം പരിശോധനകൾ നടത്തി.

ഇൻസ്പെക്ടർമാരുടെ നിലവിലുള്ള അംഗബലം കുടിയേറ്റ തൊഴിലാളികളുടെ ഭീമമായ ഉൾപ്രവാഹത്തെ കൈകാര്യം ചെയ്യാൻ തീരെ അപര്യാപ്തമാണെന്നും, കുടിയേറ്റ തൊഴിലാളികൾക്ക് സുരക്ഷിതവും അനുയോജ്യവുമായ പ്രവർത്തന

പശ്ചാത്തലവും മറ്റു ക്ഷേമപദ്ധതികളും ഉറപ്പാക്കുവാൻ വകുപ്പിന്റെ നിർവ്വഹണസംവിധാനത്തെ പുനരുജ്ജീവിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ മറുപടി നൽകി (2017 ഒക്ടോബർ). അംഗസംഖ്യയിലുള്ള കുറവ് പരിഹരിക്കുവാനും ഇൻസ്പെക്ടർമാരുടെ കാര്യശേഷി വർദ്ധിപ്പിക്കുവാനും വിവിധ മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ട് നിയമത്തിന്റെ വ്യവസ്ഥകൾ നടപ്പിലാക്കേണ്ട ചുമതല സർക്കാരിന് ഉണ്ടായിരുന്നതിനാൽ, അംഗസംഖ്യ അപര്യാപ്തമായിരുന്നു എന്ന സർക്കാർ മറുപടി സ്വീകാര്യമല്ല.

### 6.2.5.1 ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിനു കീഴിൽ നടന്ന പരിശോധനകളിലുള്ള കുറവ്

ലേബർ കമ്മീഷണർ പുറപ്പെടുവിച്ച (2015 മെയ്) സർക്കുലർ പ്രകാരം ഇതരസംസ്ഥാന തൊഴിലാളി നിയമം ഉൾപ്പെടെ 29 തൊഴിൽ നിയമങ്ങളുടെ പാലനത്തിന്റെ മേൽനോട്ടത്തിനായി മാസം തോറും 50 സ്ഥാപനങ്ങളെങ്കിലും പരിശോധനയ്ക്കു വിധേയമാക്കണം. 2012-17 കാലഘട്ടത്തിൽ നടന്ന പരിശോധനകളുടെ രേഖകൾ സൂക്ഷ്മമായി പഠിച്ചപ്പോൾ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്നറിയാൻ ക്രമമായ പരിശോധനകൾ നടന്നിട്ടില്ലെന്ന് വെളിപ്പെട്ടു.

ഇതരസംസ്ഥാന തൊഴിലാളി നിയമത്തിന്റെയും തൊഴിൽവകുപ്പിലെ മറ്റു നിയമങ്ങളുടെയും കീഴിൽ നടന്ന പരിശോധനകളുടെ ഒരു താരതമ്യപഠനം നടത്തിയതിൽ നിന്ന്, ഇതരസംസ്ഥാന തൊഴിലാളി നിയമത്തിന്റെ കീഴിൽ വളരെ കുറവ് പരിശോധനകൾ മാത്രമേ നടന്നിട്ടുള്ളൂ എന്ന് വ്യക്തമായി. ലേബർ കമ്മീഷണറുടെ ഓഫീസിലെ രേഖകൾ സൂക്ഷ്മപരിശോധന നടത്തിയപ്പോൾ 2012-17 കാലഘട്ടത്തിൽ വകുപ്പ് തല ഉദ്യോഗസ്ഥർ മറ്റ് 28 തൊഴിൽ നിയമങ്ങളുടെ കീഴിൽ 5,95,177 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിയതായി വെളിപ്പെട്ടു. ഓരോ നിയമത്തിന്റെയും കീഴിൽ നടത്തപ്പെടേണ്ട പരിശോധനകളുടെ എണ്ണത്തെക്കുറിച്ച് നിശ്ചിത മാനദണ്ഡങ്ങളുടെ അഭാവത്തിൽ, 28 മറ്റ് തൊഴിൽ നിയമങ്ങളിൽ ഒരു നിയമത്തിനുവേണ്ടി ശരാശരി 21,256[156] പരിശോധനകൾ എന്നു ഓഡിറ്റ് കണക്കുകൂട്ടി. ഇതിനെതിരെ 2012-17 കാലഘട്ടത്തിൽ ഇതരസംസ്ഥാന തൊഴിലാളി നിയമത്തിനു കീഴിൽ നടന്ന പരിശോധനകളുടെ ആകെ എണ്ണം 5,561 മാത്രമായിരുന്നു. ഇതരസംസ്ഥാന തൊഴിലാളി നിയമത്തിനു കീഴിൽ നടത്തുന്ന വാർഷികപരിശോധനകളുടെ എണ്ണം 2014-17 വർഷങ്ങളിൽ കുറയുന്ന പ്രവണത കണ്ടു.

പരിശോധനകളുടെ എണ്ണം കുറയുന്നതിനു കാരണങ്ങളായി സർക്കാർ ചൂണ്ടിക്കാട്ടിയത് (2017 ഒക്ടോബർ) വകുപ്പ് നടപ്പിലാക്കേണ്ട നിയമങ്ങളുടെയും ചട്ടങ്ങളുടെയും ബാഹുല്യം മൂലമുണ്ടാകുന്ന കനത്ത ജോലിഭാരം, ജീവനക്കാരുടെയും വാഹനങ്ങളുടെയും കുറവ് എന്നിവയാണ്. ജീവനക്കാരുടെയും വാഹനങ്ങളുടെയും കുറവ് കാരണമാക്കിക്കൊണ്ട് നിയമം/ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. കാരണം, പരിശോധനകൾ സമയബന്ധിതമായി നടത്താൻ ആവശ്യമായ ചട്ടക്കൂടൊരുക്കേണ്ട ചുമതല സർക്കാരിനുണ്ട്.

### 6.2.5.2 രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കാതിരുന്നത്

ഓരോ തൊഴിലുടമയും കരാറുകാരനും തൊഴിലിലേർപ്പെട്ട ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ, അവർ ചെയ്യുന്ന തൊഴിലിന്റെ രീതി, നൽകുന്ന വേതനനിരക്കുകൾ, മറ്റു വിവരങ്ങൾ എന്നിവ നിർദ്ദിഷ്ട രീതിയിൽ

[156] 5,95,177 / 28 = 21,256

രേഖപ്പെടുത്തിയ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കണമെന്ന് സെക്ഷൻ 23(1) അനുശാസിക്കുന്നു. രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് 47 മുതൽ 51 വരെയുള്ള ചട്ടങ്ങളും നിഷ്കർഷിക്കുന്നു.

ചട്ടങ്ങളിൽ അനുശാസിക്കുന്ന വ്യവസ്ഥകൾ പ്രകാരം നിയമാനുസാരം രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ 14 രേഖകൾ/രജിസ്റ്ററുകൾ നിർദ്ദിഷ്ട രീതിയിൽ സൂക്ഷിക്കണമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഓഡിറ്റ് ഡിഎൽഒ/എഎൽഒമാരോടൊപ്പം 20 സ്ഥാപനങ്ങളിൽ നടത്തിയ സംയുക്തപരിശോധനയിൽ 18 സ്ഥാപനങ്ങളിൽ യാതൊരു രജിസ്റ്ററുകളും/രേഖകളും സൂക്ഷിച്ചിരുന്നില്ലെന്നു കണ്ടു. എറണാകുളത്ത് രണ്ടു സ്ഥാപനങ്ങളിലായി ഏഴ് രജിസ്റ്ററുകളും/റിട്ടേണുകളും സൂക്ഷിച്ചിരുന്നു. ആറ് തെരഞ്ഞെടുത്ത ജില്ലകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങൾ, രേഖകൾ സൂക്ഷിക്കാൻ ചുമതലപ്പെട്ട വ്യക്തികൾ, രജിസ്റ്ററുകൾ സൂക്ഷിക്കേണ്ട നിർദ്ദിഷ്ടഫോം, എന്നിവ **അനുബന്ധം 6.3**-ൽ വിവരിച്ചിട്ടുണ്ട്. നിയമത്തിലും ചട്ടങ്ങളിലും അനുശാസിച്ചിരുന്ന വ്യവസ്ഥകളുടെ പാലനം ഉറപ്പുവരുത്തുന്നതിൽ പരിശോധനാ അധികാരികളായിരുന്ന ഡിഎൽഒമാർ പരാജയപ്പെട്ടു.

#### *6.2.5.3 തൊഴിൽ വ്യവസ്ഥകളെക്കുറിച്ചുള്ള നോട്ടീസുകളും നിയമത്തിന്റെയും ചട്ടങ്ങളുടെയും സംക്ഷിപ്തരൂപവും പ്രദർശിപ്പിക്കാതിരുന്നത്*

നിയമത്തിന്റെ സെക്ഷൻ 23(2)-വും 53-ഉം 54-ഉം ചട്ടങ്ങളും അനുസരിച്ച് എല്ലാ തൊഴിലുടമകളും കരാറുകാരും ഇതരസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പരിസരങ്ങളിൽ പ്രവൃത്തിസമയം, ജോലിയുടെ രീതി, മറ്റ് നിർദ്ദിഷ്ട വിവരങ്ങൾ, എന്നിവ അടങ്ങിയ നോട്ടീസുകളും, നിയമത്തിന്റെയും ചട്ടങ്ങളുടെയും സംക്ഷിപ്തരൂപവും തുറന്നു പ്രദർശിപ്പിക്കണം. തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ 20 പണിസ്ഥലങ്ങൾ/ ഫാക്ടറികൾ എന്നിവിടങ്ങളിൽ വകുപ്പുതല ഉദ്യോഗസ്ഥരോടൊപ്പം ഓഡിറ്റ് നടത്തിയ സംയുക്തപരിശോധനയിൽ ഒരിടത്തും ഇത്തരം നോട്ടീസുകൾ പ്രദർശിപ്പിച്ചിരുന്നില്ല എന്നു വെളിപ്പെട്ടു. നിയമത്തിൽ അനുശാസിക്കപ്പെട്ട വ്യവസ്ഥകൾ പാലിക്കാതിരുന്നതിന് സെക്ഷനുകൾ 25-ഉം 26-ഉം പ്രകാരം ഡിഎൽഒമാർ കരാറുകാർക്കും തൊഴിലുടമയ്ക്കുമെതിരെ ശിക്ഷാനടപടി സ്വീകരിക്കേണ്ടിയിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നടപടിയൊന്നും ആരംഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

#### *6.2.5.4 ശിക്ഷാവ്യവസ്ഥകൾ ചുമത്താതിരുന്നത്*

നിയമത്തിലെ 24 മുതൽ 27 വരെയുള്ള സെക്ഷനുകൾ വ്യവസ്ഥകളുടെ ലംഘനത്തിന് ശിക്ഷാനടപടികൾ നിർദ്ദേശിക്കുന്നുണ്ട്.

നിയമവ്യവസ്ഥകളുടെ ലംഘനത്തിന് ശിക്ഷാനടപടികൾ ഏർപ്പെടുത്തുന്നതിൽ ഡിഎൽഒ/എഎൽഒമാരുടെ പക്ഷത്തുനിന്നും അലംഭാവമുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. നിയമത്തിനു കീഴിൽ വളരെക്കുറച്ച് ശിക്ഷാവിധികളും പ്രോസിക്യൂഷനുകളുമാണ് നടന്നത്.

നിയമത്തിനു കീഴിൽ ശിക്ഷാർഹമായ ഒരു കുറ്റം നടന്നതായി ഇൻസ്പെക്ടറുടെയോ ബന്ധപ്പെട്ട അധികാരിയുടെയോ അറിവിൽപ്പെടുത്തിയ തീയതി മുതൽ മൂന്നു മാസങ്ങൾക്കകം ഇതേക്കുറിച്ച് പരാതിപ്പെട്ടെങ്കിൽ മാത്രമേ കോടതി കുറ്റവിചാരണയ്ക്ക് പരിഗണിക്കാവൂ എന്ന് നിയമത്തിന്റെ സെക്ഷൻ 29 അനുശാസിക്കുന്നു. തെരഞ്ഞെടുത്ത ജില്ലകളിൽ 67 ഇൻസ്പെക്ഷൻ ഫയലുകൾ പരിശോധിച്ചതിൽ 14 എണ്ണത്തിൽ, 'കാലാവധി തീർന്നത്', 'ഇൻസ്പെക്ഷനുശേഷം കുടിയേറ്റ തൊഴിലാളികൾ സ്ഥാപനം വിട്ടുപോയത്' എന്നീ കാരണങ്ങൾ നിരത്തി

ഇൻസ്പെക്ടിംഗ് ഓഫീസർമാർ ഫയലുകൾ തീർപ്പാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇൻസ്പെക്ടിംഗ് ഓഫീസർമാർ കേസുകൾ മുന്നോട്ടു കൊണ്ടുപോകാൻ അലംഭാവം കാണിച്ചതിനാലും നിയമത്തിന്റെ സെക്ഷൻ 29 നിഷ്കർഷിച്ചതുപോലെ കുറ്റം നടന്നതായി അവരുടെ ശ്രദ്ധയിൽപ്പെട്ട് മൂന്നു മാസങ്ങൾക്കകം കോടതിയിൽ കേസുകൾ ഫയൽ ചെയ്യാത്തതിനാലും കുറ്റങ്ങൾ കാലഹരണപ്പെട്ടതായി കണ്ടു.

തൊഴിൽവകുപ്പിലെ ഇൻസ്പെക്ടർമാരുടെയും ജീവനക്കാരുടെയും ഇപ്പോഴുള്ള അംഗസംഖ്യ നിശ്ചയിച്ചത് സംസ്ഥാനത്തേക്കുള്ള ഇതരസംസ്ഥാനതൊഴിലാളി കളുടെ കുത്തൊഴുക്ക് പരിഗണിക്കാതെയാണെന്നും വകുപ്പിന്റെ നിർവ്വഹണ സംവിധാനം പരിഷ്കരിക്കേണ്ടതുണ്ടെന്നും സർക്കാർ മറുപടി നൽകി (2017 ഒക്ടോബർ). ആത്മാർത്ഥമായി കേസുകൾ തുടരുന്നതിലും കുറ്റം ചെയ്തവർക്ക് ശിക്ഷ ഉറപ്പാക്കുന്നതിലും ഇൻസ്പെക്ടർമാർക്കുണ്ടായ അലംഭാവം ആശങ്കയ്ക്കു വക നൽകുന്നു. ശരിയായ രീതിയിൽ നിയമം നടപ്പിലാക്കുന്നതിന് ഈ വസ്തുത പരിഹരിക്കപ്പെടേണ്ടതുണ്ട്.

### 6.2.6 ഉപസംഗ്രഹം

ഇതരസംസ്ഥാന തൊഴിലാളികളെ കണ്ടെത്തുന്നതിലും അവർക്ക് നിയമാനുസരണമുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിലും വകുപ്പിന് അലംഭാവമുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. നിയമത്തിന്റെ സെക്ഷൻ 3 പ്രകാരം രജിസ്റ്ററിങ്ങ് ഓഫിസറായി നിയമിതനായ ഡിഎൽഒ (എൻഫോഴ്സ്മെന്റ്) ഇതരസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന എല്ലാ സ്ഥാപനങ്ങളും നിയമത്തിനനുസൃതമായി രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നു എന്നുറപ്പാക്കാനുള്ള സംവിധാനം രൂപീകരിക്കുന്നതിൽ പരാജയപ്പെട്ടു. കേരളത്തിൽ പണിയെടുക്കുന്നതിനായി മറ്റൊരു സംസ്ഥാനത്തിൽ നിന്നും ഇതരസംസ്ഥാന തൊഴിലാളികളെ നിയമിക്കുമ്പോൾ, ആ സംസ്ഥാനത്തെ ബന്ധപ്പെട്ട അധികാരി നൽകിയ ചട്ടപ്രകാരമുള്ള ലൈസൻസ് കരാറുകാർക്കുണ്ടായിരുന്നോ എന്നുറപ്പുവരുത്താതെ വകുപ്പ് കരാറുകാർക്ക് ലൈസൻസുകൾ നൽകി. കേസുകൾ ആത്മാർത്ഥമായി തുടരുന്നതിലും നിയമത്തിനുകീഴിൽ കുറ്റം ചെയ്തവർക്ക് ശിക്ഷ ഉറപ്പാക്കുന്നതിലും ഇൻസ്പെക്ടർമാരുടെ ഭാഗത്ത് അലംഭാവമുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ, സംസ്ഥാനത്ത് ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിന്റെ നടപ്പിലാക്കൽ ഫലപ്രദമായിരുന്നില്ല.

## മേൽനോട്ടം/ഭരണനിയന്ത്രണത്തിന്റെ പരാജയം

## ആഭ്യന്തരവും വിജിലൻസും വകുപ്പ്

### 6.3 തിരുവനന്തപുരം വിളപ്പിൽശാല പോലീസ് സ്റ്റേഷനിലെ സർക്കാർ പണത്തിന്റെ തിരിമറി

**ചട്ടങ്ങൾ പാലിക്കാത്തതിന്റെയും നിർബന്ധിത ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിലുണ്ടായ അലസതയുടെയും ഫലമായി ₹4.86 ലക്ഷത്തിന്റെ തിരിമറി ഉണ്ടായി.**

**പണം കൈകാര്യം ചെയ്യുന്ന എല്ലാ സർക്കാർ ഉദ്യോഗസ്ഥരും പണമിടപാടുകൾ നടന്നയുടൻ തന്നെ അവയെല്ലാം കാഷ്ബുക്കിൽ ചേർക്കണമെന്നും ഇത് പരിശോധന നടത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തണമെന്നും കേരള**

ട്രഷറി കോഡിലെ (കെറ്റിസി) ചട്ടങ്ങൾ അനുശാസിക്കുന്നു. കാഷ്ബുക്കിന്റെ ആകെത്തുകകൾ ഓഫീസ് മേധാവിയോ അല്ലെങ്കിൽ കാഷ്ബുക്ക് എഴുതിയ വ്യക്തിയല്ലാതെ മറ്റേതെങ്കിലും ഉത്തരവാദപ്പെട്ട കീഴുദ്യോഗസ്ഥനോ പരിശോധിച്ച് ശരിയാണെന്ന് രേഖപ്പെടുത്തണം. എല്ലാ മാസാവസാനവും കാഷ്ബുക്കിലെ പണത്തിന്റെ നീക്കിയിരിപ്പ് ഓഫീസ് മേധാവി പരിശോധിക്കുകയും തീയതി വച്ച് ഒപ്പിട്ട സാക്ഷ്യപത്രം രേഖപ്പെടുത്തുകയും വേണം. സർക്കാർ ഉദ്യോഗസ്ഥന്റെ പക്കലുള്ള സർക്കാർ പണം ട്രഷറിയിലേക്കോ ബാങ്കിലേക്കോ അടയ്ക്കുമ്പോൾ പണമടയ്ക്കുന്ന ഓഫീസ് മേധാവി ഇത് സാക്ഷ്യപ്പെടുത്തുന്നതിനുമുമ്പ് ട്രഷറി ഓഫീസറുടെ രസീതുമായോ ചെല്ലാനിന്റെ കൂടെയുള്ള ബാങ്കിലെ രസീതുമായോ താരതമ്യം ചെയ്യുകയോ, കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളുമായി അദ്ദേഹത്തിന്റെ പാസ്ബുക്ക് താരതമ്യം ചെയ്യുകയോ വേണം. അങ്ങനെ ട്രഷറിയിലേക്കോ ബാങ്കിലേക്കോ പണം യഥാർത്ഥത്തിൽ അടച്ചുവെന്ന് സ്വയം ബോധ്യപ്പെടുത്തണമെന്നും കെറ്റിസി ആവശ്യപ്പെടുന്നു. കേരള പോലീസ് മാനുവൽ 1969 പ്രകാരം പോലീസ് സ്റ്റേഷനുകളിലെ കാഷ്ബുക്കിന്റെ പരിപാലനത്തിനുള്ള ഉത്തരവാദിത്തം സ്റ്റേഷൻ ഹൗസ് ഓഫീസർക്കും (എസ്എച്ച്ഒ) അദ്ദേഹത്തിന്റെ അഭാവത്തിൽ സ്റ്റേഷൻ റൈറ്ററിനുമാണ്. മറ്റ് ആവശ്യങ്ങൾക്കായി പോലീസ് സ്റ്റേഷൻ സന്ദർശിക്കുമ്പോൾ കാഷ്ബുക്കും കൈയ്യിലുള്ള പണത്തിന്റെ നീക്കിയിരിപ്പും സർക്കിൾ ഇൻസ്പെക്ടർമാർ പരിശോധിക്കണമെന്ന് പോലീസ് മാനുവൽ ആവശ്യപ്പെടുന്നു. ആഗസ്റ്റ് 2015 മുതൽ ജൂൺ 2016 വരെയുള്ള കാലയളവിലെ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിന്റെ ഓഡിറ്റിൽ ചട്ടങ്ങൾ പാലിക്കുന്നതിലെ പരാജയം ₹4.86 ലക്ഷത്തിന്റെ തിരിമറിക്ക് താഴെ വിശദീകരിച്ചിരിക്കുന്നപോലെ കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

2015 സെപ്റ്റംബർ വരെ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ കീഴിലുള്ള ഓരോ പോലീസ് സ്റ്റേഷനിലെയും സർക്കിൾ ഓഫീസിലെയും എസ്എച്ച്ഒമാർ മോട്ടോർ വാഹന ആക്ട് 1988 (എം.വി.എ)ന്റെയും സിഗരറ്റും മറ്റ് പുകയില ഉല്പന്നങ്ങളും (പ്രൊഹിബിഷൻ ഓഫ് അഡ്വർടൈസ്മെന്റ് ആന്റ് റഗുലേഷൻ ഓഫ് ട്രേഡ് ആന്റ് കൊമേഴ്സ്, പ്രൊഡക്ഷൻ, സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ആക്ട് 2003-ന്റെയും കീഴിൽ ചുമത്തിയതും പിരിച്ചെടുത്തതുമായ പിഴ ജില്ലാ പോലീസ് കാര്യാലയത്തിലെ കാഷ് വിഭാഗത്തിൽ നേരിട്ട് അടയ്ക്കുകയാണ് ചെയ്തിരുന്നത്. കേരള പോലീസ് ഫോം നമ്പർ 105 (കെപിഎഫ് 105) ലെ മണി മെമ്മോ[157]യിലൂടെയായിരുന്നു പണമടച്ചിരുന്നത്. പണമടയ്ക്കാൻ വേണ്ടി ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലേക്ക് പോലീസുകാർ യാത്ര ചെയ്യുന്നത് സമയവും പണവും നഷ്ടപ്പെടുത്തുമെന്നും ഓൺലൈൻ ബാങ്കിംഗ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തണമെന്നുമുള്ള കാരണങ്ങൾ ചൂണ്ടിക്കാട്ടി, തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി (ഡിപിസി) നടപടിക്രമങ്ങൾ പുതുക്കുകയും ഒക്ടോബർ 2015 മുതൽ മോട്ടോർ വാഹന ആക്ടിന്റെയും കോട്പയുടെയും കീഴിൽ പിരിച്ചെടുത്ത പിഴ ഡിപിസിയും ഡിപിസി ഓഫീസിലെ അക്കൗണ്ട്സ് ഓഫീസറും ചേർന്ന് തുറക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലെ (എസ്ബിറ്റി) നിശ്ചിത കറന്റ് അക്കൗണ്ടിലേക്ക് അടയ്ക്കണമെന്ന് നിർദ്ദേശിക്കുകയും (2015 സെപ്റ്റംബർ) ചെയ്തു. ഇങ്ങനെ ശേഖരിക്കുന്ന എല്ലാ പിഴത്തുകയും അടുത്തുള്ള എസ്ബിറ്റി ശാഖയിൽ നിക്ഷേപിച്ച പേ-ഇൻ-സ്ലിപ്പിന്റെ കൗണ്ടർഫോയിൽ ചെലവിന്റെ വൗച്ചറായി സൂക്ഷിക്കുകയും, അടുത്ത ആഴ്ചയിലെ ആദ്യദിവസത്തെ ഡെയ്‌ലി റെമിറ്റൻസ്

[157] യൂണിറ്റുകളിൽ നിന്ന് ഹെഡ് ഓഫീസിലേക്ക് പൈസ അയയ്ക്കാനുള്ള ഫോം.

സ്റ്റേറ്റ്മെന്റിനോടൊപ്പം ഡിപിസിയുടെ ഓഫീസിലെ കാഷ്യർ, ബാങ്കിന്റെ വെബ്സൈറ്റിൽ നിന്നും ഡെയ്‌ലി റെമിറ്റൻസിന്റെ വിശദവിവരങ്ങൾ ശേഖരിക്കുകയും കാഷ്ബുക്കിൽ രേഖപ്പെടുത്താൻ വേണ്ടി ഇത് വരവ് വൗച്ചറായി ഉപയോഗിക്കുകയും ചെയ്യും. ഇങ്ങനെ അടയ്ക്കുന്ന തുക, അടുത്ത ദിവസം ട്രഷറിയിലേക്ക് അടക്കേണ്ടതാണ്. പിരിച്ചെടുത്തതും ബാങ്കിലേക്ക് അടച്ചതുമായ പിഴത്തുകയുടെ വിശദമായ മാസിക പത്രിക അടുത്തമാസം അഞ്ചാം തീയതിക്ക് മുമ്പായി ഡിപിസിയുടെ ഓഫീസിൽ എത്തേണ്ടതാണ്.

മോട്ടോർ വാഹന ആക്ടിന്റെയും കോട്പയുടെയും കീഴിൽ ശേഖരിച്ച 51,200 ഉം 3,600-ഉം മണി മെമ്മോ വഴി ഡിപിസിയുടെ ഓഫീസിൽ അടച്ചിട്ടുണ്ടെന്ന് കാഷ്ബുക്കിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും അത് യഥാർത്ഥത്തിൽ അടച്ചിട്ടില്ലായിരുന്നുവെന്ന് മലയിൻകീഴ് സർക്കിളിനു കീഴിലുള്ള വിളപ്പിൽശാല പോലീസ് സ്റ്റേഷനിൽ നടത്തിയ 2016 ജനുവരി മാസത്തെ റിക്കോർഡുകളുടെ പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തി. കൂടാതെ, മോട്ടോർ വാഹന ആക്ടിന്റെ കീഴിൽ പിഴയായി സ്വീകരിച്ച ₹400 കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മണി മെമ്മോ രസീതോ തുക അടച്ചതിന്റെ തെളിവായ ബാങ്ക് രസീതോ പോലീസ് സ്റ്റേഷനിൽ ലഭ്യമല്ലാത്തതിനാൽ ബാങ്ക് സ്റ്റേറ്റുമെന്റുകളും ഡിപിസി ഓഫീസിലെ രേഖകളും ഡിപിസി ഓഫീസിലേക്ക് കൊടുത്തുവെന്നു സൂചിപ്പിച്ചിരിക്കുന്ന തുകയുമായി ഒത്തുനോക്കിയാണ് ഓഡിറ്റ് ഈ തിരിമറി കണ്ടുപിടിച്ചത്. മണി മെമ്മോ വഴിയായി തിരിച്ചടച്ചുവെന്ന് കാഷ്ബുക്കിൽ രേഖപ്പെടുത്തിയിരുന്ന തുക ഡിപിസി ഓഫീസിലോ ബാങ്കിലോ അടച്ചിട്ടില്ലായെന്ന് കണ്ടെത്തി.

പിന്നീട് 2015 ഒക്ടോബർ 1[158] മുതൽ 2016 ജൂലൈ 22[159] വരെയുള്ള കാലയളവിലെ വിളപ്പിൽശാല പോലീസ് സ്റ്റേഷനിലെയും ഡിപിസി ഓഫീസിലെയും കാഷ്ബുക്കിന്റെയും അനുബന്ധ രേഖകളുടെയും വിശദമായ പരിശോധന ഓഡിറ്റ് നടത്തുകയും ഇതേ പ്രവർത്തനരീതിയിൽ മോട്ടോർ വാഹന ആക്ടിന്റെയും കോട്പയുടെയും പിഴയായി ഇക്കാലയളവിൽ സ്വീകരിച്ച ₹4.86 ലക്ഷം തിരിമറി നടത്തിയെന്ന് വെളിവാക്കപ്പെടുകയും ചെയ്തു. ഓഡിറ്റ് ഈ തിരിമറിയെ ചൂണ്ടിക്കാണിച്ചതിന്റെ ഫലമായി വിളപ്പിൽശാല പോലീസ് സ്റ്റേഷനിലെ റൈറ്റർ മോട്ടോർ വാഹന ആക്ടിന്റെ കീഴിലെ ക്രമക്കേടുകൾക്കുള്ള പിഴ അടയ്ക്കാനായി തുറന്ന ബാങ്ക് അക്കൗണ്ടിലേക്ക് ₹5.19 ലക്ഷം തിരിച്ചടച്ചു (ജൂലൈ 2016). ചോദ്യം ചെയ്യപ്പെട്ട തുകയേക്കാൾ ₹0.33 ലക്ഷം കൂടുതൽ റൈറ്റർ തിരിച്ചടച്ചതുകൊണ്ട് (₹5.19 ലക്ഷം - ₹4.86 ലക്ഷം = ₹0.33 ലക്ഷം) നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ച് ഇത് ക്രമപ്പെടുത്തേണ്ടതായുണ്ട്.

സംവിധാനത്തിന്റെ പോരായ്മയാണ് പണത്തിന്റെ തിരിമറിയിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കാഷ്ബുക്കിലെ എല്ലാ രേഖപ്പെടുത്തലുകളും ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തണമെന്ന കെടിസിയിലെ നിബന്ധനപ്രകാരമുള്ള ഉത്തരവാദിത്തം ഇക്കാര്യത്തിൽ എസ്എച്ച്ഒ നിറവേറ്റിയില്ല. കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളുമായി പെയ്-ഇൻ സ്ലിപ്പിന്റെ പകർപ്പ് എസ്എച്ച്ഒ താരതമ്യം നടത്താതിരിക്കുകയും അങ്ങനെ ബാങ്ക് അക്കൗണ്ടിലേക്ക് യഥാർത്ഥത്തിൽ പണമടച്ചുവെന്ന് ഉറപ്പുവരുത്തുന്നതിൽ പരാജയപ്പെടുകയും ചെയ്തു. 2015 ഡിസംബർ 04-ന് പോലീസ് സ്റ്റേഷനിൽ പരിശോധന നടത്തിയ മലയിൻകീഴ് സർക്കിളിലെ

[158] ബാങ്ക് അക്കൗണ്ടിലേക്ക് പിഴ അടയ്ക്കാനുള്ള ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശം നിലവിൽ വന്ന തീയതി.

[159] എസ്എച്ച്ഒ സ്റ്റേഷൻ റൈറ്ററിൽ നിന്നും കാഷ്ബുക്ക് വാങ്ങിയ തീയതി.

**സർക്കിൾ ഇൻസ്പെക്ടർ (സിഐ) ഈ തിരിമറി കണ്ടുപിടിക്കുന്നതിൽ പരാജയപ്പെട്ടത് അദ്ദേഹത്തിന്റെ അനാസ്ഥയുടെ തെളിവാണ്. മോട്ടോർവാഹന ആക്ടിന്റെയും കോട്പയുടെയും കീഴിൽ സ്വീകരിച്ച പിഴയുടെ പരിശോധനക്ക് ജില്ലാ പോലീസ് കാര്യാലയത്തിന്റെ തലത്തിൽ ഒരു ആന്തരിക ഓഡിറ്റ് സംവിധാനവും നിലവിലില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.**

**അങ്ങനെ വിവിധ തലങ്ങളിലുള്ള പലതരം പോരായ്മകൾ വിളപ്പിൽശാല പോലീസ് സ്റ്റേഷനിലെ സർക്കാർ പണത്തിന്റെ തിരിമറി എളുപ്പമാക്കി. ഈ വിഷയം സംസ്ഥാന പോലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി സ്റ്റേഷൻ റൈറ്ററിനെ സസ്പെൻഡ് ചെയ്ത് അദ്ദേഹത്തിനെതിരെ ഒരു ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും, ഈ കേസ് ക്രൈം ബ്രാഞ്ച് ക്രൈം ഇൻവെൻസ്റ്റിഗേഷൻ ഡിപ്പാർട്ടുമെന്റിന് കൈമാറുകയും ചെയ്തു. ഒരു എസ്എച്ച്ഒക്ക് ശിക്ഷയായി 'വർദ്ധിച്ചു വരാത്തതരത്തിൽ ഒരു വർഷത്തേക്ക് ഇൻക്രിമെന്റ് തടയൽ' തീർപ്പാക്കിയപ്പോൾ മറ്റേ എസ്എച്ച്ഒക്കെതിരായി (വാക്കാലുള്ള) എൻക്വയറിക്ക് നിർദ്ദേശിച്ചു. ഓഡിറ്റിന്റെ പശ്ചാത്തലത്തിൽ സർക്കാർ പണം കൈകാര്യം ചെയ്യുമ്പോൾ കെടിസിയിലെയും കെഎഫ്സിയിലെയും നിയമങ്ങൾ പാലിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവിയോട് സർക്കാർ കർശനമായ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തു (നവംബർ 2017). ഇതുപോലെയുള്ള സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ആന്തരിക നിയന്ത്രണ സംവിധാനത്തെ ശക്തിപ്പെടുത്താനുള്ള നടപടി സർക്കാർ എടുക്കേണ്ടതുണ്ട്.**

## ആയുഷ് വകുപ്പ്

### 6.4 മേഖലാ ചട്ടങ്ങൾ ലംഘിച്ചുകൊ ് ജനവാസമേഖലയിൽ ₹3.76 കോടി ചെലവിൽ ഔഷധ നിർമ്മാണശാലയുടെ അനധികൃത നിർമ്മാണം

**ജനവാസമേഖലയുടെ കീഴിൽ വരുന്ന ഭൂമി കേരള സർക്കാർ ഒരു ഔഷധ നിർമ്മാണശാലയുടെ നിർമ്മാണത്തിനായി അനധികൃതമായി നൽകിയതിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള നിർബന്ധിത ക്ലീയറൻസിന്റെ നിഷേധിക്കലിനും തത്ഫലമായി ₹3.76 കോടി തടസ്സപ്പെട്ടു കിടന്ന് നിഷ്ക്രിയമായ നിക്ഷേപത്തിനുമിടയാക്കി.**

ജില്ലയുടെ വികസന പദ്ധതികളുടെ വ്യവസ്ഥകളുമായി യോജിക്കുന്നതായിരിക്കണം തിരുവനന്തപുരത്തിന്റെ ഭാവി വികസനമെന്ന് 2007 ൽ പുതുക്കിയ ടൗൺ പ്ലാനിംഗ് ആക്ട്, 1933-ലെ തിരുവനന്തപുരത്തിന്റെ പൊതുവായ ടൗൺ പ്ലാനിംഗ് പദ്ധതിയുടെ കീഴിൽ ഉള്ള മേഖലാ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്നു. അതിൻപ്രകാരം, വാസയോഗ്യം, വാണിജ്യപരം, വ്യാവസായികം, പബ്ലിക്, സെമി-പബ്ലിക് എന്നിങ്ങനെ വിവിധ ആവശ്യങ്ങളുടെ കീഴിൽ പ്രദേശത്തെ മേഖലകളാക്കി തിരിച്ചു. മേഖലാ ചട്ടങ്ങളുടെ കീഴിൽ 'അനുവദനീയമായ' ഉപയോഗം, 'നിയന്ത്രിതമായ' ഉപയോഗം, 'നിരോധിതമായ' ഉപയോഗം എന്നിങ്ങനെ ഓരോ മേഖലയിലെയും ഉപയോഗങ്ങളുടെ വിശദാംശങ്ങളുടെ പട്ടിക തിരിച്ച് കാണിച്ചിട്ടുണ്ട്. പ്രസക്തമായ മേഖലകളിൽ സാധാരണ രീതിയിൽ

അനുവദിക്കാൻ പറ്റുന്ന ഉപയോഗങ്ങളാണ് ഒരു മേഖലയിലെ 'അനുവദനീയ'[160] ഉപയോഗം എന്നതിൽ ഉൾപ്പെടുന്നത്. ഒരു പ്രത്യേക ഉപയോഗത്തിനായി നിർദ്ദേശിച്ചിരിക്കുന്ന മേഖലയിലെ ഗുണത്തെയും സാഹചര്യത്തെയും ബാധിക്കാത്ത തരത്തിൽ മറ്റ് ഉപയോഗങ്ങളെയും അനുവദിക്കാൻ സർക്കാരിന്റെ മുഖ്യ ടൗൺ പ്ലാനറി (സിടിപി)-ന്റെ അനുമതിയോടെ ഭരണനിർവ്വഹണ സമിതിക്ക് സാധിക്കുന്ന കാര്യങ്ങളെയാണ് 'നിയന്ത്രിതമായ ഉപയോഗം'[161] എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് രണ്ട് ഉപയോഗങ്ങളുടെ കീഴിലും പെടാത്തതും സാധാരണ രീതിയിൽ അനുവദിക്കാൻ പറ്റാത്തതുമായ ഓരോ മേഖലയിലെയും വിവിധ തരത്തിലുള്ള തടസ്സങ്ങളുള്ള ഉപയോഗങ്ങളെയാണ് 'നിരോധിത ഉപയോഗം'[162] എന്നതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജനവാസ മേഖലയിൽ, മൂന്ന് തൊഴിലാളികളിൽ കൂടുതലില്ലാത്തതും മൂന്ന് എച്ച്പി പവറിനുള്ളിലുള്ളതും അല്ലെങ്കിൽ പവറില്ലാതെ ആറ് തൊഴിലാളികളുള്ളതുമായ ലഘു വ്യവസായങ്ങളോ അല്ലെങ്കിൽ നിരുപദ്രവകരവും അസഹ്യമല്ലാത്തതുമായ സേവനങ്ങളുടെ പ്രവർത്തനമോ മാത്രമേ മേഖലാ ചട്ടങ്ങൾ അനുവദിക്കുന്നുള്ളൂ. 500 പേരിൽ കുറയാതെ നേരിട്ട് തൊഴിൽ നൽകുന്നതും ₹50 കോടിയിൽ കൂടുതൽ മുതൽമുടക്കുള്ളതുമായ രണ്ട് ഹെക്ടറിൽ[163] കുറയാത്ത ഒരു പ്രദേശത്തെ വൻകിട വികസന നിർദ്ദേശങ്ങൾ, ഈ ആവശ്യത്തിനായി സർക്കാർ രൂപീകരിച്ച ഒരു സമിതിയുടെ[164] ശുപാർശക്കു വിധേയമായി എല്ലാ മേഖലയിലും അനുവദിക്കാമെന്നും മേഖലാ ചട്ടങ്ങൾ അനുശാസിക്കുന്നു.

മേൽപ്പറഞ്ഞ മേഖലാ ചട്ടങ്ങളുടെ ലംഘനം ₹3.76 കോടിയുടെ നിഷ്ക്രിയമായ മുതൽമുടക്കിന് താഴെ വിശദീകരിച്ചിരിക്കുന്നതുപോലെ വഴി തെളിച്ചുവെന്ന് 2017-ൽ ജനുവരി-ഫെബ്രുവരിയിൽ നടത്തിയ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ്, തൃശ്ശൂരി (ഔഷധി)ന്റെ 2015-16 കാലയളവിലെ ഓഡിറ്റിൽ വെളിവാക്കപ്പെട്ടു.

തിരുവനന്തപുരത്ത് ഒരു പഞ്ചകർമ്മ സ്ഥാപനത്തിന്റെ നിർമ്മാണത്തിനായി ഏകദേശം ഒരു ഏക്കർ ഭൂമി നൽകണമെന്ന് ഔഷധി[165]യുടെ മാനേജിംഗ് ഡയറക്ടർ (എംഡി) കേരള സർക്കാരിനോട് അഭ്യർത്ഥിച്ചു (നവംബർ 2012). അതിൻപ്രകാരം, ഈ ആവശ്യത്തിനായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ വില്ലേജിലെ സർവ്വേ നമ്പർ 2615 ൽ സ്ഥിതി ചെയ്യുന്ന 40.47 ആർ[166] ഭൂമി പാട്ടത്തിനു നൽകാനുള്ള താത്പര്യം കേരളസർക്കാർ ഔഷധിയെ അറിയിച്ചു (ജൂൺ 2014). എന്നാൽ ഈ സ്ഥലത്ത് ഒരു ഔഷധ നിർമ്മാണശാല ഫാക്ടറി നിർമ്മിക്കാനുള്ള തീരുമാനം ഔഷധി കേരളസർക്കാരിനെ അറിയിക്കുകയും (ജൂലൈ 2014)

---

160 ജനവാസ മേഖലയുടെ കീഴിലുള്ള 'അനുവദനീയ ഉപയോഗം' വിഭാഗം വീടുകൾ ചില്ലറ വ്യാപാരകടകൾ, 200 ച.മീ വരെയുള്ള തൊഴിൽ/വാണിജ്യപരമായ ഓഫീസുകൾ/സ്ഥാപനങ്ങൾ, നഴ്സറി, കിന്റർഗാർട്ടൻ, പ്രൈമറി സ്കൂളുകൾ, ക്ലിനിക്കുകൾ (ഔട്ട് പേഷ്യന്റ്) ഡയഗ്നോസ്റ്റിക് സെന്ററുകൾ, ശല്യമില്ലാത്ത തരത്തിലുള്ള ലഘുസേവന വ്യവസായങ്ങൾ മുതലായവ.

161 ജനവാസ മേഖലുടെ കീഴിലുള്ള 'നിയന്ത്രിത ഉപയോഗം' വിഭാഗം: ഹോസ്റ്റലുകൾ, ബോർഡിംഗ് ഹൗസുകൾ, 500 ച.മീ വരെയുള്ള വാണിജ്യ ഓഫീസുകൾ/കടകൾ/ റെസ്റ്റോറന്റുകൾ, മാർക്കറ്റുകൾ, ജിംനേഷ്യം, വാഹനഷോറൂമുകൾ/വർക്ക്ഷോപ്പുകൾ, റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 20 കിടക്കകൾവരെയുള്ള ആശുപത്രികളും ആരോഗ്യകേന്ദ്രങ്ങളും, പവറില്ലാതെ 20 തൊഴിലാളികൾ വരെയുള്ളതും 10 എച്ച്പിയുള്ള 10 തൊഴിലാളികൾ വരെയുള്ളതുമായ സേവന വ്യവസായങ്ങൾ, പ്രാദേശിക/സംസ്ഥാന/കേന്ദ്ര/പൊതുമേഖലാ ഓഫീസുകൾ, സ്കൂളുകൾ മുതലായവ.

162 ജനവാസ മേഖലയുടെ കീഴിലുള്ള 'നിരോധിത ഉപയോഗം' വിഭാഗം-'അനുവദനീയ ഉപയോഗ'ത്തിന്റെയും നിയന്ത്രിത ഉപയോഗത്തിന്റെയും കീഴിൽ എടുത്തു പറയാത്ത മറ്റേതെങ്കിലും ഉപയോഗം.

163 ഒരു ഹെക്ടർ = 100 ആറുകൾ

164 തദ്ദേശ സ്വയം ഭരണ വിഭാഗത്തിന്റെ സെക്രട്ടറി, സിടിപി, ജില്ലാ ടൗൺ പ്ലാനർ, തിരുവനന്തപുരം വികസന അതോറിറ്റിയുടെ സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷന്റെ സെക്രട്ടറി എന്നിവരടങ്ങിയ സമിതി.

165 ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻ) കേരള ലിമിറ്റഡ് (ഔഷധി) എന്നത് ആയുർവേദ മരുന്നുകളുടെ കച്ചവടം നടത്തുന്ന കേരളസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനം ആണ്.

166 40.47 ആറുകൾ = ഒരു ഏക്കർ

പാട്ടത്തുകയായി ഒരു നാമമാത്ര തുക മാത്രമേ ചുമത്താവൂ എന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. 30 വർഷത്തേക്ക് ഒരു ആറിന് നാമമാത്ര പാട്ടവാടകയായ ₹100-ന് 40.47 ആർ ഭൂമി ഔഷധിക്ക് കൈമാറ്റം ചെയ്തുകൊണ്ട് കേരളസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു (2015 മെയ്). ജനവാസ മേഖലയിൽ അനുവദനീയമായ സേവനങ്ങൾ/ലഘുവ്യവസായങ്ങളുടെ പട്ടികയിൽ നിർദ്ദിഷ്ട നിർമ്മാണശാല ഉൾപ്പെടുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

പ്രൊപ്രൈറ്ററി ആയുർവേദ മരുന്നുകളുടെ നിർമ്മാണത്തിനുവേണ്ടിയുള്ള ഒരു യൂണിറ്റ് ഉണ്ടാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി എംഎസ് കിറ്റ്കോ ലിമിറ്റഡിനെ[167] ഔഷധി ഏൽപ്പിച്ചു (2015 മെയ്). അതിനുശേഷം ജോലിയുടെ പരിധിയ്ക്കുള്ളിൽ വരുന്ന പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, എഞ്ചിനീയറിംഗ്[168], പ്രൊക്യൂർമെന്റ്[169], നിർമ്മാണം കൈകാര്യം ചെയ്യൽ എന്നിവയും അതോടൊപ്പം പദ്ധതിയുടെ നിർമ്മാണത്തിലും കമ്മീഷനിംഗിലും സാങ്കേതിക ഉപദേശങ്ങൾ നൽകൽ, എന്നിങ്ങനെയുള്ള കാര്യങ്ങളിൽ കൺസൾട്ടൻസി സേവനങ്ങൾ ലഭിക്കുന്നതിനായി കിറ്റ്കോയുമായി ഒരു എഗ്രിമെന്റ് ഉണ്ടാക്കി (സെപ്തംബർ 2015). സർക്കാരിൽ നിന്നും, നിയമപ്രകാരമുള്ള സ്ഥാപനങ്ങളായ മലിനീകരണ നിയന്ത്രണ ബോർഡ്, വൈദ്യുതി ബോർഡ്, ജലഅതോറിറ്റി, ഫാക്ടറി ഇൻസ്പെക്ടറേറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുതലായവയിൽ നിന്നും അനുമതി തേടാൻ ഔഷധിക്ക് സാങ്കേതിക സഹായം നൽകാനും കിറ്റ്കോയെ ഈ ഉടമ്പടി വ്യവസ്ഥ ചെയ്യുന്നു.

₹6.56 കോടി എസ്റ്റിമേറ്റ് തുകയ്ക്ക് തിരുവനന്തപുരം മുട്ടത്തറയിൽ അതിനൂതനമായ ഉത്പാദന സൗകര്യം ഉണ്ടാക്കുവാൻ വേണ്ടിയുള്ള അന്തിമ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ സമർപ്പിച്ചു (ജൂലൈ 2015). ₹3.44 കോടി കരാർ വിലയിൽ സിവിൽ ജോലികൾ ചെയ്യാൻ വേണ്ടി തിരുവനന്തപുരത്തുള്ള എംഎസ് ക്രെസന്റ് കൺസ്ട്രക്ഷൻ കമ്പനി (കോൺട്രാക്ടർ)യുമായി ഔഷധി കരാർ ഉണ്ടാക്കി (ഒക്ടോബർ 2015). പണി തീർക്കേണ്ട സമയം കരാർതീയതി മുതൽ 4 മാസത്തേക്കായി നിജപ്പെടുത്തി. ഫാക്ടറി കെട്ടിടത്തിന്റെ നിർമ്മാണ ജോലി ₹3.76 കോടി ചെലവഴിച്ച് പൂർത്തിയാക്കുകയും 2016 ഫെബ്രുവരിയിൽ കെട്ടിടം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ആദ്യഘട്ട മെഷീനുകൾ 2017 മാർച്ചോടെ ലഭ്യമാവുകയും അതിനായി ₹1.14 കോടിയുടെ ചെലവുണ്ടാവുകയും ചെയ്തു. ഫാക്ടറി കെട്ടിടവും ആവശ്യത്തിനുള്ള ഉപകരണങ്ങളുടെ വാങ്ങലും കഴിഞ്ഞെങ്കിലും ഫാക്ടറി ഇതുവരെ അതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല (ഫെബ്രുവരി 2018).

ഫാക്ടറിയുടെ നിർമ്മാണത്തിന് അനുമതിയില്ലാത്ത ജനവാസ മേഖലയിലാണ് മുട്ടത്തറയിലെ ഔഷധിക്ക് കേരള സർക്കാർ പാട്ടത്തിന് കൊടുത്ത ഭൂമി സ്ഥിതി ചെയ്യുന്നതെന്ന് ഓഡിറ്റ് കണ്ടെത്തി. 33 ആളുകൾക്ക് നേരിട്ടും 150 ആളുകൾക്ക് നേരിട്ടല്ലാതെയും ജോലി കൊടുക്കാൻ ലക്ഷ്യമിട്ടുള്ള അതിനൂതനമായ ഉത്പാദന

[167] ഒരു പൊതുമേഖലാ കമ്പനിയും പൊതുമരാമത്ത് പണികൾ നടപ്പിലാക്കാനുള്ള ഒരു അംഗീകൃത ഏജൻസിയും.

[168] പദ്ധതിയ്ക്ക് ആവശ്യമായ യന്ത്രസംവിധാനങ്ങൾ, ഉപകരണങ്ങൾ, യന്ത്രഭാഗങ്ങൾ എന്നിവയുടെ കണ്ടെത്തൽ, വിലപേശൽ, തീർപ്പാക്കൽ, സിവിൽ, മെക്കാനിക്കൽ, സ്ട്രക്ച്ചറൽ, ഇലക്ട്രിക്കൽ മുതലായ പണികളുടെ കരാർകാരുമായുള്ള വിലപേശൽ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഔഷധിയ്ക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതാണ് എൻജിനീയറിംഗ് സേവനങ്ങളിൽ ഉൾപ്പെടുന്നത്.

[169] പദ്ധതി പാക്കേജുകളുടെ കണ്ടെത്തൽ, ടെൻഡറുകളുടെ തയ്യാറാക്കൽ (സാങ്കേതികവും വാണിജ്യപരവും) ടെൻഡർ നോട്ടീസുകളുടെ തയ്യാറാക്കൽ, ലേലം വിളിക്കുന്നവരുമായി സാങ്കേതിക-വാണിജ്യ ചർച്ചകൾ, ഓഫറുകളുടെ സാങ്കേതിക-വാണിജ്യ അവലോകനവും അതിൻമേലുള്ള ശുപാർശകളും കോൺട്രാക്ടർക്ക് കൊടുക്കാൻ വേണ്ടി ഉപഭോക്താവിനു കൊടുക്കുന്ന കോൺട്രാക്ട് ഏൽപ്പിച്ചുകൊണ്ടുള്ള കത്തിന്റെ തയ്യാറാക്കലും അയയ്ക്കലും, കോൺട്രാക്ടിന്റെ നടപ്പിലാക്കൽ, പണം കൊടുക്കാനുള്ള ബില്ലുകളുടെ നടപടികൾ മുതലായവ പ്രൊക്യുവർമെന്റ് സേവനങ്ങൾ എന്നതിലുൾപ്പെടുന്നു.

സൗകര്യം ഒരു ജനവാസ മേഖലയിൽ തുടങ്ങാനോ ഫാക്ടറി പ്രവർത്തിപ്പിക്കാനോ ഔഷധിക്ക് അർഹതയില്ലെന്നത് സ്പഷ്ടമാണ്. ഏത് നിർമ്മാണ പ്രവർത്തനങ്ങളും തുടങ്ങുന്നതിനുമുമ്പ് സിടിപിയുടെ മുൻകൂർ അനുമതി വാങ്ങേണ്ട ആവശ്യമുള്ള ഗ്രീൻ മേഖലയിലാണ് ഈ ഫാക്ടറിക്കുവേണ്ട ഭൂമി സ്ഥിതി ചെയ്യുന്നതെന്ന കാര്യം ഫാക്ടറിക്കുവേണ്ടി കിറ്റ്കോ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നുണ്ട്. അഗ്നിസുരക്ഷാ വിഭാഗം, തദ്ദേശസ്വയംഭരണ സ്ഥാപനം, ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വിഭാഗം, മലിനീകരണ നിയന്ത്രണ ബോർഡ്, ഭൂതല ജലവിഭാഗം, സിവിൽ ഏവിയേഷൻ മന്ത്രാലയം എന്നിവയുടെയും പ്രാഥമിക ക്ലിയറൻസ് ഈ പദ്ധതിക്ക് കിട്ടാനുണ്ട്.

ജനവാസമേഖലയിൽ സ്ഥിതിചെയ്യുന്ന ഭൂമി വ്യവസായ മേഖലയിലേക്ക് മാറ്റാൻ സിടിപിയോട് ഔഷധി അനുമതി ചോദിച്ചിരുന്നതായും (സെപ്തംബർ 2015) ഓഡിറ്റ് കണ്ടെത്തി. ഔദ്യോഗികമായ അനുമതിക്ക് കാത്തുനിൽക്കാതെ നിയമപ്രകാരമുള്ള ക്ലിയറൻസ് കിട്ടാതെ തന്നെ ഫാക്ടറിയുടെ നിർമ്മാണം ഔഷധി തുടങ്ങിയത് നിലവിലെ നിയമങ്ങളുടെ ഗുരുതരമായ ലംഘനമാണ്. ഔദ്യോഗിക അനുമതിക്കായി ഔഷധി അഭ്യർത്ഥിച്ച സിടിപിയ്ക്ക് ഈ അനുമതി നൽകാൻ അർഹതയില്ലെന്നും ഈ വിഷയം കേരള സർക്കാരുമായി ഏറ്റെടുത്തുവെന്നും ഓഡിറ്റ് പിന്നീട് നിരീക്ഷിക്കുകയുണ്ടായി (2016 ജനുവരി).

മേഖലാ ചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകളൊന്നും ഔഷധിയുടെ നിർദ്ദിഷ്ട ഫാക്ടറി പാലിക്കുന്നില്ലെങ്കിലും കെട്ടിട പെർമിറ്റ് കിട്ടാനുള്ള താമസം കണക്കിലെടുത്ത് ഔഷധിയിൽനിന്ന് അപേക്ഷ കിട്ടുന്ന തീയതി മുതൽ ഒരാഴ്ചക്കുള്ളിൽ കോർപ്പറേഷൻ താൽക്കാലിക യുഎ നമ്പർ[170] അനുവദിക്കാൻ ആരോഗ്യ/തദ്ദേശസ്വയംഭരണ വകുപ്പുകളുടെ മന്ത്രിമാർ, തദ്ദേശസ്വയംഭരണ/ആയുഷ് വിഭാഗങ്ങളുടെ സർക്കാർ സെക്രട്ടറിമാർ, തിരുവനന്തപുരം കോർപ്പറേഷന്റെ സെക്രട്ടറി, ഔഷധിയുടെ ചെയർമാൻ/എംഡി എന്നിവരുടെ ഒരു യോഗത്തിൽ തീരുമാനിച്ചു (ജൂലൈ 2017). മേഖലാ ചട്ടങ്ങളെയും തത്ഫലമായി അനധികൃത നിർമ്മാണത്തെയും ക്രമീകരിക്കാനുള്ള ഒരു നീക്കത്തിന്റെ വ്യക്തമായ സൂചനയാണിത്. ഒക്ടോബർ 2017-ൽ കെട്ടിടത്തിന് താത്ക്കാലിക യുഎ നമ്പർ അനുവദിച്ചു.

ഈ വിഷയം കേരള സർക്കാരിലേക്ക് കൈമാറിയതിനുശേഷം (സെപ്തംബർ 2017) ഭാവിയിൽ മേഖലാ ക്രമപ്പെടുത്തലുകൾ നടക്കും എന്ന ഉറച്ച വിശ്വാസം കൊണ്ടാണ് ഫാക്ടറിയുടെ നിർമ്മാണവുമായി സർക്കാർ മുന്നോട്ടുപോയതെന്ന് ഓഡിറ്റിനെ അറിയിച്ചു (ഒക്ടോബർ 2017). ഈ വിഷയത്തിൽ സർക്കാർ അനുകൂലമായ തീരുമാനമെടുത്തതുകൊണ്ട് കുറച്ച് കാലത്തിനുള്ളിൽതന്നെ ഫാക്ടറി പ്രവർത്തിപ്പിക്കാനാകുമെന്നും പറഞ്ഞു. ക്രമപ്പെടുത്തലുകൾ പിന്നീടുണ്ടാകുമെന്ന ധാരണയുടെയും വിശ്വാസത്തിന്റെയും പുറത്ത് ജനവാസമേഖലയിൽ ഫാക്ടറികൾ നിർമ്മിക്കുക തുടങ്ങിയ ഗൗരവമേറിയ വിഷയങ്ങളുമായി സർക്കാർ മുന്നോട്ടുപോകാൻ പാടില്ലായെന്നതുകൊണ്ട് സർക്കാരിന്റെ ഈ മറുപടി സ്വീകാര്യമല്ല. ആക്ടിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്ന പരിധിക്കുള്ളിൽനിന്നാണ് സർക്കാർ പ്രവർത്തിക്കേണ്ടത്. സർക്കാരുണ്ടാക്കിയ ചട്ടങ്ങളും നിയമങ്ങളും സർക്കാർ തന്നെ ലംഘിക്കുന്നത് ഈ വിഷയം ഗൗരവതരമാക്കുന്നതിനാൽ കുറ്റക്കാരായ ഉദ്യോഗസ്ഥരുടെമേൽ ഉത്തരവാദിത്തം ഉറപ്പിക്കേണ്ടതുമാണ്.

[170] അനധികൃതമായ നിർമ്മാണങ്ങൾക്ക് നൽകുന്ന പെർമിറ്റ് നമ്പർ.

## ഉന്നത വിദ്യാഭ്യാസ വകുപ്പ്

### 6.5 അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിലുള്ള എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങളുടെ ലംഘനം

**സാങ്കേതികവിദ്യാഭ്യാസ ഡയറക്ടർ എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങളെയും കേരളസർക്കാർ ഉത്തരവുകളെയും ലംഘിച്ച് അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് നിയമനം നടത്തിയതിനാൽ, തെരഞ്ഞെടുത്ത് പരിശോധിച്ച 24 കേസുകളിൽ ചുരുങ്ങിയത് ₹1.46 കോടിയുടെ അനുവദനീയമല്ലാത്ത ചെലവുണ്ടായി.**

ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ (എ.ഐ.സി.ടി.ഇ) ബിരുദതലത്തിലുള്ള സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അധ്യാപകരുടെയും മറ്റു അക്കാദമിക ജീവനക്കാരുടെയും ശമ്പള സ്കെയിൽ, സേവന നിബന്ധനകൾ, യോഗ്യതകൾ എന്നിവ നിർദ്ദേശിക്കുന്ന ചട്ടങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് വിജ്ഞാപനമിറക്കി (മാർച്ച് 2010). ഈ ചട്ടങ്ങൾ അനുസരിച്ച് സർവ്വകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകരെ 2006 ജനുവരി 1 മുതൽ മുൻകാല പ്രാബല്യത്തോടെ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികകളിലേയ്ക്ക് മാത്രമേ നിയമിക്കാവൂ.

ചട്ടങ്ങളിലെ വ്യവസ്ഥയനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപക ജോലിക്ക് പ്രവേശിക്കുന്നവർക്ക് ₹15,600-39,100 പേ ബാന്റിൽ ₹6,000 അക്കാദമിക ഗ്രേഡ് പേ (എ.ജി.പി) നൽകി അസിസ്റ്റന്റ് പ്രൊഫസർ എന്ന പദവിയിലാണ് നിയമിക്കപ്പെടേണ്ടത്. കൂടാതെ, 2006 ജനുവരി 1-ന് ₹12,000-18,300 എന്ന പഴയ ശമ്പള സ്കെയിലിൽ മൂന്നുവർഷം പൂർത്തീകരിച്ച് അസിസ്റ്റന്റ് പ്രൊഫസർമാർക്കും ലക്ചറർ (സെലക്ഷൻ ഗ്രേഡ്)മാർക്കും ₹37,400-67,000 പേ ബാന്റും ₹9,000 എ.ജി.പിയും നൽകി അസോസിയേറ്റ് പ്രൊഫസറായി തസ്തിക പുനഃക്രമീകരിച്ചു നൽകണം. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും ഡോ. അരുൺ സി-യും കൂട്ടുകക്ഷികളും തമ്മിലുള്ള കേസിൽ കേരള ഹൈക്കോടതി നിരീക്ഷിച്ചതനുസരിച്ച്, (നവംബർ 2015), ₹37,400-67,000 ശമ്പള സ്കെയിലും ₹9,000 എ.ജി.പിയും ഉള്ള പേബാന്റ് 4 അനുവദിക്കാവുന്നത് മൂന്ന് കൊല്ലം പൂർത്തീകരിച്ച പി.എച്ച്.ഡി ഉള്ള അസിസ്റ്റന്റ് പ്രൊഫസർമാർക്കു മാത്രമാണ്. ₹15,600-39,100 എന്ന നിരക്കിലുള്ള പേബാൻഡ് 3-ഉം, ₹8,000 എ.ജി.പിയുമുള്ള പുതുക്കിയ ശമ്പളസ്കെയിലാണ് മറ്റു അസിസ്റ്റന്റ് പ്രൊഫസർമാർക്ക് അനുവദിച്ചിട്ടുള്ളത്.

വ്യവസ്ഥകളനുസരിച്ച് അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ (സെലക്ഷൻ ഗ്രേഡ്) എന്നീ ഔദ്യോഗിക പദവിയിലിരിക്കുന്നവർ 2006 ജനുവരി 1ന് ₹12,000-18,300 ശമ്പളസ്കെയിലിൽ മൂന്ന് വർഷം പൂർത്തീകരിച്ചില്ലെങ്കിൽ, പൂർത്തിയാകുന്നത് വരെ അവർക്ക് അർഹതപ്പെട്ട ₹15,600-39,100 പേബാന്റും ₹8,000 എ.ജി.പിയും നൽകണമെന്നും, അതിനുശേഷം ₹37,400-67,000 എന്ന ഉയർന്ന പേബാന്റ് നൽകി അസോസിയേറ്റ് പ്രൊഫസറാക്കി പദവി പുനഃക്രമീകരിക്കണം എന്നും ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നു. ചട്ടങ്ങളിൽ നിർദ്ദേശിച്ചതനുസരിച്ച്, വിജ്ഞാപനം (മാർച്ച് 2010) പ്രസിദ്ധീകരിച്ച ദിവസം ലക്ചററിന്റെ (സെലക്ഷൻ ഗ്രേഡ്) ഔദ്യോഗിക പദവി വഹിക്കുന്നവർ ₹37,400-67,000 പേ ബാന്റോടുകൂടി അസോസിയേറ്റ്

പ്രൊഫസർ ആയി പദവി പുനഃക്രമീകരിക്കുന്നത് വരെ ലക്ചററിന്റെ (സെലക്ഷൻ ഗ്രേഡ്) പദവിയിൽ തുടരണം.

കേരളസർക്കാർ (ജിഒകെ) എ.ഐ.സി.ടി.ഇയുടെ പുതുക്കിയ പദ്ധതിയനുസരിച്ച് ബിരുദതലത്തിലുള്ള സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പുതുക്കിയ ശമ്പളസ്കെയിൽ സ്വീകരിക്കുകയും 2006 ജനുവരി 1 മുതൽ മുൻകാല പ്രാബല്യത്തോടെ ചട്ടങ്ങൾ നടപ്പിലാക്കാൻ ഉത്തരവിറക്കുകയും ചെയ്തു (2010 ഡിസംബർ). എ.ഐ.സി.ടി.ഇ ചട്ടങ്ങൾക്ക് സമാനമായ വ്യവസ്ഥകൾ ജി.ഒ.കെ ഉത്തരവിലെ 6.1.9, 6.1.10 എന്നീ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എ,ഐ.സി.ടി.ഇ ചട്ടങ്ങളും അവയ്ക്ക് സമാനമായ ജി.ഒ.കെയുടെ നിർദ്ദേശങ്ങളും ലംഘിച്ചുകൊണ്ട് 2006 ജനുവരി 1-ൽ അസിസ്റ്റന്റ് പ്രൊഫസർമാരായിരുന്നവരെയെല്ലാം, അവർക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലുള്ള സേവനദൈർഘ്യം കണക്കിലെടുക്കാതെ, ₹37,400-67,000 പേ ബാന്റോടും ₹9,000 എ.ജി.പിയോടും കൂടി അസോസിയേറ്റ് പ്രൊഫസർ പദവി നൽകി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് ഇറക്കിയതായി (ഏപ്രിൽ/ജൂൺ 2012) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ (ഡിറ്റിഇ) ഓഡിറ്റ്[171] നടത്തിയപ്പോൾ നിരീക്ഷിച്ചു. അങ്ങനെ അസിസ്റ്റന്റ് പ്രൊഫസർ കേഡറിൽ മൂന്ന് വർഷം സേവനം വേണമെന്ന ഐ.ഐസി.ടി.ഇ/ജി.ഒ.കെ നിർദ്ദേശം പരിഗണിക്കാതെ ഈ വകുപ്പിലെ എല്ലാ അസിസ്റ്റന്റ് പ്രൊഫസർമാരെയും ₹37,400-67,000 പേ ബാന്റോടും ₹9,000 എ.ജി.പിയോടും കൂടി അസോസിയേറ്റ് പ്രൊഫസർമാരായി നിയമിച്ചു.

ഡി.റ്റി.ഇയുടെ തെറ്റായ ഉത്തരവുമൂലമുണ്ടായ, അസിസ്റ്റന്റ് പ്രൊഫസർമാരെ അസോസിയേറ്റ് പ്രൊഫസർമാരാക്കിയുള്ള ക്രമരഹിതമായ ഉദ്യോഗനിയമനം കാരണം തെരഞ്ഞെടുത്ത 24 കേസുകളിൽ മാത്രം (**അനുബന്ധം 6.4**) ചുരുങ്ങിയത് ₹1.46 കോടിയുടെ അനുവദനീയമല്ലാത്ത ചെലവുണ്ടായി.

ജി.ഒ.കെ ഉത്തരവ് വ്യക്തമാക്കികൊണ്ട് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ കത്തുപ്രകാരം (2012 മാർച്ച്), ജി.ഒ.കെ ഉത്തരവിലെ വ്യവസ്ഥകൾ 5.3-ഉം 5.5-ഉം അനുസരിച്ച് അനുവദനീയമായ തസ്തികകളിലെ അസിസ്റ്റന്റ് പ്രൊഫസർമാരെ 2006 ജനുവരി 1-നു ₹37,400-67,000 പേ ബാന്റോടും ₹9,000 എ.ജി.പിയോടും കൂടി അസോസിയേറ്റ് പ്രൊഫസർമാരായി 2006 ജനുവരി 1-നോ സ്ഥാനക്കയറ്റം ലഭിച്ച തീയതി അതിനുശേഷമെങ്കിൽ അന്നോ, പദവി പുനഃക്രമീകരിക്കാമെന്നും ഡി.റ്റി.ഇ മറുപടി നൽകി (2017 ഡിസംബർ). വ്യവസ്ഥകൾ 6.1.9-ഉം 6.1.10-ഉം കരിയർ അഡ്വാൻസ്മെന്റ് സ്കീമിനുമാത്രമാണ് ബാധകമെന്നും അനുവദിക്കപ്പെട്ട തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ടതല്ല എന്നും പ്രസ്താവിക്കപ്പെട്ടു. സമാനരീതിയിലുള്ള മറുപടി ജി.ഒ.കെയിൽ നിന്നും ലഭിക്കുകയുണ്ടായി (2018 മാർച്ച്).

വ്യവസ്ഥ 6-ൽ പറഞ്ഞിരിക്കുന്ന സീനിയോറിറ്റി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അർഹതപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് സ്ഥാനക്കയറ്റത്തിലൂടെ മാത്രമേ അസോസിയേറ്റ് പ്രൊഫസർമാരുടെ കേഡറിലേക്കുള്ള നിയമനം നടത്താവൂ എന്ന് വ്യവസ്ഥ 5.5-ൽ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഈ മറുപടി വസ്തുതാപരമായി ശരിയല്ല. എ.ഐ.സി.ടി.ഇ ചട്ടങ്ങളിലോ ജി.ഒ.കെ ഉത്തരവിലോ സ്ഥാനക്കയറ്റത്തിലൂടെയുള്ള നിയമനവും കരിയർ അഡ്വാൻസ്മെന്റ് സ്കീം വഴിയുള്ള നിയമനവും തമ്മിൽ വേർതിരിവ് കല്പിച്ചിട്ടില്ല. കൂടാതെ എ.ഐ.സി.ടി.ഇ ചട്ടങ്ങളിലും ജി.ഒ.കെ ഉത്തരവിലും മൂന്ന് വർഷത്തെ സേവനത്തിന്റെ ആവശ്യകത സ്പഷ്ടമായി പ്രതിപാദിക്കുന്നുമുണ്ട്.

[171] ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അനുവർത്തന ഓഡിറ്റ്.

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അനുവർത്തന ഓഡിറ്റിന്റെ അന്തിമ കൂടിക്കാഴ്ചയിൽ (2017 ഡിസംബർ) ഈ ഖണ്ഡിക വിശദമായി ചർച്ച ചെയ്യുകയും ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ സെക്രട്ടറി കേസുകൾ പുനഃപരിശോധിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തു.

## 6.6 ഒരു പോളിടെക്നിക് കോളേജിൽ എഐസിടിഇയുടെ പരിശോധനാവേളയിൽ പോരായ്മകൾ കണ്ടെത്തിയതിന്റെ ഫലമായി ഈ കോളേജിന് എഐസിടിഇ എക്സ്റ്റൻഷൻ ഓഫ് അപ്രൂവൽ നിരസിക്കുകയും അതേ തുടർന്ന് ഒരു ബാച്ചിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാൻ കഴിയാതെ വരികയും ചെയ്തു.

**2015-16-ൽ എഐസിടിഇയുടെ എക്സ്റ്റൻഷൻ ഓഫ് അപ്രൂവലിനു വേണ്ടിയുള്ള അപേക്ഷ തുടർനടപടികളിലൂടെ വിജയകരമായി സമർപ്പിക്കുന്നത് ഉറപ്പാക്കാൻ തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്ക് കോളേജിലെ പ്രിൻസിപ്പലിനു സാധിക്കാതെ പോയത് 2015-16-ന് എഐസിടിഇയുടെ അംഗീകാരം ലഭിക്കാതെ 360 വിദ്യാർത്ഥികളുടെ ക്രമവിരുദ്ധമായ പ്രവേശനത്തിന് ഇടയാക്കി.**

രാജ്യത്തിന്റെ മുഴുവൻ സാങ്കേതിക വിദ്യാഭ്യാസ സംവിധാനത്തിന്റെയും ശരിയായ ആസൂത്രണത്തിനും സംയോജിതമായ വികസനത്തിനും വേണ്ടി പാർലമെന്റിന്റെ ഒരു നിയമത്തിലൂടെ[172] ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (എ.ഐ.സി.ടി.ഇ) സ്ഥാപിതമായി. എഐസിടിഇ ആക്ട് 1987-ലെ സെക്ഷൻ 10.1(കെ) പ്രകാരം പുതിയ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും പുതിയ കോഴ്സുകൾക്കും പരിപാടികൾക്കും അംഗീകാരം നൽകുന്നതിനുള്ള അധികാരം എഐസിടിഇക്ക് നൽകുന്നു. അതേസമയം സെക്ഷൻ 10.1 (ക്യൂ) പ്രകാരം കൗൺസിൽ നൽകുന്ന നിർദ്ദേശങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളിലെ കോഴ്സുകൾക്കും മറ്റ് പ്രോഗ്രാമുകൾക്കും വേണ്ടിയുള്ള ഗ്രാന്റുകൾ തടഞ്ഞുവയ്ക്കാനും/ നിർത്തലാക്കുവാനും എഐസിടിഇയുടെ നിർദ്ദേശങ്ങൾ പാലിക്കുന്നത് ഉറപ്പുവരുത്തുവാൻ ആവശ്യമെന്നു തോന്നുന്ന മറ്റു നടപടികൾ സ്വീകരിക്കുവാനും കൗൺസിലിനു അധികാരമുണ്ട്. കൂടാതെ നിലവിലുള്ള ഒരു അഫിലിയേറ്റഡ് സാങ്കേതിക കോളേജിൽ ഒരു സാങ്കേതിക കോഴ്സ് നടത്താൻ എഐസിടിഇയുടെ മുൻകൂർ അംഗീകാരം നിർബന്ധവും നിയമാനുസൃതവുമാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിട്ടിട്ടുണ്ട് (2014 ഡിസംബർ).

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിക്ക് അനുസൃതമായി എല്ലാ സാങ്കേതിക[173] വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും അവയുടെ കോഴ്സുകൾക്കും മറ്റ് പ്രോഗാമുകൾക്കും 2015-16 അധ്യയനവർഷത്തിലേക്കുള്ള എക്സ്റ്റൻഷൻ ഓഫ് അപ്രൂവലിനു വേണ്ടി[174] (ഇഒഎ) എഐസിടിഇ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കൽ ആരംഭിച്ചു (2015 ജനുവരി). അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസാനതീയതി എഐസിടിഇ 2015 ഫെബ്രുവരി 20-ൽ

172 ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ നിയമം, 1987.

173 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നാൽ അഫിലിയേറ്റഡ് ടെക്നിക്കൽ കോളേജുകളും കൂടാതെ ഒരു സർവ്വകലാശാലയുടെ അഫിലിയേഷൻ ആവശ്യമായ, പുതുതായി തുടങ്ങാനിരിക്കുന്ന ടെക്നിക്കൽ കോളേജുകളും ഉൾപ്പെടുന്നതാണ്.

174 എല്ലാ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഓരോ വർഷവും അംഗീകാരം ദീർഘിപ്പിക്കുന്നതിന് വേണ്ടി എക്സ്റ്റൻഷൻ ഓഫ് അപ്രൂവലിനായി എഐസിടിഇയുടെ മേഖലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

നിന്നും 2015 ഫെബ്രുവരി 27 വരെയും പിന്നീട് 2015 മാർച്ച് 2 വരെയും നീട്ടി. അതിനുശേഷം അപേക്ഷകൾ പിഴയോടുകൂടി മാർച്ച് 5 വരെ സമർപ്പിക്കാമായിരുന്നു. എന്നാൽ 2015 മാർച്ച് അഞ്ചിനപ്പുറം യാതൊരു സാഹചര്യത്തിലും, പിഴയോട് കൂടി ആയാൽപോലും അപേക്ഷകൾ സ്വീകരിക്കുകയില്ലെന്നും വ്യക്തമാക്കിയിരുന്നു.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ (ഡിറ്റിഇ) കാര്യാലയത്തിലെ രേഖകളുടെ പരിശോധനാ വേളയിൽ (2017 ഏപ്രിൽ) മേൽപ്പറഞ്ഞ വ്യവസ്ഥകൾ ലംഘിച്ചതിന്റെ ഫലമായി ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന് 2015-16 കാലയളവിലുള്ള കോഴ്സുകളുടെ അംഗീകാരം നഷ്ടപ്പെട്ടതായി കണ്ടെത്തി. കൂടാതെ, 360 വിദ്യാർത്ഥികൾക്ക് 2016-17 അധ്യയനവർഷത്തിലേക്ക് പ്രവേശനം നൽകാനും ഈ സ്ഥാപനത്തിന് കഴിഞ്ഞില്ല.

സാങ്കേതികവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം വട്ടിയൂർക്കാവിലെ സെൻട്രൽ പോളിടെക്നിക് കോളേജ് 2014-15 വരെ എഐസിടിഇയുടെ അംഗീകാരത്തോടുകൂടി ആറ് ശാഖകളിലായി റെഗുലർ ഡിപ്ലോമ കോഴ്സുകൾ നടത്തിയിരുന്നു. സെൻട്രൽ പോളിടെക്നിക് കോളേജിന്റെ (സിപിടിസി) പ്രിൻസിപ്പൽ എഐസിടിഇയുടെ പോർട്ടലിൽ 2015-16 കാലയളവിനുള്ള ഇ.ഒ.എ ലഭിക്കുന്നതിനുള്ള ഓൺലൈൻ അപേക്ഷ 2015 ഫെബ്രുവരി 23-ന് സമർപ്പിച്ചു. പക്ഷേ സമർപ്പിച്ച അപേക്ഷയുടെ സ്ഥിതി 2015 മാർച്ച് 7 വരെ 'പുരോഗതിയിലാണ്' എന്നും, തുടർന്ന് 'അപേക്ഷ സമർപ്പിച്ചിട്ടില്ല' എന്നുമാണ് ദൃശ്യമായത്. എന്നാൽ അപേക്ഷ 'പുരോഗതിയിലാണ്' എന്ന് കണ്ടത് ചില സാങ്കേതിക പ്രശ്നങ്ങൾ കാരണമായിരുന്നു എന്നും എഐസിടിഇ പോർട്ടലിൽ നിന്നും അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 2015 മാർച്ച് 2-ന് ശേഷം മാത്രമേ റിപ്പോർട്ട് ലഭ്യമാവുകയുള്ളൂ എന്നും പ്രിൻസിപ്പൽ ഓഡിറ്റിനെ അറിയിച്ചു. 2015 മാർച്ച് 7-നുള്ള റിപ്പോർട്ട് കണ്ടപ്പോൾ മാത്രമാണ് അപേക്ഷയുടെ സ്ഥിതി 'അപേക്ഷ സമർപ്പിച്ചിട്ടില്ല' എന്നാണ് ദൃശ്യമാകുന്നതെന്ന് അറിഞ്ഞതെന്നും പ്രിൻസിപ്പൽ കൂട്ടിച്ചേർത്തു (2017 ഡിസംബർ).

2015-16-ലെ എഐസിടിഇയുടെ അംഗീകാരം ലഭിച്ച സ്ഥാപനങ്ങളുടെ പട്ടികയിൽ സി.പി.ടി.സിയെ ഉൾപ്പെടുത്തിയിരുന്നില്ലെന്നും ഈ കാരണത്താൽ 2015-16 കാലയളവിലെ കോഴ്സുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സിപിടിസി യ്ക്ക് അർഹതയില്ലായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ എഐസിടിഇ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സിപിടിസി 360[175] വിദ്യാർത്ഥികൾക്ക് കോളേജിലെ ആറ് വിവിധ കോഴ്സുകളിലേയ്ക്ക് 2015-16 കാലയളവിൽ പ്രവേശനം നൽകിയത് സ്ഥാപനത്തിനെതിരെ ഉചിതമായ ശിക്ഷാനടപടികൾ ക്ഷണിച്ചുവരുത്താൻ കാരണമായേക്കും.

2015-16 ലേക്ക് ഇ.ഒ.എ ലഭിക്കുന്നതിനുള്ള അപേക്ഷ നിരസിച്ചതിനെ തുടർന്ന് സിപിടിസി 2016-17 അധ്യയനവർഷത്തിലേക്കായി 'ബ്രേക്ക് ഇൻ ഇഒഎ' എന്ന വിഭാഗത്തിൻകീഴിൽ അപേക്ഷ സമർപ്പിച്ചു. എഐസിടിഇ പുറത്തിറക്കിയ അപ്രൂവൽ പ്രോസസ് ഹാൻഡ്ബുക്കിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു വിദഗ്ധ സമിതി സിപിടിസിയിൽ നടത്തിയ പരിശോധനയിൽ അധ്യാപകരുടെ സംഖ്യയെക്കുറിച്ചുള്ള എഐസിടിഇയുടെ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള സർക്കാരിന്റെ തസ്തികകൾ അനുവദിക്കൽ, അപര്യാപ്തമായ മെഡിക്കൽ സൗകര്യങ്ങൾ, വായനാ മുറിയുടെ വ്യാപ്തിക്കുറവ്, വിശദാംശങ്ങളും/രേഖകളും നല്കാതിരിക്കൽ തുടങ്ങി നിരവധി പോരായ്മകൾ കണ്ടെത്തി. വിദഗ്ധ സമിതിയുടെ കണ്ടെത്തലുകളെ തുടർന്ന് എഐസിടിഇ, സിപിടിസിയുടെ

[175] സിവിൽ/മെക്കാനിക്കൽ/ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്/കംപ്യൂട്ടർ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ടെക്നോളജി എന്നീ ഡിപ്ലോമകളിൽ ഓരോന്നിലും 60 വീതം കുട്ടികൾ.

അപേക്ഷ നിരസിക്കുകയും തത്ഫലമായി 2016-17 കാലയളവിൽ സ്ഥാപനത്തിലെ ആറ് കോഴ്സുകളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനാനുമതി നിഷേധിക്കപ്പെടുകയും ചെയ്തു.

സിപിടിസി പ്രിൻസിപ്പൽ 2015-16-ൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ കോഴ്സ് 2018 മാർച്ചിൽ അവസാനിക്കുന്നത് പരിഗണിച്ച് 2015-16 അധ്യയനവർഷത്തിലെ ഇ.ഒ.എക്കുവേണ്ടി എഐസിടിഇയുടെ അപ്രൂവൽ ബ്യൂറോയോട് അപേക്ഷിക്കുകയുണ്ടായി (ആഗസ്റ്റ് 2017). എന്നാൽ 2015-16-ലെയും 2016-17-ലെയും ഇഒഎ നൽകാൻ സാധിക്കില്ല എന്ന മറുപടിയാണ് എഐസിടിഇ (നവംബർ 2017) നൽകിയത്.

2015-16, 2016-17 എന്നീ അധ്യയനവർഷങ്ങളിൽ ഇഒഎ നഷ്ടമായത് പ്രധാനമായും ചില സാങ്കേതിക പ്രശ്നങ്ങൾ കാരണമാണെന്നും പ്രിൻസിപ്പലിന്റെ ഭാഗത്തുനിന്നും മനഃപൂർവ്വമായ കാലതാമസമോ അശ്രദ്ധയോ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്നും സർക്കാർ മറുപടി നൽകി (നവംബർ 2017). ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

സർക്കാർ നൽകിയ മറുപടി വസ്തുതാപരമായി ശരിയല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്തെന്നാൽ എഐസിടിഇ പോർട്ടലിൽ അപേക്ഷയുടെ സ്ഥിതി ''പുരോഗതിയിലാണ്'' എന്ന് കണ്ടെങ്കിലും നിജസ്ഥിതി ആരായുന്നതിന് വേണ്ടി സി.പി.ടി.സി പ്രിൻസിപ്പൽ ഫെബ്രുവരി 23-നും മാർച്ച് 7-നും ഇടയ്ക്ക് എഐസിടിഇയുമായി യാതൊരു വിധ കത്തിടപാടുകളും നടത്തിയില്ല. 2015-16 ലെ ഇഒഎ ലഭിക്കുന്നതിന് എഐസിടിഇയിൽ സമർപ്പിച്ച അപേക്ഷ തുടർനടപടികളിലൂടെ ശരിയായി സമർപ്പിക്കുന്നത് ഉറപ്പുവരുത്തുന്നതിൽ സിപിടിസി പ്രിൻസിപ്പൽ പരാജയപ്പെട്ടതും, എഐസിടിഇയുടെ അനുമതിയില്ലാതെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയതും അവർ സ്വായത്തമാക്കിയ ഡിപ്ലോമയുടെ സാധുത അപകടത്തിലാക്കി. ഇതിന് ഉത്തരവാദിത്തം ഉറപ്പിക്കേണ്ടതുണ്ട്. കൂടാതെ പ്രവർത്തനപരമായ പോരായ്മകൾ പരിഹരിക്കുന്നത് ഉറപ്പുവരുത്തുന്നതിൽ പ്രിൻസിപ്പലിന്റെയും ഡിറ്റിഇയുടെയും ഭാഗത്തുനിന്നുണ്ടായ അലംഭാവം, 2016-17-ൽ എഐസിടിഇയുടെ അംഗീകാരം കോളേജിന് നഷ്ടമായതിനും, തത്ഫലമായി 360 വിദ്യാർത്ഥികളുടെ ഒരു മുഴുവൻ ബാച്ചിനും സാങ്കേതിക വിദ്യാഭ്യാസം നിരസിക്കപ്പെട്ടതിനും കാരണമായി. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

## പൊതുമരാമത്ത് വകുപ്പ്

### 6.7 ഫേം പീരിയഡിനുള്ളിൽ ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ സംഭവിച്ച ₹1.53 കോടിയുടെ ഒഴിവാക്കാമായിരുന്ന ചെലവ്

**രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഫേം പീരിയഡിനുള്ളിൽ പൂർത്തിയാക്കാത്തതിനാൽ കേരള സർക്കാരിന് ₹1.53 കോടിയുടെ ഒഴിവാക്കാമായിരുന്ന അധികച്ചെലവുണ്ടായി.**

കേരള പൊതുമരാമത്തു വകുപ്പ് മാന്വലിലെ സെക്ഷൻ 2009.5 നിഷ്കർഷിക്കുന്നത്, ടെണ്ടർ സ്വീകരിക്കുന്നതായുള്ള കത്ത് ടെണ്ടറിൽ

പങ്കെടുക്കുന്ന വ്യക്തിക്ക് ഫേം പീരിയഡ്[176] അവസാനിക്കുന്നതിന് മുൻപു തന്നെ അയക്കുന്നതിലേക്കായി ടെണ്ടറിൽ പരാമർശിച്ചിട്ടുള്ള ഫേം പീരിയഡ് തീരുന്നതിന് വളരെ മുൻപുതന്നെ ടെൻഡറുകൾ പരിഗണിക്കേണ്ടതും അതിൻമേൽ തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. ടെണ്ടറുകളിൽ തീരുമാനം എടുക്കുവാനും അവ സ്വീകരിക്കുന്ന വിവരം പങ്കെടുക്കുന്ന വ്യക്തികളെ എഴുതി അറിയിക്കുവാനും ആവശ്യമായ പരമാവധി സമയത്തെയാണ് ഫേം പീരിയഡായി നിശ്ചയിച്ചിട്ടുള്ളത്. ഇത് സാധാരണഗതിയിൽ രണ്ടു മാസത്തിൽ കൂടാൻ പാടില്ല. മുകളിൽ പറഞ്ഞ സമയക്രമങ്ങളിൽ താമസം പ്രതീക്ഷിക്കുന്നുവെങ്കിൽ ടെൻഡറുകൾ ക്ഷണിച്ച ഉദ്യോഗസ്ഥൻ, ഫേം പീരിയഡ് ഒരു മാസമോ അതിലധികമോ നീട്ടുവാനുള്ള സമ്മതം ഏറ്റവും താഴ്ന്ന നിരക്കുകൾ രേഖപ്പെടുത്തിയ രണ്ടു വ്യക്തികളിൽ നിന്നും വാങ്ങിക്കേണ്ടതാണ്. താഴ്ന്ന നിരക്കുകൾ രേഖപ്പെടുത്തിയ ഏതെങ്കിലും ഒരു വ്യക്തി ഫേം പീരിയഡ് നീട്ടുവാൻ സമ്മതിക്കാത്ത പക്ഷം ആ ടെണ്ടർ പരിഗണിക്കുവാൻ സാധിക്കാതെ വരും. ആയതിനാൽ ടെൻഡറുകൾ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ഫേം പീരിയഡ് അവസാനിക്കുന്നതിനു മുമ്പ് തന്നെ കരാറിൽ ഏർപ്പെടാൻ ഉതകുന്ന വിധത്തിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

താഴെ വിവരിച്ചിരിക്കുന്നത് പോലെ രണ്ടു കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ മുകളിൽ പറഞ്ഞ വ്യവസ്ഥകൾ പാലിക്കുന്നതിൽ വകുപ്പുതല അധികാരികൾ വീഴ്ച വരുത്തിയതിനാൽ സർക്കാർ ഖജനാവിന് ₹1.53 കോടിയുടെ ഒഴിവാക്കാമായിരുന്ന അധിക ചെലവ് ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തി[177].

- **ഇടുക്കി ജില്ലയിലെ ദേവികുളം മിനി സിവിൽ സ്റ്റേഷന്റെ ഒന്നാം ഘട്ടനിർമ്മാണം**

  കേരള സർക്കാർ 2013 ജൂലൈയിൽ ഇടുക്കി ജില്ലയിലെ ദേവികുളം മിനി സിവിൽസ്റ്റേഷന്റെ ഒന്നാം ഘട്ടനിർമ്മാണത്തിന് ₹ അഞ്ചു കോടിയുടെ ഭരണപരമായ അനുമതി നൽകിയിരുന്നു. അതിനുശേഷം ഡിസംബർ 2013-ൽ സൂപ്രണ്ടിങ് എഞ്ചിനീയർ (കെട്ടിട വിഭാഗം) സെൻട്രൽ സർക്കിൾ തൃശ്ശൂർ, ₹4.75 കോടിയുടെ പ്രതീക്ഷിത ചെലവ് കണക്കാക്കപ്പെട്ട പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ടെണ്ടറുകൾ തുറക്കുന്ന ദിവസം (2013 ഡിസംബർ 30) മുതൽ രണ്ടു മാസത്തെ ഫേം പീരിയഡ് (2014 മാർച്ച് 2 വരെ) നിഷ്കർഷിച്ചുകൊണ്ടു ടെൻഡറുകൾ ക്ഷണിച്ചിരുന്നു. ദർഘാസ് രേഖകൾ പ്രകാരം ദർഘാസിൽ പങ്കെടുത്ത മൂന്ന് പേരിൽ നിർമ്മാണ ചെലവ് ഏറ്റവും കുറവ് രേഖപ്പെടുത്തിയ ശ്രീ പീറ്റർ കുര്യാക്കോസ് എന്ന വ്യക്തി പ്രതീക്ഷിതനിരക്കിൽ നിന്നും 13 ശതമാനം കൂടുതൽ ആണ് രേഖപ്പെടുത്തിയിരുന്നത്. സൂപ്രണ്ടിങ് എഞ്ചിനീയറുടെ സെൻട്രൽ സർക്കിൾ തൃശ്ശൂരിലെ രേഖകൾ പരിശോധിച്ചപ്പോൾ ടെണ്ടർ രേഖകളുടെ സ്വീകാര്യത നിർദ്ദേശങ്ങൾ ഫേം പിരീഡ് അവസാനിക്കുന്ന ദിവസമായ 2014 മാർച്ച് 2-നു ശേഷം 2014 മാർച്ച് 17-ൽ മാത്രമേ ചീഫ് എഞ്ചിനീയർക്ക് (കെട്ടിട വിഭാഗം) അയച്ചിരുന്നുള്ളൂ എന്ന് ഓഡിറ്റ് കണ്ടെത്തി. പക്ഷെ

[176] ടെണ്ടർ തുറക്കുന്ന തീയതി മുതൽ ടെണ്ടർ വ്യവസ്ഥകൾ ബന്ധപ്പെട്ട വ്യക്തിക്ക് ബാധകമായിരിക്കുന്ന തീയതി വരെയുള്ള കാലാവധിയാണ് ടെണ്ടറിന്റെ ഫേം പിരീയഡ്.

[177] 2014-17 ഓഡിറ്റ് കാലാവധിയുടെ ഓഫീസ് ഓഫ് സൂപ്രണ്ടിംഗ് എഞ്ചിനീയർ (ബിൽഡിംഗ്സ്) സെൻട്രൽ സർക്കിൾ തൃശ്ശൂരിൽ 2017 മെയ് 25 മുതൽ 2017 ജൂൺ 9 വരെയും, ഓഫീസ് ഓഫ് സൂപ്രണ്ടിംഗ് എഞ്ചിനീയർ (ബിൽഡിംഗ്സ്) കോഴിക്കോട് നോർത്ത് സർക്കിളിൽ 2017 ഏപ്രിൽ 17 മുതൽ 2017 ആഗസ്റ്റ് 3 വരെയും നടന്ന ഓഡിറ്റിൽ.

ടിയാൻ ഫേം പീരിയഡ് നീട്ടുവാൻ വിസമ്മതിച്ചതിനാൽ (2014 ഏപ്രിൽ) ടെണ്ടർ ഉറപ്പിക്കുവാൻ കഴിഞ്ഞതുമില്ല.

തത്ഫലമായി സൂപ്രണ്ടിങ് എഞ്ചിനീയർ സെൻട്രൽ സർക്കിൾ തൃശ്ശൂർ മേൽപ്പറഞ്ഞ നിർമ്മാണ പ്രവർത്തനത്തിനു വീണ്ടും (2014 ജൂൺ) ടെണ്ടറുകൾ ക്ഷണിക്കുകയും പ്രസ്തുത പ്രവൃത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് പ്രതീക്ഷിത ചെലവിൽ നിന്നും 35 ശതമാനം കൂടിയ നിരക്കിൽ ചെയ്യുവാൻ ഏൽപ്പിക്കുകയും (2014 ഒക്ടോബർ), ₹6.40 കോടി ചെലവാക്കി പൂർത്തിയാക്കുകയും ചെയ്തു (ജൂലൈ 2016).

ഫേം പിരീഡ് തീരുന്നതിനുവളരെ മുമ്പ് തന്നെ ടെണ്ടറിന്റെ സ്വീകാര്യത നിർദ്ദേശങ്ങൾ ചീഫ് എഞ്ചിനീയർക്ക് അയച്ചിരുന്നെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ പ്രതീക്ഷിത ചെലവിൽ നിന്നും 13 ശതമാനം കൂടുതൽ നിരക്കിൽ മാത്രം പ്രവൃത്തി പൂർത്തിയാക്കുവാനും, അതിലൂടെ ടെണ്ടർ എക്സസ് വ്യത്യാസത്തിലൂടെ ഉണ്ടായ ₹1.04 കോടിയുടെ[178] അധികച്ചെലവ് ഒഴിവാക്കുവാനും സാധിക്കുമായിരുന്നു. സൂപ്രണ്ടിങ് എഞ്ചിനീയർ (സെൻട്രൽ സർക്കിൾ തൃശ്ശൂർ) തന്റെ മറുപടിയിൽ (2017 സെപ്തംബർ) നടപടിക്രമങ്ങളിലുണ്ടായ വീഴ്ചകൾ സമ്മതിക്കുകയും ടെണ്ടർ അംഗീകാരവുമായി ബന്ധപ്പെട്ട ഫയലുകൾക്ക് സമയബന്ധിതമായി തീർപ്പു കല്പിക്കുന്നതിന് മുൻഗണന നൽകുവാൻ ജീവനക്കാർക്ക് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു.

ചീഫ് എഞ്ചിനീയർ തന്റെ മറുപടിയിൽ (2018 ജനുവരി), ഈ വിഷയത്തിൽ ആശയവിനിമയം വെച്ചുതാമസിപ്പിക്കുവാൻ ബന്ധപ്പെട്ട ജീവനക്കാരുടെ ഭാഗത്തുനിന്നും ബോധപൂർവ്വമുള്ള ശ്രമങ്ങൾ ഒന്നും ഉണ്ടായിട്ടില്ലെന്നും ടെണ്ടറിൽ തീർപ്പ് കല്പിക്കുവാൻ, പ്രത്യേകിച്ച് പ്രാദേശിക മാർക്കറ്റ് നിരക്കുകളുമായുള്ള ജസ്റ്റിഫിക്കേഷൻ ആവശ്യമുള്ള സന്ദർഭങ്ങളിൽ, രണ്ടു മാസം എന്നുള്ള ഫേം പീരീയഡ് അപര്യാപ്തമാണെന്നും വ്യക്തമാക്കി (2018 ജനുവരി).

അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും പ്രാദേശിക മാർക്കറ്റ് നിരക്കുകൾ കിട്ടുവാൻ ഉണ്ടായ താമസം മൂലമല്ല ടെണ്ടർ നടപടികളിൽ താമസമുണ്ടായത് എന്ന കാരണത്താൽ ചീഫ് എഞ്ചിനീയറുടെ മറുപടി സ്വീകാര്യമല്ല. ഓഡിറ്റ് നിരീക്ഷിച്ചതനുസരിച്ച് പ്രാദേശിക മാർക്കറ്റ് നിരക്കുകൾ 2014 ഫെബ്രുവരി 6-നു തന്നെ കിട്ടിയിട്ടുണ്ടായിരുന്നുവെങ്കിലും ഫേം പീരിയഡ് അവസാനിച്ച 2014 മാർച്ച് 2-നുശേഷം 2014 മാർച്ച് 17-നു മാത്രമാണ് ടെണ്ടർ സ്വീകാര്യത നിർദ്ദേശങ്ങൾ ചീഫ് എഞ്ചിനീയർക്കു അയച്ചത്. മാത്രമല്ല, നടപടിക്രമങ്ങൾ ജാഗ്രതയോടെയും ഉത്തരവാദിത്തത്തോടെയും നിർവ്വഹിച്ചിരുന്നുവെങ്കിൽ ടെണ്ടർ പൂർത്തീകരിക്കാൻ രണ്ടുമാസത്തെ സമയം മതിയാകുമായിരുന്നു എന്നതിനാൽ രണ്ടുമാസത്തെ സമയം അപര്യാപ്തമാണ് എന്ന വിശദീകരണവും സ്വീകാര്യമല്ല. ഈ വിഷയത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലുണ്ടായ അനാസ്ഥകൊണ്ട് ₹1.04 കോടിയുടെ നഷ്ടം ഉണ്ടായതിന്റെ ഉത്തരവാദിത്തം ഉറപ്പിക്കേണ്ടതുണ്ട്.

[178] ₹6.40 കോടി – ₹5.36 കോടി = ₹1.04 കോടി (സ്വീകാര്യമായ ഏറ്റവും കുറഞ്ഞ നിരക്കുകൾ തമ്മിലുള്ള വ്യത്യാസം)

- **മലപ്പുറം ജില്ലയിലെ എടപ്പാൾ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിനുവേണ്ടിയുള്ള കെട്ടിടനിർമ്മാണം**

കേരളസർക്കാർ 2013 ഫെബ്രുവരിയിൽ മലപ്പുറം ജില്ലയിലെ എടപ്പാൾ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന് ₹1.25 കോടിയുടെ ഭരണപരമായ അനുമതി നൽകിയിരുന്നു. അതിനുശേഷം സൂപ്രണ്ടിംഗ് എൻജിനീയർ (നോർത്ത് സർക്കിൾ കോഴിക്കോട്) പ്രസ്തുത പ്രവൃത്തി ₹1.18 കോടിയുടെ പ്രതീക്ഷിത ചെലവിൽ ടെൻഡർ ചെയ്യുകയും (2013 നവംബർ) പ്രസ്തുത പ്രവൃത്തി കണക്കാക്കപ്പെട്ട ചെലവിൽ നിന്നും 12.25 ശതമാനം അധികനിരക്കിൽ ചെയ്യാമെന്നു രേഖപ്പെടുത്തിയ ഏറ്റവും താഴ്ന്ന ബിഡ്ഡർ ആയ ശ്രീ നന്ദകുമാർ യു വി-യുടെ പേർക്കുള്ള ടെൻഡർ സ്വീകാര്യതാനിർദ്ദേശങ്ങൾ ചീഫ് എൻജിനീയർക്ക് 2013 ഡിസംബറിൽ അയച്ചുകൊടുക്കുകയും ചെയ്തു. ടെണ്ടർ പൊട്ടിച്ച ദിവസം മുതൽ (2013 നവംബർ 30) രണ്ടുമാസമായിരുന്നു 2014 ജനുവരി 29 വരെ ടെണ്ടറിന്റെ ഫേം പീരിയഡ്. ചീഫ് എൻജിനീയർ പ്രസ്തുത നിർദ്ദേശം ഫേം പീരിയഡിനുള്ളിൽ (2014 ജനുവരി 22) തന്നെ അംഗീകരിച്ചിരുന്നു ഈ വിവരം സൂപ്രണ്ടിംഗ് എൻജിനീയറെ അറിയിച്ചുകൊണ്ടുള്ള കത്ത് ഫേം പിരിയഡിനു ശേഷം മാത്രമാണ് അയച്ചുകൊടുത്തതെന്ന് 2014 ഫെബ്രുവരി 14-ലെ ചീഫ് എൻജിനീയറുടെ ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് കണ്ടെത്തി. തത്ഫലമായി ചീഫ് എൻജിനീയറിൽ നിന്ന് ടെണ്ടറിനുള്ള അംഗീകാരം ഫേം പിരിയഡ് അവസാനിച്ചതിന് ശേഷം 2014 മാർച്ച് 3-നു മാത്രമാണ് സൂപ്രണ്ടിങ് എൻജിനീയർക്ക് ലഭിച്ചത്. പക്ഷേ, ഏറ്റവും താഴ്ന്ന നിരക്കുള്ള ബിഡ്ഡർ ഫേം പീരിയഡ് നീട്ടിക്കൊടുക്കുവാൻ വിസമ്മതിച്ചത് (2014 മാർച്ച്) കാരണം ടെണ്ടർ ഉറപ്പിക്കുവാൻ സാധിച്ചില്ല.

തത്ഫലമായി സൂപ്രണ്ടിംഗ് എൻജിനീയർ പ്രസ്തുത പ്രവൃത്തി റീടെണ്ടർ ചെയ്ത് (2014 ജൂലൈ) പ്രതീക്ഷിത നിരക്കിൽ നിന്ന് 54.50 ശതമാനം അധികരിച്ച് മൻസിൽ കൺസ്ട്രക്ഷൻസിനു നൽകുകയും (2015 ഫെബ്രുവരി) ₹1.81 കോടി ചെലവിൽ പൂർത്തീകരിക്കുകയും ചെയ്തു (2016 ഏപ്രിൽ).

ടെൻഡർ സ്വീകരിച്ചിരിക്കുന്ന വിവരം ചീഫ് എഞ്ചിനീയർ യഥാസമയം അറിയിച്ചിരുന്നെങ്കിൽ പ്രസ്തുത പ്രവൃത്തി പ്രതീക്ഷിത നിരക്കിൽ നിന്നും 12.25 ശതമാനം മാത്രം അധികരിച്ച് നടത്താനും, അതുവഴി ടെണ്ടർ എക്സ്സ് വ്യതിയാനം മൂലമുള്ള ₹0.49 കോടിയുടെ[179] അധികച്ചെലവ് ഒഴിവാക്കുവാനും കഴിയുമായിരുന്നു.

ചീഫ് എഞ്ചിനീയർ തന്റെ മറുപടിയിൽ (2018 ജനുവരി) പിഴവുകൾ സമ്മതിക്കവെ, ജീവനക്കാരുടെ ഭാഗത്തുനിന്നും കത്തിടപാടുകൾ വൈകിപ്പിക്കുവാൻ ബോധപൂർവമായ ശ്രമങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ലെന്നു വ്യക്തമാക്കി. എന്നിരുന്നാലും, ടെണ്ടർ സ്വീകരിക്കുവാൻ വേണ്ടിയുള്ള നിർദ്ദേശം 2013 ഡിസംബർ 31-നു ചീഫ് എൻജിനീയറിന്റെ ഓഫീസിൽ ലഭിച്ചിരുന്നുവെങ്കിലും ഫേം പീരിയഡ് അവസാനിച്ച് 2014 ജനുവരി 29-നു ശേഷം 2014 മാർച്ച് 3-നു മാത്രമേ ടെണ്ടറിന്റെ സ്വീകാര്യത സൂപ്രണ്ടിങ് എൻജിനീയറെ അറിയിച്ചിരുന്നുള്ളൂ എന്ന് ഓഡിറ്റ് കണ്ടു. അങ്ങനെ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതിലുണ്ടായ അശ്രദ്ധ മൂലം സർക്കാർ ഖജനാവിന് ₹0.49 കോടിയുടെ ഒഴിവാക്കാമായിരുന്ന അധിക

[179] ₹1.81 കോടി - ₹1.32 കോടി = ₹0.49 കോടി (സ്വീകാര്യമായ ഏറ്റവും താഴ്ന്ന നിരക്കുകൾ തമ്മിലുള്ള വ്യത്യാസം)

ചെലവ് ഉണ്ടായതിന്റെ ഉത്തരവാദിത്തം ഉറപ്പിക്കേണ്ടതുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

അങ്ങനെ മുകളിൽ പറഞ്ഞ രണ്ടു ദൃഷ്ടാന്തങ്ങളിലും ഫേം പീരിയഡിനുള്ളിൽ തന്നെ ടെണ്ടർ നടപടിക്രമങ്ങളുടെ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിൽ സെൻട്രൽ സർക്കിൾ, തൃശ്ശൂർ, നോർത്ത് സർക്കിൾ കോഴിക്കോട് എന്നിവിടങ്ങളിലെ സൂപ്രണ്ടിങ്ങ് എഞ്ചിനീയർമാർ, ചീഫ് എഞ്ചിനീയർ എന്നിവർക്കുണ്ടായ പരാജയം, ₹1.53 കോടിയുടെ നഷ്ടത്തിനിടയാക്കി. സമാനമായ സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ വകുപ്പ് ആന്തരിക നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്.

മേൽ വിവരിച്ച വസ്തുതകൾ പ്രിൻസിപ്പൽ സെക്രട്ടറി പൊതുമരാമത്തുവകുപ്പിനെ അറിയിച്ചിരുന്നെങ്കിലും (2017 ഒക്ടോബർ) ഓർമ്മക്കത്തുകൾക്കു ശേഷവും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല (2018 ഫെബ്രുവരി).

**(എസ്. സുനിൽ രാജ്)**

**തിരുവനന്തപുരം,** **അക്കൗണ്ടന്റ് ജനറൽ**

**(ജനറൽ ആന്റ് സോഷ്യൽ സെക്ടർ ഓഡിറ്റ്), കേരള**

**മേലൊപ്പിട്ടത്**

**ന്യൂഡൽഹി,** **(രാജീവ് മഹർഷി)**

**കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ**